


# കനീസിയൻ ക്വിസ് പഠന സഹായി

(സീരീസ് -1)

ഫാ. ജോസ് ചുങ്കൻ സി.എം.ഐ.

Scanned with CamScanner



ദൈവദാസൻ ഫാ. കനീസിയൂസ്

ക്രി.വ. 1914–1998

(കൊ.വ. 1089 – 1173)

Scanned with CamScanner

# കനീസിയൻ ക്വിസ് പഠനസഹായി

(സീരീസ് - 1)

<u>*റഫറൻസ് ഗ്രന്ഥങ്ങൾ :*</u>

***കനീസിയൂസച്ചനും കർമ്മലീത്താ സഭയും – ഫാ. ജോസ് ചുങ്കൻ സി.എം.ഐ.***

***ദൈവദാസൻ കനീസിയൂസച്ചന്റെ നേർമൊഴികൾ –*** ( ടി )

ഫാ. ജോസ് ചുങ്കൻ സി.എം.ഐ.

Scanned with CamScanner

Malayalam
CANISIAN QUIZ PADANASAHAYI

Cover Design
David, Smriti Design

First Published
October - 2015

Printed At.
All Saints Offset Press, Pullur

Price: 50/-

Scanned with CamScanner

# ഉള്ളടക്കം

| | | |
|---|---|---|
| 1. | അവതാരിക | 7 |
| 2. | മുഖവുര | 9 |
| 3. | കനീസിയൂസച്ചന്റെ കുടുംബപശ്ചാത്തലവും ജീവിതവും | 11 |
| 4. | കനീസിയൂസച്ചന്റെ സാന്നിദ്ധ്യം കത്തോലിക്കാ സഭയിൽ | 15 |
| 5. | കനീസിയൂസച്ചൻ പരിശീലന വഴിയിൽ | 28 |
| 6. | കനീസിയൂസച്ചൻ പ്രാർത്ഥനയുടെ മനുഷ്യൻ | 37 |
| 7. | കനീസിയൂസച്ചൻ അംഗമായ സന്യാസസഭ | 43 |
| 8. | കർമ്മലീത്തരുടെ പൊതുചരിത്രം | 56 |
| 9. | കനീസിയൂസച്ചൻ സേവനപാതയിൽ | 59 |
| 10 | രോഗവും സഹനവും കനീസിയൂസച്ചനും | 66 |
| 11. | കനീസിയൂസച്ചന്റെ സന്ദേശങ്ങൾ | 74 |
| 12. | അനുബന്ധം | 85 |

Scanned with CamScanner



അമ്പഴക്കാട് (കോട്ടയ്ക്കൽ) വി. അമ്മത്രേസ്യയുടെ
ആശ്രമദേവാലയത്തിൽ ദൈവദാസൻ
കനീസിയൂസ് തെക്കേക്കര സി.എം.ഐ. അച്ചന്റെ കബറിടം

Scanned with CamScanner

# അവതാരിക

## വിശുദ്ധിയുടെ പരിമളം പരത്തുന്ന ജീവിതം



**ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ**
**പ്രൊവിൻഷ്യാൾ, ദേവമാത, തൃശൂർ**

ജീവിച്ചിരുന്നപ്പോഴും മരണശേഷവും 'ജീവിക്കുന്ന വിശുദ്ധൻ' (The living Saint) എന്ന അപരനാമത്തിന് അർഹത നേടിയവനാണ് ദൈവദാസൻ കനീസിയൂസച്ചൻ. അദ്ദേഹത്തെക്കുറിച്ച്, സി.എം.ഐ. സഭയുടെയും സഭാസ്ഥാപനങ്ങളുടെയും ഈടുവെയ്പ്പിലുള്ള ഏറ്റവും ആദ്യത്തെ രേഖ, എൽത്തുരുത്ത് സെന്റ് അലോഷ്യസ് സ്കൂളിൽ നിന്നാണ് ലഭിക്കുക. അഡ്മിഷൻ രജി. (1539 - 2862)ൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ചുരുക്കം ഇതാണ് : പറപ്പൂക്കര L.S.S. സ്കൂളിൽ നിന്ന് ആനന്ദപുരം സ്വദേശിയായ ലോനപ്പന്റെ (കൃഷി) മകൻ പി.എൽ. ഔസേപ്പ് 23-10-02 ൽ (06-06-1927), F-Iൽ (അഞ്ചാം ക്ലാസ്സ്) ചേർന്നു. (അഡ്. നമ്പ്ര് 2060)... F-III (ഏഴാം ക്ലാസ്സ്) പാസ്സായി 1930 ൽ T.C. വാങ്ങി.

അദ്ദേഹവുമായി ബന്ധപ്പെട്ട സമീപകാലത്തെ ഏറ്റവും പ്രധാനപ്പെട്ട പരാമർശം കാണുന്നത് അമ്പഴക്കാട്, കോട്ടയ്ക്കൽ, ആശ്രമത്തിന്റെ നാളാഗമ (Chronicle) ത്തിലാണ്. 2012 ഫെബ്രുവരി മുതലുള്ള വാല്യം, പേജ് 79, തിയ്യതി 29-03-2014 ൽ **ചരിത്രമുഹൂർത്തം** എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ചുരുക്കം ഇതാണ്. "... മാർ പോളി കണ്ണൂക്കാടൻ പിതാവ് കനീസിയൂസച്ചനെ ദൈവദാസനായി പ്രഖ്യാപിച്ചു. നാമകരണ നടപടികൾക്കുള്ള വിവിധ കമ്മീഷൻ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു...." ഈ കാലയളവിനകത്തുള്ള അദ്ദേഹത്തിന്റെ ഇഹ-പരലോകങ്ങളിലെ ജീവിതം മനസ്സിലാക്കിക്കൊണ്ടാണ് 'ജീവിക്കുന്ന വിശുദ്ധൻ' എന്ന വിളിച്ചുചൊല്ലൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നത്.

അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർക്ക് ആ ജിവിതത്തിന്റെ മുതൽക്കൂട്ടായ വിശുദ്ധിയും അതിന്റെ പരിമളവും നേരിട്ട് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. എനിക്കുണ്ടായ ഒരു അനുഭവം കുറിക്കട്ടെ. അമല ആശുപത്രിയിൽ ഞാൻ സേവനം ചെയ്തുകൊണ്ടിരിക്കെ, അവിടെ



Scanned with CamScanner

രോഗിയായി കിടന്നിരുന്ന കനീസിയൂസച്ചനെ സന്ദർശിക്കാൻ ഇട യ്ക്കിടെ ചെല്ലുമായിരുന്നു. അപ്പോഴെല്ലാം അദ്ദേഹത്തിന്റെ അധരങ്ങ ളിൽ നിന്ന് പുറത്തു വന്നിരുന്ന പ്രാർത്ഥനയുടെ സ്വരം ശ്രവിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അതിനേക്കാൾ എന്നെ ആകർഷിച്ചത്, വേദനകൊണ്ട് ഞെരിപിരികൊള്ളുന്ന സന്ദർഭങ്ങളിലും 'അവിടുത്തെ ഇഷ്ടം നിറവേറട്ടെ' എന്ന് വലിയ സംതൃപ്തിയോടെ പറഞ്ഞിരുന്നതാ ണ്. വിശുദ്ധ ജീവിതത്തിൽ സ്ഥിരമായി നിലനിൽക്കുന്ന ഒരാൾക്കേ ഇങ്ങനെ പറയാൻ കഴിയുകയുള്ളൂ എന്നാണ് എന്റെ വിശ്വാസം.

ദൈവേഷ്ടം... അതുമാത്രം... അതുമുഴുവൻ... തന്റെ ജീവിതത്തിന്റെ ഏകജ്വരവും സംതൃപ്തിയും സമാശ്വാസവുമായി ദർശിക്കാൻ കഴിഞ്ഞ ഒരാളായിരുന്നല്ലോ അദ്ദേഹം. ആ ജീവിതം നമുക്കെല്ലാം അനുകര ണാർഹമാണെന്നതിന് പക്ഷാന്തരമില്ല. ഏറ്റവും എളിമയോടെ, ദൈവ ഹിതം മാത്രം മാനദണ്ഡമായി സ്വീകരിച്ച്, ഉന്നതമായ പല ഉത്തരവാ ദിത്വങ്ങളും ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. എങ്കിലും ദൈവം കൂടെയുള്ള ഒരു ആത്മീയാചാര്യനായി അദ്ദേഹത്തെ സ്മരിക്കാനാണ് കൂടുതൽ പേർക്കും താല്പര്യം.

ആത്മീയത നിറഞ്ഞൊഴുകിയ ആ ജിവിത നദിയെ അടുത്തറി യാൻ സഹായകമായ ഒരു ചെറുതോണിയാണ് ഈ ഗ്രന്ഥം. FACS (Forum for Appraisement of Canisian studies) ന്റെയും ദേവമാത പാസ്റ്ററൽ & മിഷൻ ഡിപ്പാർട്ട്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, ബ. ജോസ് ചുങ്കൻ സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ, **കനീസിയൻ ക്വിസ്** എന്ന കാലിക പ്രസക്തിയുള്ള ഒരു പരിപാടി അവതരിപ്പിക്കാൻ തയ്യാറെടുത്തുവരികയാണ്. പങ്കെടുക്കുന്നവർക്ക് സഹായകമാണ്, കനീ സിയൻ ക്വിസ് പഠന സഹായി (സീരീസ്-1) എന്ന ഈ പുസ്തകം. ഗ്രന്ഥകാരന് നൂറുനൂറ് അനുമോദനങ്ങൾ...

വായനക്കാരുടെ മനസ്സിൽ പെട്ടെന്ന് പതിയുംമട്ടിൽ 501 ചോദ്യോ ത്തരങ്ങളിലൂടെ കനീസിയൂസച്ചന്റെ ജീവിതവും വ്യക്തിത്വവും ഇതിൽ വ്യക്തമായി ആവിഷ്കരിച്ചിരിക്കുന്നു. ബ.വൈദികർക്കും, സന്യസ്തർ ക്കും മാത്രമല്ല, നമുക്കേവർക്കും ഈ പഠനസഹായി, ജീവിത സഹാ യിയും സന്തത സഖിയുമായിത്തീരട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ബ. ചുങ്കൻ അച്ചനോടൊപ്പം ഈ സംരംഭത്തിന്റെ മുന്നണിയിലും പിന്ന ണിയിലും പ്രവർത്തിക്കുന്ന എല്ലാവർക്കു നന്ദി രേഖപ്പെടുത്തുകയും നിറസന്തോഷത്തോടെ ഈ പുസ്തകം അവതരിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

*****

Scanned with CamScanner

# മുഖവുര



കിസ് എന്ന ശക്തമായ മാധ്യമത്തിലൂടെ ദൈവദാസൻ കനീസിയൂസ് അച്ചനെ അടുത്ത് അറിയാനും അറിയിക്കാനും, പണ്ഡിതനും പുണ്യപുരുഷനുമായ അദ്ദേഹത്തിന്റെ പഠനങ്ങളെയും സന്ദേശങ്ങളെയും മൂല്യനിർണ്ണയം ചെയ്ത് അവതരിപ്പിക്കാനുമുള്ള ഒരു പരിശ്രമമാണ് ***കനീസിയൻ കിസ്.***

പഠിതാക്കളെ സഹായിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്നതാണ് ***കനീസിയൻ കിസ് പഠനസഹായി (സീരീസ് -1 )***

- കനീസിയൻ സംസ്കൃതിയേയും അനുബന്ധ ചരിത്രസംഭവങ്ങളെയും ആധാരമാക്കിയുള്ള ചോദ്യോത്തരങ്ങൾ...
- ദൈവദാസൻ കനീസിയൂസച്ചന്റെ ജീവിത സാഹചര്യങ്ങളിലേയ്ക്കും ദിവ്യമായ വ്യക്തിത്വത്തിലേയ്ക്കും തിരുവചനാധിഷ്ഠിത ദർശനങ്ങളിലേയ്ക്കും ലാളിത്യമാർന്ന സേവന ശുശ്രൂഷകളിലേയ്ക്കും സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യത്തിലേയ്ക്കും സൂചനകൾ നൽകുന്ന നിലാവിന്റെ നുറുങ്ങുകൾ...
- ദൈവദാസനിലെ വ്യക്തിയെയും വ്യക്തിത്വ പ്രകാശമാനങ്ങളെയും ഗൗരവബുദ്ധ്യാ പഠിക്കുന്ന ജിജ്ഞാസുക്കൾ കണ്ടെത്തുന്ന മധുകണങ്ങൾ...
- ആദ്ധ്യാത്മിക ജീവിത യാത്രികർക്ക് അയത്ന ലളിതവും അഭിനവവും സുരക്ഷിതവുമായ യാത്രാപഥങ്ങൾ...

ഈ പഠന സഹായിയുടെ രചനയിൽ സഹായ ഹസ്തവുമായി ഔദാര്യപൂർവ്വം മുന്നോട്ടു വന്ന ഇരിങ്ങാലക്കുടയിലെ എന്റെ സ്നേഹ ബഹു. സിസ്റ്റേഴ്സിനും; ഡി.ടി.പി. ജോലികൾ കൃത്യതയോടെ നിർവ്വഹിച്ച മിസ് റോസി പി.പി.യ്ക്കും (ആൾ സെയിന്റ്സ്, പുല്ലൂർ, ഇരിങ്ങാലക്കുട) കവർ ചിത്രം തയ്യാറാക്കിയ ഡേവിഡിനും (സ്മൃതി ഡിസൈൻ, തൃശൂർ) എല്ലാ ഗുണകാംക്ഷികൾക്കും പ്രത്യേകം നന്ദി.



Scanned with CamScanner

ഈ സംരംഭത്തിന് ഔദ്യോഗിക അനുവാദവും അർത്ഥവത്താ അവതാരികയും നൽകിയ തൃശൂർ ദേവമാതാ പ്രൊവിൻഷ്യാൾ ബ.വാൾട്ടർ തേലപ്പിള്ളി അച്ചനും, എനിക്ക് നിർലോപമാ പ്രോത്സാഹനം നൽകിയ പാസ്റ്ററൽ & മിഷൻ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയും വികർ പ്രൊവിൻഷ്യാളുമായ ബ. തോമസ് ചക്ക ലമറ്റത്തച്ചനും കൃതജ്ഞത.

അനുവാചകരായ നിങ്ങൾ പഠിതാക്കളായി മാറുമ്പോൾ തീർച്ച യായും, *കനീസിയൻ ക്വിസ് പഠനസഹായി (സീരീസ് -1 )* ശക്ത മായ സഹായിയാകും. ദൈവദാസൻ കനീസിയൂസച്ചന്റെ സഹായം നമുക്ക് ഏവർക്കും പ്രാർത്ഥിക്കുന്നു.

*വായിക്കുക - പഠിക്കുക - പരീക്ഷകളിൽ വിജയം നേടുക!*

പഠനഫലവും വിജയഫലവും സ്വജീവിതത്തിന്റെ വഴിത്താരയാ ക്കാൻ പരിശ്രമിയ്ക്കുക!!

വിജയാശംസകളോടെ,
ഫാ. ജോസ് ചുങ്കൻ സി.എം.ഐ.
ഗലീലി, ചിയ്യാരം, തൃശ്ശൂർ

---

ഗ്രന്ഥകാരന്റെ കൃതികൾ :

*സന്യാസ സമുദ്ഗ്രഥനം*
*കനീസിയൂസച്ചനും കർമ്മലീത്താസഭയും*
*ഗൃഹസഖി (എഡിറ്റർ)*
*ജീവിക്കുന്ന വിശുദ്ധൻ : ഫാ. കനീസിയൂസ്*
*ദൈവദാസൻ കനീസിയൂസച്ചന്റെ നേർമൊഴികൾ*
*പരി. മാതാവിന്റെ 22 പ്രത്യക്ഷീകരണങ്ങൾ*



Scanned with CamScanner

# 1

## കനീസിയൂസച്ചന്റെ കുടുംബപശ്ചാത്തലവും ജീവിതവും

01. കനീസിയൂസച്ചന്റെ ജന്മസ്ഥലം എവിടെ?
**ഉ. തൃശ്ശൂർ ജില്ല-മുകുന്ദപുരം താലൂക്ക് - ആനന്ദപുരം വില്ലേജ്.**

02. കനീസിയൂസച്ചന്റെ ഭാഗ്യമാതാപിതാക്കൾ ആരെല്ലാം ?
**ഉ. തെക്കേക്കര പൊതപറമ്പിൽ ലോനപ്പൻ, കണ്ണേത്ത് തറവാട്ടിലെ മറിയം.**

03. കനീസിയൂസച്ചന്റെ ജനനം എന്ന് ?
**ഉ. 1914 മെയ് 12.**

04. കനീസിയൂസച്ചന്റെ തലതൊട്ടപ്പനും തലതൊട്ടമ്മയും ആരെല്ലാം ?
**ഉ. തെക്കേക്കര പൊതപറമ്പിൽ ഇട്ടൂപ്പ് കുഞ്ഞുവറീത്, കുഞ്ഞുവറീതിന്റെ സഹോദരി റോസ.**

05. കനീസിയൂസച്ചന്റെ മാമ്മോദീസാ പേരെന്ത് ?
**ഉ. ഔസേപ്പ്.**

06. കനീസിയൂസച്ചന്റെ ജീവിതകാലഘട്ടം ഏത് ?
**ഉ. 1914 മുതൽ 1998 വരെ.**

07. കനീസിയൂസച്ചന്റെ ജന്മഗൃഹത്തിന്റെ ഇപ്പോഴത്തെ നാമം എന്ത്?
**ഉ. കനീസിയം.**

08. കനീസിയൂസച്ചന് എത്ര സഹോദരീസഹോദരങ്ങൾ ഉണ്ടായിരുന്നു?
**ഉ. ആറ്.**



Scanned with CamScanner

09. കനീസിയൂസച്ചന്റെ അപ്പൻ ലോനപ്പന്റെ അഞ്ച് സ്വഭാവ സവിശേഷതകളായി ആനന്ദപുരത്തുകാർ പറഞ്ഞിരുന്നവ ഏവ?

**ഉ. ദൈവഭക്തൻ, മാന്യൻ, സത്യസന്ധൻ, കഠിനാദ്ധ്വാനി, നീതിമാൻ.**

10. കനീസിയൂസച്ചന്റെ അമ്മ മറിയത്തിന്റെ മൂന്ന് സ്വഭാവ സവിശേഷതകളായി ആനന്ദപുരത്തുകാർ പറഞ്ഞിരുന്നവ ഏവ?

**ഉ. ദൈവമാതാവിനോടും വിശുദ്ധ യൗസേപ്പിതാവിനോടും പ്രത്യേക ഭക്തി, ഈശോയുടെ നേരെ സവിശേഷമായ സ്നേഹവും ആരാധനയും, ഔദാര്യമനസ്സ്.**

11. കനീസിയൂസച്ചന്റെ സ്വന്തം വാക്കുകളിൽ, കർത്താവ് അദ്ദേഹത്തിനു നൽകിയ ദാനങ്ങളിൽ ഏറ്റവും പ്രധാനമായതെന്താണ്?

**ഉ. 'എന്റെ അപ്പനും അമ്മയുമാണ്'.**

12. കനീസിയൂസച്ചന്റെ അമ്മ അഭ്യസിപ്പിച്ച പ്രാർത്ഥന ഏത്?

**ഉ. ഈശോ പ്രാർത്ഥന.**

13. കനീസിയൂസച്ചനെ 'കർമ്മയോഗി' എന്ന് വിളിക്കുന്നത് ഏത് അർത്ഥത്തിൽ?

**ഉ. എല്ലാ കർമ്മങ്ങളും ദൈവത്തിനും മനുഷ്യർക്കുമുള്ള അർപ്പണമായി ചെയ്യുന്ന മനുഷ്യനാണ് കർമ്മയോഗി. കനീസിയൂസച്ചനും അങ്ങനെയാണ് ചെയ്തിരുന്നത്.**

14. ചെറുതോ വലുതോ ആയ സഹായം ചെയ്തുകൊടുത്ത് പരിചാരകർ മാറുമ്പോൾ കനീസിയൂസച്ചൻ നീട്ടിപറഞ്ഞിരുന്ന വാക്കുകൾ എന്തായിരുന്നു?

**ഉ. വളരെ.......ഉപകാരം...........**

15. കനീസിയൂസച്ചന്റെ അമ്മയുടെ സഹോദര(മാതുലൻ) ന്റെ പേര് എന്ത്? വീട് എവിടെ ?

**ഉ. ദേവസ്സി, പഴൂക്കര (അമ്പഴക്കാട്)**



Scanned with CamScanner

16. സി.എസ്.ആർ-ൽ നിന്നുള്ള സ്ഥലമാറ്റത്തെക്കുറിച്ച് ആലോചിച്ചപ്പോൾ നൽകിയ ഉത്തരം എന്തായിരുന്നു?
**ഉ. അന്ത്യനാളുകൾ കഴിക്കാനുള്ളിടത്തേക്ക് വീഴ്ചയാകും മുമ്പ് ഇവിടെ നിന്നും പോകണം. എന്തായാലും എടുത്തുകൊണ്ടുപോകുന്ന അവസ്ഥയോളം എത്തരുത്.**

17. സി.എസ്.ആർ-ൽ നിന്നുള്ള സ്ഥലമാറ്റദിവസം, ഒരുങ്ങി വണ്ടിയും കാത്ത് വിഷമിച്ചപ്പോൾ, കുറച്ച് സമയം കിടന്നാലോ എന്ന് പരിചാരകർ പറഞ്ഞപ്പോൾ കനീസിയൂസച്ചൻ നൽകിയ പ്രത്യുത്തരം എന്ത്?
**ഉ. ഇല്ല. എന്റെ സമയം കഴിഞ്ഞു. ഇനി എനിക്ക് ഇവിടെ കിടപ്പില്ല.**

18. സാക്ഷാത്ക്കാരയുടെ ജീവനെന്നും പുണ്യാളച്ചനെന്നും പൊതുജനം വിളിച്ചുവന്ന കനീസിയൂസച്ചൻ സാക്ഷാത്ക്കാരയോട് യാത്രാമൊഴി ചൊല്ലിയതെന്ന്?
**ഉ. 1996 ഏപ്രിൽ 9 ന്.**

19. അമല ആശുപത്രിയിൽ അന്ത്യനിമിഷങ്ങളിൽ കനീസിയൂസച്ചനെ പരിചരിച്ച ദീനശുശ്രൂഷി ആരായിരുന്നു?
**ഉ. ദേവസ്സിച്ചേട്ടൻ.**

20. അമ്പഴക്കാട് ആശ്രമദേവാലയത്തിലെ കല്ലറകളിൽ എത്രാമത്തെ സഭാംഗമായിട്ടാണ് കനീസിയൂസച്ചൻ കബറടക്കപ്പെട്ടത്?
**ഉ. മുപ്പതാമത്തെ.**

21. കനീസിയൂസച്ചൻ അവസാനമായി വാഴ്വ് കൊടുത്തത് ആർക്ക്?
**ഉ. ഫാ. ജോൺ തറയിൽ സി.എം.ഐ.**

22. കർമ്മലീത്താ സന്യാസസഭയിലെ പ്രകാശഗോപുരവും സാക്ഷാത്ക്കാരയിലെ തിരുസന്നിധിയിലെ ആത്മീയതേജസ്സും അമ്പഴക്കാട് ആശ്രമത്തിലെ വല്യച്ചനും വിശുദ്ധനുമായ കനീസിയൂസച്ചൻ പ്രകാശത്തിന്റെ നാട്ടിലെ സുവർണനക്ഷത്രമായി പ്രശോഭിച്ചത് എന്ന്?
**ഉ. 1998 ജനുവരി 29, വെളുപ്പിന് 5.45ന്.**



Scanned with CamScanner

23. പരിയാരം സി.എസ്.ആർ-ൽ കനീസിയൂസച്ചന്റെ കുമ്പ സാരക്കാരനായിരുന്ന പ്രിയോർ ജനറാൾ ആര് ?

**ഉ. ബഹു. തോമസ് ഐക്കരയച്ചൻ.**

24. ഒരു പിതാവിന് മക്കൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം എന്താണെന്നാണ് സുപ്രസി ദ്ധനായ തെയഡോർ ഹോസ്ബർഗ്ഗിന്റെ വാക്യം ഉദ്ധരി ച്ചുകൊണ്ട് കനീസിയൂസച്ചൻ എഴുതിയിരിക്കുന്നത് ?

**ഉ. പിതാവിന് മക്കൾക്ക് കൊടുക്കുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം, അവരുടെ അമ്മയെ പിതാവ് സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊടുക്കുന്നതാണ്.**

25. തന്റെ തറവാട്ടംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും മുഖമുദ്ര എന്തായിരിക്കാനാണ് കനീസിയൂസച്ചൻ അഭി ലഷിക്കുന്നത്?

**ഉ. എവിടെയും എപ്പോഴും മറ്റുള്ളവരുടെ ഉപരിനന്മയ്ക്ക് മുൻഗണന നൽകുന്ന പരോന്മുഖത എന്ന ശീലം ഓരോ അംഗത്തിന്റെയും മുഖമുദ്രയായിരിക്കണം.**

26. കനീസിയൂസച്ചനെ ദൈവദാസനായി പ്രഖ്യാപിച്ച മെത്രാൻ ആര് ?

**ഉ. മാർ പോളി കണ്ണൂക്കാടൻ (ഇരിങ്ങാലക്കുട രൂപതാ മെത്രാൻ)**

27. കനീസിയൂസച്ചന്റെ നാമകരണ നടപടികളുടെ പ്രഥമ പോസ്റ്റുലേറ്റർ ആര്?

**ഉ. ഫാ.ഡോ. ചെറിയാൻ തുണ്ടുപറമ്പിൽ സി.എം.ഐ.**

28. കനീസിയൂസച്ചന്റെ നാമകരണ നടപടികൾ ഔദ്യോഗി കമായി ആരംഭിച്ചത് എന്ന്?

**ഉ. 2014 മാർച്ച് 29.**

29. കനീസിയൂസച്ചന്റെ രണ്ട് സഹോദരിമാരിൽ ഒരാൾ എഫ്. സി.സി. സഭാംഗമാണ്. ആ സിസ്റ്ററിന്റെ വീട്ടിലെ പേര് എന്ത്? സഭയിലെ പേര് എന്ത് ?

**ഉ. റോസ. സി.സർസീല.**



Scanned with CamScanner

## 2

## കനീസിയൂസച്ചന്റെ സാന്നിദ്ധ്യം കത്തോലിക്കാ സഭയിൽ

30. സി.എം.ഐ. പ്രിയോർ ജനറാളായിരുന്ന ഐക്കരയച്ചൻ പുണ്യശ്ലോകനായ കനീസിയൂസച്ചനിൽ വിളങ്ങിയിരുന്ന നന്മയുടെ പ്രകാശനമായി കണ്ടത് എന്താണ്?

**ഉ. സഭാംഗങ്ങൾ ഓരോരുത്തരെയും മനസ്സിലാക്കി അവരെ വളർത്തിവലുതാക്കാൻ വേണ്ട പ്രോത്സാഹനവും പരിഗണനയും നൽകുന്ന നന്മ.**

31. കനീസിയൂസച്ചനെക്കുറിച്ച് നാട്ടുകാരനായ ബ.പോൾ ഇളംകുന്നപ്പുഴ അച്ചൻ പറഞ്ഞതെന്ത്?

**ഉ. വിനയം, ലാളിത്യം, വിശ്വാസം, വിശുദ്ധി ഈ നാലു ഗുണങ്ങളിൽ ഉയർന്നുനിൽക്കുന്ന ഒരു പ്രകാശഗോപുരമാണ് കനീസിയൂസച്ചൻ.**

32. ഫാ. തോമസ് ഐക്കര എടുത്തുപറയുന്ന കനീസിയൂസച്ചന്റെ ഗുണങ്ങൾ എന്തെല്ലാം?

**ഉ. നിറഞ്ഞുനിന്ന സുഗന്ധമുള്ള വിശുദ്ധി, ചർച്ചകളോടുള്ള രചനാത്മകസഹകരണം, സത്യസന്ധമായ എളിമ, സഹായിയായി വർത്തിക്കാനുള്ള സേവനമനോഭാവം.**

33. പെയിന്റിങ്ങ് കലാകാരന്മാർ ഉപയോഗിക്കുന്ന ഒരു ഉപകരണത്തോട് സാമ്യപ്പെടുത്തി വാർദ്ധക്യത്തിൽ കനീസിയൂസച്ചൻ തന്നെത്തന്നെ വിശേഷിപ്പിക്കുന്നുണ്ട്. എന്താണ് ആ പ്രയോഗം ?

**ഉ. ഉപയോഗമറ്റ് വലിച്ചെറിയപ്പെട്ട ഒരു ബ്രഷ് (06-04-1978 ൽ തയ്യാറാക്കിയ കത്തിൽ).**



Scanned with CamScanner

34. കനീസിയൂസച്ചന്റെ ടൈപ്പിസ്റ്റായിരുന്ന ജോസ് ചിറ്റി പ്പിള്ളി, വികാർ ജനറാൾ സ്ഥാനത്തുനിന്ന് വിരമിച്ച കനീ സിയൂസച്ചനെക്കുറിച്ച് യാത്രയയപ്പ് സമ്മേളനത്തിൽ സ്വർഗ്ഗവുമായി ബന്ധപ്പെടുത്തി പ്രസംഗിച്ചത് എന്താണ്?

ഉ. നാമെല്ലാം മരിച്ചാലല്ലേ സ്വർഗ്ഗത്തിൽ പോകു: സ്വർഗ്ഗ ത്തിലാണെങ്കിൽ ദൈവത്തോടും വിശുദ്ധരോടുമൊപ്പം കഴിയാം. അതല്ലെ നമ്മുടെ വിശ്വാസം.... പക്ഷെ പത്തോളം വർഷങ്ങളായി ഞാൻ സ്വർഗ്ഗത്തിലായിരു ന്നു.....കനീസിയൂസച്ചന്റെ മുറിയിൽ.

35. കനീസിയൂസച്ചൻ 'ഷൈൻ കുമാർ' അല്ല 'ഷൈ കുമാർ' ആണെന്ന് അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?

ഉ. പുറത്തറിയപ്പെടാൻ ആഗ്രഹിക്കാത്ത ഒരു വ്യക്തി ത്വത്തിന്റെ ഉടമയായതിനാൽ.

36. കനീസിയൂസച്ചന്റെ സംസാരം എങ്ങനെയായിരുന്നു?

ഉ. മിതഭാഷിത്തമായിരുന്നു.

37. സംസാരിക്കുമ്പോൾ കനീസിയൂസച്ചൻ സാമാന്യമായി ശ്രദ്ധിച്ചിരുന്നത് എന്തായിരുന്നു.

ഉ.നല്ലതേ പറയൂ; നല്ലതല്ലാത്തതുണ്ടെങ്കിൽ പറയുകയില്ല

38. കനീസിയൂസച്ചനോട് സംസാരിക്കുമ്പോൾ ബ സിൽവസ്റ്റർ അച്ചന് തോന്നിയിരുന്നത് എന്ത്?

ഉ. ദൈവത്തിന്റെ ഒരു മനുഷ്യനോട് സംസാരിക്കുന്നു എന്ന്.

39. കലാകാരനായ കനീസിയൂസച്ചൻ ചിത്രങ്ങൾ വരച്ചിരു ന്നത് സാമാന്യമായി ഏത് ശൈലിയിലായിരുന്നു?

ഉ. മോഡേൺ ആർട്ട് – രണ്ടോ മൂന്നോ വരകൾ കൊണ്ട് ഒരു മുഖം വരയ്ക്കുമായിരുന്നു.



Scanned with CamScanner

40. 'കനീസിയൂസച്ചനും കർമ്മലീത്താ സഭയും' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആർ?

ഉ. ഫാ. ജോസ് ചുങ്കൻ സി.എം.ഐ.

41. കനീസിയൂസച്ചന്റെ ആത്മീയതയെ വ്യക്തമാക്കാൻ 'കനീസിയൂസച്ചനും കർമ്മലീത്താ സഭയും' എന്ന കൃതിയുടെ കർത്താവ് പ്രയോഗിച്ച പദം ഏത് ?

ഉ. കെടാവിളക്ക്.

42. കണ്ടുമുട്ടുന്നവർക്ക് കനീസിയൂസച്ചൻ എന്തിന്റെ അടയാളമായിരുന്നു?

ഉ. ദൈവികസാന്നിധ്യത്തിന്റെ.

43. കനീസിയൂസച്ചൻ വളർത്തിയെടുക്കാൻ ശ്രമിച്ച സംസ്കാരം എന്തായിരുന്നു?

ഉ. വചനാധിഷ്ഠിത സംസ്കാരം.

44. കനീസിയൂസച്ചന്റെ നാവിൻ തുമ്പത്ത് ഉണ്ടാകാതിരുന്ന 'തീ' ഏതെന്നാണ് ജീവചരിത്രകാരൻ പറയുന്നത്?

ഉ. പരാതി.

45. ആശുപത്രിയിൽ സന്ദർശകർ കൊണ്ടുവരുന്ന ആപ്പിളുകളും മറ്റും കഴിക്കാതെയും ആർക്കും നൽകാതെയും കനീസിയൂസച്ചൻ കാത്തുവച്ചിരുന്നത് എന്തു കൊണ്ടാണ്?

**ഉ. ഇങ്ങനെയുള്ള സമ്മാനങ്ങൾ ആദ്യം സുപ്പീരിയറച്ചനെ കാണിക്കണം. അതിനുശേഷം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമേ എന്തെങ്കിലും ചെയ്യാവൂ എന്ന് അക്കാലത്ത് സഭാ കീഴ്‌വഴക്കം നിലനിന്നിരുന്നതുകൊണ്ട്.**

46. കനീസിയൂസച്ചന്റെ മരണപത്രത്തിൽ ഭൗതികവസ്തുക്കളെക്കുറിച്ച് പറയുന്നതെന്ത്?

**ഉ. ഞാൻ ധരിക്കുന്ന ഉടുപ്പ് മുതൽ എന്റെ മേശപ്പുറത്തിരിക്കുന്ന വിലപിടിച്ച വിശിഷ്ടഗ്രന്ഥങ്ങൾ വരെ എല്ലാം എന്റെ സമൂഹത്തിന്റേതാണ്.**



Scanned with CamScanner

47. പ്രാർത്ഥനയിലൂടെ രോഗശാന്തി ലഭിച്ച കനീസിയൂസ ച്ചന്റെ കുടുംബാംഗങ്ങൾ ആരെല്ലാം?

ഉ. സഹോദരപുത്രൻ പൈലൻ, സഹോദരപുത്രി ത്രേസ്യ.

48. കനീസിയൂസച്ചന്റെ ചരമപ്രസംഗത്തിൽ അനുസ്മരിച്ച ഗുണങ്ങൾ ഏതെല്ലാം?

**ഉ. കർമ്മലസഭാസ്നേഹം, നിഷ്കളങ്കത, അഗാധമായ പാണ്ഡിത്യം, ആത്മാർത്ഥമായ എളിമ, പ്രാർത്ഥനാജീവിതം.**

49. അനേകരെ പിതാവിന്റെ കരവലയത്തിൽ സുരക്ഷിതരായി എത്തിക്കുവാൻ കനീസിയൂസച്ചനെ സഹായിച്ചത് എന്തെല്ലാം ?

**ഉ. ദൈവവചനാധിഷ്ഠിതമായ ജീവിതശൈലിയും യേശുവിനെ അനുകരിച്ചുള്ള സ്നേഹാർദ്രമായ പെരുമാറ്റവും.**

50. കഴിഞ്ഞ 70 കളിൽ സി.എം.ഐ. സഭയുടെ നവീകരണ പദ്ധതിയുടെ ജീവാത്മാവും പരമാത്മാവുമായി പ്രവർത്തിച്ച വ്യക്തി ആര് ?

**ഉ. കനീസിയൂസച്ചൻ.**

51. പരി. മാതാവ്, 22-ാം യോഹന്നാൻ മാർപാപ്പ വഴി ഉത്തരീയം ധരിക്കുന്നവർക്ക് നൽകിയ വാഗ്ദാനം എന്ത്?

**ഉ. കൃപാവരങ്ങളുടെ രാജ്ഞിയായ ഞാൻ ശനിയാഴ്ച തോറും ശുദ്ധീകരണസ്ഥലത്ത് ഇറങ്ങിച്ചെന്ന്, ഉത്തരീയം ധരിച്ച് മരിച്ചിട്ടുള്ളവരിൽ ചില വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവരെ മോചിപ്പിക്കും.**

52. ഉത്തരീയഭക്തർക്ക് മാതാവ് നൽകിയ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്ന മാർപാപ്പയുടെ ഡിക്രി ഏത് ?

**ഉ. 22-ാം യോഹന്നാൻ മാർപാപ്പയുടെ 'ബോളെ സാബത്തീന'.**

53. ത്രെന്തോസ് സൂനഹദോസ് ആരംഭിച്ചത് എന്ന്?

**ഉ. 1545 ഡിസംബർ 13.**



Scanned with CamScanner

54. ത്രെന്തോസ് സൂനഹദോസിൽ ചർച്ചചെയ്യപ്പെട്ട പ്രധാന വിഷയം ഏത് ?

**ഉ. നവോത്ഥാനക്കാരുടെ അബദ്ധപഠനങ്ങളെ വെളിവാക്കൽ.**

55. തിരുസഭയിലും സന്യാസസഭകളിലും എതിർസാക്ഷ്യം നൽകുന്ന ദുർമൂർത്തികൾ ആര് ?

**ഉ. സാഹോദര്യത്തിന്റെയോ നീതിയുടെയോ പ്രവൃത്തികൾ ഇല്ലാത്ത അധികാരികൾ.**

56. ദൈവമാതാവിനോടുള്ള ഭക്തിയായി 8 നോമ്പ് ആചരിക്കുന്നവർ?

**ഉ. കേരള ക്രൈസ്തവർ. (സെപ്റ്റംബർ 1 മുതൽ 8 വരെ).**

57. മറിയം എന്ന വാക്കിന്റെ അർത്ഥം ?

**ഉ. ഉയർത്തപ്പെട്ടവൾ.**

58. ഉയർച്ചയുടെ അടിസ്ഥാനമായി പരി. അമ്മ കണ്ടെത്തിയത് എന്ത്?

**ഉ. എളിമ.**

59. 1980 ൽ കനീസിയൂസച്ചനെ ആത്മപിതാവായി സ്വീകരിച്ച കരിസ്മാറ്റിക് പ്രവർത്തകനും മുൻ ഗവണ്മെന്റ് ഉദ്യോഗസ്ഥനുമായിരുന്ന വ്യക്തി ?

**ഉ. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് എന്ന സ്ഥാപനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്ററും സെൻട്രൽ മരയിൻ ഫിഷറീസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസറുമായിരുന്ന ജെയിംസ് എബ്രാഹം.**

60. മൊണ്ടെനിസത്തിന്റെ ഉപജ്ഞാതാവ് ആര് ?

**ഉ. മൊണ്ടാനസ് (Montanus-Asia Minor-2nd Cent.)**

61. വി.ഫ്രാൻസീസ് സേവ്യർ ഗോവയിലെത്തിയത് എന്ന് ?

**ഉ. 1542 മെയ് 3.**



Scanned with CamScanner

62. അമ്പഴക്കാടിനടുത്ത് സ്ഥിതിചെയ്യുന്ന മാരാംകുഴിയുടെ പ്രാധാന്യം എന്ത് ?

ഉ. വി.ഫ്രാൻസീസ് സേവ്യർ കൊടുങ്ങല്ലൂരിൽ നിന്ന് പായ്‌വഞ്ചിയിൽ അവിടെയാണ് വന്നിറങ്ങിയത്.

63. അമ്പഴക്കാട് ഇടവകപള്ളി സ്ഥാപിതമായ വർഷം?

ഉ. എ.ഡി. 300.

64. കൂനംകുരിശ് സത്യത്തിലെ പ്രസിദ്ധമായ വാക്യം ഏത് ?

ഉ. 'ഞങ്ങൾക്ക് സന്തതികളുള്ള കാലത്തോളം സാമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കുകയില്ല'.

65. വി.ജോൺ ബ്രിട്ടോയുടെ അപരനാമം എന്ത്?

ഉ. അരുളാനന്ദസ്വാമി. (വചനത്തിൽ ആനന്ദിക്കുന്നവൻ)

66. തേംബാവനി എന്ന പ്രസിദ്ധമായ തമിഴ് കാവ്യത്തിന്റെ കർത്താവ് ആര്?

ഉ. കോൺസ്റ്റന്റയിൻ ജോസഫ് ബസ്കി.

67. കോൺസ്റ്റന്റയിൻ ബസ്കിയുടെ അപരനാമം എന്ത് ?

ഉ. വീരമാമുനി.

68. അർണോസ്പാതിരിയുടെ യഥാർത്ഥനാമം എന്ത് ?

ഉ. ജോൺ ഏർണസ്റ്റ് ഹാൻസൽഡൻ. (John Ernestus Hanxleden)

69. പഴുവിലിലുള്ള അർണോസ്പാതിരിയുടെ സ്മാരകശിലയിൽ അദ്ദേഹത്തിന്റെ നാമം രേഖപ്പെടുത്തിയിരിക്കുന്നത് എങ്ങനെയാണ് ?

ഉ. Rev. Father Ernestes S.J.

70. അർണോസ് പാതിരിയുമായി ബന്ധപ്പെട്ട ഏത് സ്ഥലമാണ് കേരളത്തിൽ ഏറ്റവും പ്രസിദ്ധമായി അറിയപ്പെടുന്നത് ?

ഉ. വേലൂർ.



Scanned with CamScanner

71. വേലൂരിൽ വെച്ച് അർണോസ് പാതിരി രചിച്ച പ്രസിദ്ധ മായ കൃതി ഏത് ?
ഉ. പുത്തൻപാന.

72. പുത്തൻപാന രചിച്ചത് ആരുടെ താല്പര്യപ്രകാരം?
ഉ. 1721-52 വരെ ഭരിച്ച ആന്റണി പിമെന്റൽ മെത്രാപ്പോ ലീത്തായുടെ താല്പര്യപ്രകാരം.

73. അർണോസ് പാതിരി മരിച്ച സ്ഥലം ഏത് ?
ഉ. പഴുവിൽ. (1732 മാർച്ച് 20)

74. സാമ്പാളൂർ സ്ഥാപനങ്ങൾ നശിപ്പിക്കപ്പെട്ടത് ഏത് ആക്ര മണത്തിൽ?
ഉ. ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ. (1789)

75. ബർണർദിനോസ് ബാസിനെല്ലി ഒ.സി.ഡി., മെത്രാപ്പോ ലീത്തയായത് എന്ന്?
ഉ. 1859-ൽ. (1859-68)

76. ബാസിനെല്ലി മെത്രാപ്പോലീത്താ ചാവറയച്ചനോട് നാശ മടഞ്ഞ സാമ്പാളൂർ ദേവാലയത്തിന്റെ നവീകരണത്തെ കുറിച്ച് പറഞ്ഞതെന്ത്?
ഉ. ഒരു കപ്പേള നിർമ്മിക്കണം; കുർബ്ബാന ചൊല്ലണം.

77. സാമ്പാളൂരിൽ മെത്രാനച്ചന്റെ കല്പനപ്രകാരം കപ്പേള നിർമ്മിച്ചതും കുർബ്ബാന ചൊല്ലിയതുമായ കാര്യങ്ങൾ ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് എവിടെ ?
ഉ. അമ്പഴക്കാട് കൊവേന്തയുടെ നാളാഗമം ഒന്നാം സഹായിൽ.

78. ജോൺ ബ്രിട്ടോയെ വിശുദ്ധനെന്ന് നാമകരണം ചെയ്ത വർഷം?
ഉ. 1947.

79. ഛാന്ദാ രൂപതയുടെ പ്രഥമ മെത്രാൻ ആര്?
ഉ. മാർ ജാനുവാരിയൂസ് പാലത്തുരുത്തി സി.എം.ഐ.



Scanned with CamScanner

80. ചാന്ദയോടൊപ്പം എക്സാർകേറ്റായി ഉയർത്തപ്പെട്ട മദ്ധ്യ പ്രദേശിലെ മറ്റൊരു പ്രദേശം ഏത് ?

**ഉ. സാഗർ. (29-7-68ലെ കല്പനപ്രകാരം)**

81. സാഗർ ഒരു മിഷൻ രൂപതയായി ലഭിക്കുവാൻ ആരുടെ ഔദാര്യമാണ് സഹായകമായത്?

**ഉ. ഭോപ്പാൽ അതിരൂപതയുടെ മെത്രാപ്പോലീത്തയായ ഡോ. യൂജിൻ ഡിസൂസയുടെ.**

82. സാഗർ ഒരു രൂപതയായി ഉയർത്തപ്പെട്ടത് ഏത് വർഷം?

**ഉ. 1977.**

83. സാഗർ രൂപതയുടെ പ്രഥമ മെത്രാൻ ആര് ?

**ഉ. മാർ ക്ലമന്റസ് തോട്ടുങ്കൽ.**

84. ആദ്യകാലത്ത് സീറോമലബാർ സഭയുടെ കേരളത്തിലെ തെക്കും വടക്കുമുള്ള അതിരുകൾ ഏവയായിരുന്നു?

**ഉ. തെക്ക് പമ്പയും വടക്ക് ഭാരതപ്പുഴയും.**

85. മലബാർ കുടിയേറ്റക്കാരുടെ ആത്മീയാവശ്യങ്ങൾ നടത്തി കൊടുക്കുവാനായി വൈദികരെ അയച്ചുകൊടുക്കുവാൻ സി.എം.ഐ. ജനറാളിനോട് അപേക്ഷിച്ചത് ആര്?

**ഉ. കോഴിക്കോട് മെത്രാൻ ഡോ. പോൾ പെരീനി.**

86. മലബാർ കുടിയേറ്റക്കാരുടെ അജപാലനാവശ്യങ്ങൾക്കായ് ആദ്യം അയക്കപ്പെട്ട വൈദികൻ ആര് ?

**ഉ. ഫാ. അത്തനാസിയൂസ് സി.എം.ഐ. (1935)**

87. എറണാകുളത്തെ പ്രസിദ്ധമായ കലാഭവൻ ആരംഭിച്ചത് എന്ന്?

**ഉ. 1969 ൽ.**

88. എറണാകുളത്തെ കലാഭവന്റെ ആദ്യകാല ശക്തിസ്രോതസുകൾ ആരെല്ലാം?

**ഉ. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ, ബഹു. കനീസിയൂസച്ചൻ, ബഹു. ആബേലച്ചൻ.**



Scanned with CamScanner

89. ഏത് സ്ഥാപനത്തിന്റെ തുടർച്ചയായാണ് കലാഭവൻ ആരംഭിച്ചത്?

**ഉ. ആബേലച്ചൻ തുടങ്ങിയ ക്രിസ്റ്റ്യൻ ആർട്സ് ക്ലബിന്റെ.**

90. എത്ര അംഗസംഖ്യയുള്ള സഭകൾക്കാണ് റോമിൽ ഔദ്യോഗിക പ്രതിനിധിയെ നിയമിക്കാൻ അവകാശമുള്ളത്?

**ഉ. ആയിരത്തിനുമേൽ.**

91. സി.എം.ഐ. സഭയുടെ ഏത് ഭവനത്തിൽ വെച്ചാണ് വാ. മദർ തെരേസ കനീസിയൂസച്ചനെ കണ്ടുമുട്ടിയത്?

**ഉ. എറണാകുളം കാരിക്കാമുറിയിലെ പ്രിയോർ ജനറാൾ മന്ദിരത്തിൽ വെച്ച്.**

92. ധർമ്മാരാം കോളേജിൽ ഔദ്യോഗിക കാനോനിക സന്ദർശനം നടത്തുന്നതിനിടയിൽ പ്രിയോർ ജനറാളായ കനീസിയൂസച്ചൻ സെമിനാരി റെക്ടറായ ബഹു. ജോനാസ് തളിയത്തച്ചന് കുറ്റപ്പാട് നൽകിയപ്പോൾ അദ്ദേഹം എന്ത് ചെയ്തു?

**ഉ. സി.എം.ഐ. സഭയിലെ നടപ്പനുസരിച്ച്, മുട്ടുകുത്തി നിലം ചുംബിച്ച് കുറ്റങ്ങൾക്ക് മാപ്പപേക്ഷിച്ചു.**

93. പരിയാരം സി.എസ്.ആർ-ൽ കുമ്പസാരക്കാരനായിരുന്ന ഐക്കരയച്ചൻ കനീസിയൂസച്ചന്റെ കുമ്പസാരത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് എന്താണ്?

**ഉ. എന്റെ പക്കൽ കനീസിയൂസച്ചൻ കുമ്പസാരിച്ചിരുന്നതുകൊണ്ട് ഞാൻ കൂടുതൽ നല്ലവനായിത്തീർന്നു.**

94. തൃശ്ശൂരിലെ പ്രസിദ്ധമായ പുത്തൻ പള്ളി നിർമ്മിക്കുവാൻ സ്ഥലവും അനുവാദവും ലഭിച്ചത് എങ്ങനെ ?

**ഉ. 1925ൽ കോടതിവിധിപ്രകാരം. മാർത്ത്മറിയം പള്ളി കൽദായ സഭയ്ക്ക് കൊടുക്കുവാനും സുറിയാനി കത്തോലിക്കർക്ക് പള്ളി പണിയുവാൻ സ്ഥലം നൽകുവാനും കോടതി വിധി ഉണ്ടായി.**



Scanned with CamScanner

95. കൊടുങ്ങല്ലൂർ അഴിക്കോടുള്ള മാർത്തോമാ തീർത്ഥ കേന്ദ്രം ഉദ്ഘാടനം ചെയ്യപ്പെട്ടത് എന്ന്?

**ഉ. 1953 ഡിസംബർ 6. (കർദ്ദിനാൾ യൂജിൻ ടിസറാങ്ങ്)**

96. ആനന്ദപുരം വി. കൊച്ചുത്രേസ്യയുടെ നാമധേയത്തിലുള്ള കുരിശുപള്ളി പണിതീർത്തത് ആര് ?

**ഉ. ആനന്ദപുരത്തെ പ്രഥമ വൈദികനായ ഇളംകുന്നപ്പുഴ വലിയ യാക്കോബച്ചൻ.**

97. പറപ്പൂക്കര ദേവാലയത്തിന്റെ മദ്ധ്യസ്ഥൻ ആര്?

**ഉ. 1729ൽ വി. പദവിയിലേക്കുയർത്തപ്പെട്ട വി.ജോൺ നെപുംസ്യാൻ. (ലോന മുത്തപ്പൻ)**

98. കുമ്പസാര രഹസ്യ രക്തസാക്ഷി എന്നറിയപ്പെടുന്നത് ആര് ?

**ഉ. വി.ജോൺ നെപുംസ്യാൻ.**

99. "എത്രയും ദയയുള്ള മാതാവേ" എന്ന പ്രാർത്ഥനയുടെ കർത്താവാര് ?

**ഉ. വി.ബർണാർദ്.**

100. ഇവാഞ്ചേലിക്കൽ പ്രസ്ഥാനം ഉടലെടുത്തത് എവിടെ? എന്ന്?

**ഉ. ഇറ്റലിയിൽ. 1531 ൽ.**

101. പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തിനെതിരെ നടത്തപ്പെട്ടതെന്ന് വിശേഷിപ്പിക്കപ്പെടുന്ന സൂനഹദോസ് ഏതാണ്?

**ഉ. ട്രെന്റ് സൂനഹദോസ്.**

102. ബൈബിളിലെ കാനോനികഗ്രന്ഥങ്ങളെ സമാഹരിച്ച് തീർപ്പ് കൽപ്പിച്ച് ഒരു പട്ടിക പ്രസിദ്ധീകരിക്കാൻ ട്രെന്റ് സൂനഹദോസിലെ എത്രാമത്തെ സമ്മേളനത്തിനാണ് സാധിച്ചത്?

**ഉ. നാലാം സമ്മേളത്തിന്. (1546 ഏപ്രിൽ 8)**



Scanned with CamScanner

103. സന്യസ്തർക്ക് ദൈവവചന പ്രഘോഷണ രംഗത്തുണ്ടായിരുന്ന ആനുകൂല്യങ്ങളും സ്വാതന്ത്ര്യവും നിലനിർത്തണമെന്ന ആശയം ട്രെന്റ് സൂനഹദോസിൽ അംഗീകരിക്കപ്പെടാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു?

**ഉ. 1546 ജൂൺ 15ന് നടന്ന സമ്മേളനത്തിൽ കർദ്ദി.സെരിപാൻഡോ നടത്തിയ പ്രസംഗം.**

104. അഗസ്റ്റീനിയൻ സഭയുടെ ജനറാളായി കർദ്ദി.സെരിപാൻഡോ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൽ നിഷിപ്തമായ രണ്ട് പ്രധാന കർത്തവ്യങ്ങൾ ഏവയായിരുന്നു?

**ഉ. 1. സന്യാസസഭയിലെ ആഭ്യന്തരജീവിതത്തിന്റെ നവീകരണം സാധിക്കുക. 2. ലൂഥറിന്റെ പാഷണ്ഡതയിൽ നിന്ന് കത്തോലിക്കാസഭയെ രക്ഷിക്കുക.**

105. കർദ്ദി.സെരിപാൻഡോയുടെ വീക്ഷണത്തിൽ ബൈബിൾ വ്യാഖ്യാനത്തിൽ നിശ്ചയമായും പുലർത്തേണ്ട മൂന്ന് കാര്യങ്ങൾ ഏതെല്ലാം?

**ഉ. 1. പദവ്യാഖ്യാനം, 2. വാക്യവിശദീകരണം,**
**3. അസ്പഷ്ടവും ഉഭയാർത്ഥങ്ങളുള്ളതും വിശദീകരണത്തിന് ബുദ്ധിമുട്ടുള്ളതുമായ ഭാഗങ്ങളെ ഉദാഹരിച്ച് വ്യക്തമാക്കൽ.**

106. പ്രഥമ കത്തോലിക്കാ ബൈബിൾ വൈജ്ഞാനികൻ എന്ന് വിളിക്കുന്നത് ആരെ?

**ഉ. കർദ്ദിനാൾ സെരിപാൻഡോയെ.**

107. കേരളസഭയുടെ ആദ്യത്തെ മിഷൻ പ്രവർത്തനവേദി ഏത്?

**ഉ. ഛാന്ദാ മിഷൻ. 1962.**



Scanned with CamScanner

108. വി.പത്താം പിയൂസിന്റെ നാമകരണം നിർവ്വഹിച്ചത് ആര്?

ഉ. **12-ാം പിയൂസ് പാപ്പ.**

109. രാജ്ക്കോട്ട് രൂപതയുടെ പ്രഥമ മെത്രാൻ ആരായിരുന്നു?

ഉ. **ബഹു. ഡോ.ജോനസ് തളിയത്ത് സി.എം.ഐ.**

110. തൃശൂരിൽ സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ ദേവാലയം ഏത് ?

ഉ. **മാർത്ത്മറിയം പള്ളി.**

111. പരിയാരത്ത് സാക്ഷാത്ക്കാര എന്ന ആദ്ധ്യാത്മിക നവീകരണകേന്ദ്രം സി.എം.ഐ. സഭ ആരംഭിച്ചപ്പോൾ തുറന്ന മനസ്സോടെ സന്തോഷിച്ച സഭാധ്യക്ഷൻ ആരായിരുന്നു?

ഉ. **ഇരിഞ്ഞാലക്കുട മെത്രാൻ, മാർ ജെയിംസ് പഴയാറ്റിൽ.**

112. പരി. ദൈവമാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചത് ആര് ? എന്ന്?

ഉ. **9-ാം പിയൂസ് മാർപാപ്പ. 1854.**

113. ഡച്ചുകാർ നിർമ്മിച്ച കൊച്ചി കോട്ട നശിപ്പിക്കപ്പെട്ട വർഷം ഏത് ?

ഉ. **1861.**

114. മട്ടാഞ്ചേരിയിലെ കൂനൻകുരിശ് സത്യം അരങ്ങേറിയത് എന്ന് ?

ഉ. **1653 ജനുവരി 3 ന്.**

115. ഉദയംപേരൂർ സൂനഹദോസിന് നേതൃത്വം കൊടുത്തത് ആര്?

ഉ. **ഫ്രാൻസീസ് റോസ് മെത്രാൻ.**

116. വി.ജോൺ ബാപ്റ്റിസ്റ്റ് ബ്രിട്ടോ ജനിച്ചത് എന്ന് ? എവിടെ?

ഉ. **1647 മാർച്ച് 1 ; സ്പെയിനിലെ ലിസ്ബണിൽ.**



Scanned with CamScanner

117. വി.ജോൺ ബ്രിട്ടോയുടെ രക്തസാക്ഷിത്വദിനം എന്ന് ?

**ഉ. 1693 ഫെബ്രുവരി 4.**

118. പ്രാചീന തമിഴ് സാഹിത്യത്തിൽ അനശ്വരമായ വ്യക്തി മുദ്ര പതിപ്പിച്ച് സാമ്പാളൂർ മണ്ണിൽ നിത്യവിശ്രമം കൊള്ളുന്ന ധന്യാത്മാവ് ആര് ?

**ഉ. കോൺസ്റ്റന്റയിൻ ജോസഫ് ബസ്കി. (വീരമാമുനി)**

119. വീരമാമുനിയുടെ ചരമദിനം എന്ന്?

**ഉ. 1747 ഫെബ്രുവരി 4.**

120. അർണോസ് പാതിരി കേരളത്തിൽ എത്തിയത് എന്ന് ?

**ഉ. 1699.**

121. പ്രഥമ മലയാളനിഘണ്ടു രചിച്ചത് ആര് ?

**ഉ. അർണോസ്പാതിരി.**

122. കോട്ടപ്പുറം രൂപതയുടെ പ്രഥമമെത്രാൻ ആര് ?

**ഉ. ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ.**

123. രൂപതയിൽ, വൈദികരുടെയും അത്മായരുടെയും ഉപരി പഠനത്തെ കുറിച്ച് കനീസിയൂസച്ചന്റെ അഭിപ്രായം എന്ത്?

**ഉ. വൈദഗ്ധ്യം സിദ്ധിച്ച വൈദികരും അത്മായരും രൂപതയിൽ ഉണ്ടാകേണ്ടതിന്, അത്തരം തുറകളിൽ പരിശീലനം നേടുവാൻ വൈദികരെയും അത്മായരെയും ഉപരിപഠനത്തിനായി അയക്കേണ്ടതാണ്.**

124. കനീസിയൂസച്ചൻ തൃശൂരിൽ ദേവമാതയുടെ പ്രൊവിൻഷ്യാളായിരുന്ന കാലത്ത് തൃശൂർ രൂപതയുടെ മെത്രാൻ ആരായിരുന്നു?

**ഉ. മാർ ജോസഫ് കുണ്ടുകുളം.**



Scanned with CamScanner

# 3

## കനീസിയൂസച്ചൻ പരിശീലന വഴിയിൽ

125. ഔസേപ്പ് എന്ന ബാലൻ വൈദികവിദ്യാർത്ഥി എന്ന നിലയിൽ പഠനമാരംഭിച്ചത് എവിടെ?

**ഉ. പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ.**

126. എത്രാം വയസ്സിലാണ് പാവറട്ടിയിലെ യോഗാർത്ഥി ഭവനത്തിൽ കനീസിയൂസച്ചൻ എത്തിച്ചേർന്നത് ?

**ഉ. 16-ാം വയസ്സിൽ, 1930 ൽ.**

127. പത്താം ക്ലാസ് പാസായ ശേഷം ഔസേപ്പ് അയയ്ക്കപ്പെട്ടത് എവിടേയ്ക്ക്; എന്ന്?

**ഉ. ആലുവയിലേയ്ക്ക്. 1933 (1933-34 ഭാഷാപഠനം).**

128. ബ്ര. കനീസിയൂസിന്റെ നവസന്യാസകാലഘട്ടം എന്നു മുതൽ എന്നുവരെ ?

**ഉ. 1934 നവംബർ 23 മുതൽ 1935 നവംബർ 24 വരെ.**

129. ഔസേപ്പിന് സഭയിൽ നിന്നു നൽകിയ കനീസിയൂസ് എന്ന പേരിന് കാരണഭൂതനായ വിശുദ്ധന്റെ പൂർണ്ണനാമമെന്ത്?

**ഉ. വേദപാരംഗതനായ വിശുദ്ധ പീറ്റർ കനീസിയൂസ്.**

130. നവസന്യാസത്തിൽ ബ്രദർ കനീസിയൂസ് സ്വീകരിച്ച രണ്ടാം പേര് എന്ത്?

**ഉ. വി.ത്രേസ്യാ (ആവിലായിലെ വി.ത്രേസ്യാ).**

131. നവസന്യാസകാലത്ത് ഔസേപ്പിന്റെ പൂർണ്ണമായ ഔദ്യോഗിക നാമം എന്ത് ?

**ഉ. വി. ത്രേസ്യായുടെ കനീസിയൂസ്.**



Scanned with CamScanner

132. ഔസേഫ് അമ്പഴക്കാട് നവസന്യാസഭവനത്തിലേക്ക് വന്നത് എന്ന്? എവിടെ നിന്ന്?

**ഉ. 1934 ജൂലായ്; പാവറട്ടിയിൽ നിന്ന്.**

133. ബ്ര. കനീസിയൂസിന്റെ സഭാവസ്ത്രസ്വീകരണം എന്ന്?

**ഉ. 1934 നവം. 23 വെള്ളിയാഴ്ച.**

134. ബ്രദർ ഔസേപ്പിനോടൊപ്പം സഭാവസ്ത്രം സ്വീകരിച്ചത് എത്ര പേർ?

**ഉ. 18 പേർ.**

135. നവസന്യാസികൾക്ക് സാമാന്യമായി ലഭിക്കുന്ന പരിശീലനം എന്താണ്?

**ഉ. പ്രാർത്ഥനയിൽ ആഴപ്പെടുന്നതിനും ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവ അഭ്യസിച്ചുകൊണ്ട് സുവിശേഷജീവിതം നയിക്കുന്നതിനും, ഓരോ സഭയുടെയും ചൈതന്യത്തിന് അനുസൃതമായ പ്രേഷിതവൃത്തികളിൽ ഏർപ്പെടുന്നതിനും ഉള്ള പരിശീലനം.**

136. ബ്ര.കനീസിയൂസിന്റെ നവസന്യാസകാലത്തെ ഗുരു അച്ചൻ ആരായിരുന്നു?

**ഉ. ബഹു. ബർത്തലൂമ്യ അച്ചൻ.**

137. നവസന്യാസത്തിൽ ഗുരുവച്ചൻ പകർന്നുനൽകിയ പ്രധാന പാഠം എന്താണെന്നാണ് കനീസിയൂസച്ചന്റെ അഭിപ്രായം?

**ഉ. പ്രാർത്ഥന പ്രവർത്തനത്തിന് പ്രചോദനവും, പ്രവർത്തനം പ്രാർത്ഥനയ്ക്ക് പോഷണവുമായിരിക്കണം.**

138. ബ്ര.കനീസിയൂസ് ആദ്യവ്രതം അനുഷ്ഠിച്ചത് എന്ന്?

**ഉ. 1935 ൽ. കുരിശിന്റെ യോഹന്നാൻ എന്ന കർമ്മലീത്താ വിശുദ്ധന്റെ തിരുനാൾ ദിനമായ നവംബർ 24ന്.**

139. 'നവസന്യാസകാലത്തെ പാഠപുസ്തക'മെന്ന് കനീസിയൂസച്ചൻ പറയുന്നത് ആരെ കുറിച്ചാണ് ?

**ഉ. ഗുരുവായ ബർത്തലൂമ്യ അച്ചനെ കുറിച്ച്.**



Scanned with CamScanner

140. ആദ്യ വ്രതാർപ്പണത്തിനു ശേഷം അമ്പഴക്കാട്ട് നിന്നും തുടർ പഠനത്തിനായി ബ്ര. കനീസിയൂസ് എവിടെയ്ക്കാണ് അയയ്ക്കപ്പെട്ടത് ?

**ഉ. കൂനമ്മാവ്. (റെക്ടറിക്, ഭാഷാപഠനം).**

141. വ്രതാർപ്പണത്തിനുശേഷം ബ്ര. കനീസിയൂസ് ഏത് സെമിനാരിയിലേക്കാണ് അയക്കപ്പെട്ടത് ?

**ഉ. മംഗലാപുരം, സെന്റ് ജോസഫ്സ് സെമിനാരിയിലേക്ക്.**

142. ബ്ര. കനീസിയൂസ് ഫാദർ കനീസിയൂസ് ആയി മാറിയത് എന്ന്?

**ഉ. 1942 ഡിസംബർ 21 ന്.**

143. ബ്ര. കനീസിയൂസ് പട്ടം സ്വീകരിച്ചത് എവിടെ വച്ച് ?

**ഉ. മംഗലാപുരം, സെന്റ് ജോസഫ്സ് സെമിനാരി.**

144. കനീസിയൂസച്ചൻ പ്രഥമ ദിവ്യബലി അർപ്പിച്ചത് എവിടെ?

**ഉ. മംഗലാപുരം കാർമ്മലൈറ്റ് ഹോസ്പൈസിൽ.**

145. കനീസിയൂസച്ചന്റെ ഔദ്യോഗികമായ പുത്തൻ കുർബ്ബാന ഏത് ഇടവക ദേവാലയത്തിലാണ് അർപ്പിക്കപ്പെട്ടത് ?

**ഉ. പറപ്പൂക്കര - സ്വന്തം ഇടവക ദേവാലയത്തിൽ.**

146. ദൈവശാസ്ത്രത്തിൽ ഉന്നതബിരുദം നേടുവാൻ കനീസിയൂസച്ചനെ സഭാധികാരികൾ അയച്ചത് എവിടേക്ക്?

**ഉ. സിലോണിലെ കാൻഡിയിലുള്ള പേപ്പൽ സെമിനാരിയിലേക്ക്.**

147. ദൈവശാസ്ത്ര പഠനത്തിനായി കനീസിയൂസച്ചനോടൊപ്പം വിദേശത്തേക്ക് അയക്കപ്പെട്ട വൈദികൻ ആര്?

**ഉ. കാട്ടൂർ സ്വദേശി റെജിനാൾഡ് ആലപ്പാട്ടച്ചൻ.**

148. വിദേശത്തുനിന്നും കനീസിയൂസച്ചൻ നേടിയ ആദ്യത്തെ ബിരുദം ഏത്?

**ഉ. Doctor in Divinity (D. D.).**

149. ബൈബിൾ പഠനത്തിനായി റോമിലേക്ക് അയക്കപ്പെട്ട



Scanned with CamScanner

ആദ്യ സി.എം.ഐ. അംഗം ആര് ?

ഉ. കനീസിയൂസ് അച്ചൻ.

150. റോമിലെ പഠനകാലത്ത് സഹപാഠികൾ കനീസിയൂസച്ചനെ വിലയിരുത്തിയത് എങ്ങനെ?

ഉ. **ഉത്തമനായ ഒരു സന്യാസവൈദികൻ.**

151. വി. ഗ്രന്ഥത്തിൽ ആദ്യമായി ഡോക്ടറേറ്റ് നേടിയ ഇന്ത്യക്കാരൻ ആര് ? ഏത് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന്?

ഉ. **ഫാ. കനീസിയൂസ്, റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന്.**

152. കനീസിയൂസച്ചൻ ബൈബിളിൽ ഡോക്ടറേറ്റ് നേടിയ വർഷം ?

ഉ. **1952.**

153. കാർഡിനൽ സെരിപാൻഡോയുടെ പ്രബോധനങ്ങൾ കനീസിയൂസച്ചൻ തന്റെ ഗവേഷണ വിഷയമായി തിരഞ്ഞെടുക്കാനുണ്ടായ കാരണമെന്ത്?

ഉ. **കാർഡിനൽ സെരിപാൻഡോ പ്രസിദ്ധനായ ദൈവശാസ്ത്രജ്ഞനും നലംതികഞ്ഞ ഭാഷ്യകാരനും ബൈബിൾ വൈജ്ഞാനികനും വിശുദ്ധഗ്രന്ഥ വ്യാഖ്യാനങ്ങളിൽ മികച്ച പണ്ഡിതനും നമ്മുടെ കാലത്തിനിണങ്ങിയ ചിന്തകനും കത്തോലിക്കാസഭയുടെ പ്രഥമ ബൈബിൾ വൈജ്ഞാനികനുമാണെന്നത്.**

154. കനീസിയൂസച്ചന്റെ ഡോക്ടറേറ്റ് പ്രബന്ധം പ്രസിദ്ധീകരിക്കാൻ വൈകിയതിന്റെ പിന്നിലെ രഹസ്യം എന്താണ്?

ഉ. **കനീസിയൂസച്ചന്റെ എളിമ.**

155. പ്രഥമ ഇന്ത്യൻ കത്തോലിക്കാ ബൈബിൾ വൈജ്ഞാനികൻ ആര് ?

ഉ. **കനീസിയൂസച്ചൻ.**

156. ബൈബിളിൽ ഡോക്ടറേറ്റ് നേടുന്ന രണ്ടാമത്തെ ഏഷ്യക്കാരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരെ ?

ഉ. **കനീസിയൂസച്ചനെ.**



Scanned with CamScanner

157. കനീസിയൂസച്ചൻ കരസ്ഥമാക്കിയ രണ്ടു ബിരുദങ്ങൾ ഏവ?

ഉ. 1. **Doctor in Divinity (D.D.)**

**2. Doctor in Sacred Scripture (D.S.S.)**

158. സി.എം.ഐ. സഭയുടെ ആരംഭകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന സെമിനാരി സമ്പ്രദായത്തിന്റെ പേര്?

ഉ. **മല്പാൻ സമ്പ്രദായം.**

159. സി.എം.ഐ. സഭയുടെ പ്രഥമ നവസന്യാസ ഭവനം എവിടെ ആയിരുന്നു ?

ഉ. **മാന്നാനം ആശ്രമത്തിൽ.**

160. സി.എം.ഐ. സഭയുടെ രണ്ടാമത്തെ നവസന്യാസഭവനം എവിടെ ആയിരുന്നു ?

ഉ. **കൂനമ്മാവിൽ (1858).**

161. കൂനമ്മാവ് ആശ്രമത്തെ നവസന്യാസഭവനം എന്ന് പ്രഖ്യാപിച്ചത് ആര് ?

ഉ. **വികാരി അപ്പസ്തോലിക്ക (1859).**

162. കൂനമ്മാവിലെ ആദ്യത്തെ നവസന്യാസഗുരു ആര് ?

ഉ. **പീലിപ്പോസ് മിഷനറി.**

163. കൂനമ്മാവ് ഉപേക്ഷിക്കപ്പെട്ടപ്പോൾ സഭയുടെ നവസന്യാസഭവനമായി തെരഞ്ഞെടുത്തത് ഏത് ആശ്രമത്തെ?

ഉ. **അമ്പഴക്കാട്.**

164. ആരുടെ ഡിക്രി പ്രകാരമാണ് അമ്പഴക്കാട് നവസന്യാസഭവനമായി തീർന്നത് ?

ഉ. **അയൂത്തി ഡെലഗേറ്റ് അപ്പസ്തോലിക്കയുടെ (1889 ഫെബ്രുവരി 24).**

165. സി.എം.ഐ. സഭയുടെ കറുകുറ്റിയിലെ ഭവനത്തിന് ആദ്യം നൽകിയ പേര് ?

ഉ. **സേക്രഡ് ഹാർട്ട് ഷ്റൈൻ.**



Scanned with CamScanner

166. ചെത്തിപ്പുഴയിൽ സി.എം.ഐ. സഭയുടെ നവസന്യാസ ഭവനം ഉദ്ഘാടനം ചെയ്യപ്പെട്ടത് എന്ന്?

**ഉ. 1957 ഏപ്രിൽ 13.**

167. നവസന്യാസികൾക്കായി അമ്പഴക്കാട് ആശ്രമത്തിൽ ഒരു മൂന്ന് നില കെട്ടിടം പണിതത് ആര് ?

**ഉ. ബഹു. അത്തനാസിയൂസച്ചൻ (1929).**

168. 1906 ൽ സി.എം.ഐ. സഭയുടെ നിയമാവലിയിൽ നവ സന്യാസ പരിശീലനം സംബന്ധിച്ച് റോം വരുത്തിയ നിയമഭേദഗതി എന്ത്?

**ഉ. നവസന്യാസഭവനത്തിൽ ചെന്നാലുടൻ മൂന്ന് ദിവസത്തെ പൂർണ്ണ ധ്യാനം. തുടർന്ന് 3 മാസം പ്രീ നൊവിഷ്യേറ്റ്.**

169. സി.എം.ഐ. സഭയുടെ ആരംഭകാലത്ത് കാനോനിക നവസന്യാസം പരിശീലനത്തിന്റെ ഏത് ഘട്ടത്തിലായിരുന്നു?

**ഉ. പട്ടം സ്വീകരിച്ച ശേഷം ഒരു വർഷത്തെ കാനോനിക നവസന്യാസം.**

170. സെമിനാരി എന്ന വാക്കിന്റെ അർത്ഥം ?

**ഉ. വേദപഠനങ്ങളാകുന്ന വിത്തുകൾ വിതയ്ക്കപ്പെടുന്നവരുടെ സമൂഹം. (സെമിനാരിയും)**

171. മാന്നാനത്ത് സെമിനാരി ആരംഭിച്ച വർഷം ?

**ഉ. 1833. (പാലയ്ക്കലച്ചനും, പോരൂക്കരയച്ചനും ചർച്ച ചെയ്ത് തീരുമാനിച്ചു.)**

172. ഏത് സെമിനാരിയാണ് മാന്നാനത്തേക്ക് മാറ്റപ്പെട്ടത്?

**ഉ. പള്ളിപ്പുറം സെമിനാരി.**

173. സി.എം.ഐ. ക്കാരുടെ വൈദികവിദ്യാഭ്യാസം കാലോചിതമായി പരിഷ്കരിക്കണമെന്ന് ആദ്യമായി നിർദ്ദേശിച്ച മെത്രാൻ ?



Scanned with CamScanner

ഉ. കോട്ടയം വികാരി അപ്പസ്തോലിക്കയായ കാർളോസ് ലെവീഞ്ഞ് മെത്രാൻ. (സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ആയിരുന്ന അയൂത്തി മെത്രാപ്പോലീത്തായോട്)

174. ഏത് വർഷമാണ് മുത്തോലി ആശ്രമത്തെ സി.എം.ഐ. സഭയുടെ പൊതു പഠനഗൃഹമാക്കിയത്?
ഉ. 1914 ൽ. (പൊതുസംഘം).

175. ചെത്തിപ്പുഴ ആശ്രമത്തിൽ സെമിനാരി സ്ഥാപിക്കപ്പെടു കയും ദൈവശാസ്ത്രപഠനം ആരംഭിക്കുകയും ചെയ്ത വർഷം ?
ഉ. 1918.

176. മല്പാൻ എന്ന വാക്കിന്റെ അർത്ഥം ?
ഉ. അദ്ധ്യാപകൻ.

177. പഴയനിയമത്തിൽ പ്രഥമ പുരോഹിതനായി പ്രത്യക്ഷപ്പെ ട്ടത് ആര് ?
ഉ. മെൽക്കിസെദെക്ക് (ഉല്പ. 14:18).

178. ദൈവം പുരോഹിത ഗണമായി വാഴിച്ചത് ആരെ?
ഉ. അഹറോനെയും കുടുംബത്തെയും. (നാളാഗമം 23:13)

179. അഭിഷിക്തന്റെ പ്രധാന ദൗത്യം ഏത് ?
ഉ. സന്മനസ്സോടെയും ലാഭേച്ഛ കൂടാതെയും തീക്ഷ്ണ തയോടെയും ആധിപത്യമനോഭാവം പുലർത്താതെയും സന്മാതൃക നൽകിയും ഉള്ള അജഗണപരിപാലനം നട ത്തുക. (1 പത്രോ. 5: 2-4)

180. അഭിഷിക്തന് നൽകപ്പെടുന്ന സമ്മാനം എന്ത്?
ഉ. ഒളിമങ്ങാത്ത കിരീടം. (1 പത്രോ. 5 : 2-4)

181. കത്തോലിക്കാ സഭയിൽ പട്ടം നൽകൽ ക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷ ഏത്?
ഉ. കൈവയ്പ് ശുശ്രൂഷ.



Scanned with CamScanner

182. ബാംഗ്ലൂരിലുള്ള സി.എം.ഐ. സെമിനാരിയാണ് 'ധർമ്മാരാം കോളേജ്'. ധർമ്മാരാം എന്ന വാക്കിന്റെ അർത്ഥം എന്ത് ?

**ഉ. ധർമ്മങ്ങളുടെ ആരാമം.**

183. ധർമ്മാരാം കോളേജിന്റെ മോട്ടോ എന്ത് ?

**ഉ. ഈശഭക്തി പരം ജ്ഞാനം. (ദൈവസ്നേഹം ഏറ്റവും ഉത്തമജ്ഞാനം)**

184. ധർമ്മാരാം കോളേജിന്റെ ശിലാസ്ഥാപനം എന്ന്?

**ഉ. 1955 ജൂലായ് 16. (ഡോ. തോമസ് പോത്തയ്ക്കാമുറി)**

185. അമ്പഴക്കാട് ആശ്രമത്തിൽ നവസന്യാസപരിശീലനം ആരംഭിച്ചത്?

**ഉ. 1889 മുതൽ.**

186. എൽത്തുരുത്തിൽ സെമിനാരി ആരംഭിച്ചത് എന്ന് ?

**ഉ. 1866.**

187. 1889 ൽ കൂനമ്മാവിലെ വൈദികവിദ്യാർത്ഥിമന്ദിരം നിർത്തലാക്കിയപ്പോൾ അത് മാറ്റി സ്ഥാപിച്ചത് എവിടേക്ക് ?

**ഉ. എൽത്തുരുത്തിലേക്ക്. (വി.ജോൺ ബർക്കുമാൻസ് ആസ്പിരൻസ് ഹൗസ്)**

188. അമ്പഴക്കാട് നൊവിഷ്യേറ്റ് ഭവനം ഏത് പേരിൽ അറിയപ്പെടുന്നു?

**ഉ. ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ്.**

189. കനീസിയൂസ് എന്ന വാക്കിന്റെ വാച്യാർത്ഥം എന്ത്?

**ഉ. കുഞ്ഞിപ്പട്ടി.**

190. സി.എം.ഐ. സഭയുടെ പ്രഥമ മേജർ സെമിനാരി എന്ന്, എവിടെ സ്ഥാപിതമായി ?

**ഉ. 1918. ചെത്തിപ്പുഴയിൽ.**

191. ധർമ്മാരാം കോളേജിന്റെ പ്രഥമ റെക്ടർ ആരായിരുന്നു?

**ഉ. ബഹു. ക്രിസസ്റ്റോം പൊന്നാംപുരയിടം അച്ചൻ.**



Scanned with CamScanner

192. ധർമ്മരാം കോളേജിന്റെ ഔദ്യോഗികമായ ഉദ്ഘാടനം എന്നായിരുന്നു? ഉദ്ഘാടകൻ ആരായിരുന്നു?

**ഉ. 1958 ഫെബ്രുവരി 23; ഇന്റർനൂൺഷിയോ ആർച്ച് ബിഷപ്പ് ജെ.റോബർട്ട് നോക്സ്.**

193. ദൈവശാസ്ത്രത്തിൽ ലൈസൻഷേറ്റ് അഥവാ എം.എ. ബിരുദം നൽകാൻ ധർമ്മാരാം കോളേജ് അർഹത നേടി യത് എന്ന്?

**ഉ. 1965 – ധർമ്മാരാം കോളേജിനെ ഗ്രിഗോരിയൻ യൂണി വേഴ്സിറ്റിയുമായി അനുബന്ധപ്പെടുത്തിയതു മുതൽ.**

194. ധർമ്മാരാമിന്റെ സ്വന്തം സംഭാവനയായി ഭാരതസഭക്കു മുമ്പിൽ ഒരു ഭാരതീയ പുജ അവതരിപ്പിക്കുവാൻ ഉണ്ടായ സാഹചര്യം ഏത് ?

**ഉ.1969 ൽ ധർമ്മാരാം കോളേജ് സംഘടിപ്പിച്ച 'ചർച്ച് ഇൻ ഇന്ത്യാ ടു ഡേ' എന്ന സെമിനാർ.**

195. ഇന്ത്യയിലെ പ്രമുഖ തത്വശാസ്ത്ര - ദൈവശാസ്ത്ര പൊന്തിഫിക്കൽ അത്തനേയമായ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ ഇപ്പോഴത്തെ (2015) പ്രസിഡന്റ് ആരാണ്?

**ഉ. ഫാ. ഡോ. പോളച്ചൻ കോച്ചാപ്പിള്ളി.**

196. അമ്പഴക്കാട് സെമിനാരി എന്നറിയപ്പെടുന്ന സ്ഥാപനം ഏത് ?

**ഉ. സാമ്പാളൂർ സെന്റ് പോൾസ് കോളേജ് എന്ന ജെസ്യൂട്ട് സ്ഥാപനം**

197. എൽത്തുരുത്ത് സ്കൂളിൽ വിദ്യാർത്ഥിയായി പി.എൽ. ഔസേപ്പ് ചേർന്നത് ഏതു വർഷം?

**ഉ. 1927 (1102)**

198. പാവറട്ടി ഹൈസ്ക്കൂളിൽ പി.എൽ. ഔസേപ്പിന് പ്രവേ ശനം ലഭിച്ച വർഷം?

**ഉ. 1930.**



Scanned with CamScanner

# 4

## കനീസിയൂസച്ചൻ പ്രാർത്ഥനയുടെ മനുഷ്യൻ

199. എന്നുമുതലാണ് കനീസിയൂസച്ചൻ പരിയാരം സാക്ഷാത്കാരയിൽ താമസം ആരംഭിച്ചത്?

**ഉ. 1981 ജൂൺ 22.**

200. ആരോഗ്യം മോശമായതിനാൽ എൺപതുകളിൽ ദൈവചിത്തം അനുസരിച്ചുള്ള തന്റെ പ്രേഷിതപ്രവൃത്തി എന്താണെന്നാണ് കനീസിയൂസച്ചൻ പറയുന്നത്?

**ഉ. പ്രാർത്ഥനയും പ്രായശ്ചിത്തവും.**

201. രാത്രിയുള്ള കാനോന നമസ്കാരത്തോടൊപ്പം കനീസിയൂസച്ചൻ പ്രത്യേകം ചൊല്ലിയിരുന്ന പ്രാർത്ഥനകൾ ഏവ?

**ഉ. 1. അതാതു ദിവസത്തെ വിശുദ്ധനെക്കുറിച്ചുള്ള വിവരണം നൽകലും അവരുടെ മാദ്ധ്യസ്ഥ്യം തേടിയുള്ള പ്രാർത്ഥനയും. 2. അതാതുദിവസം മരണമടഞ്ഞ സഭാംഗങ്ങളെക്കുറിച്ചുള്ള ഓർമ്മ കുറിപ്പ് വായനയും അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും.**

202. സി.എസ്.ആറിൽ പ്രാർത്ഥനാപരിപാടികളുമായി മുഴുകി കഴിഞ്ഞിരുന്ന കാലത്ത് കനീസിയൂസച്ചൻ രചിച്ച ഹ്രസ്വവും നവീനവുമായ രണ്ട് ജപമാലകൾ ഏവ?

**ഉ. പഞ്ചഘട്ടജപമാല, ത്രിമുഖജപമാല.**

203. പരിയാരം സാക്ഷാത്കാരയിൽ കനീസിയൂസച്ചന്റെ ജീവിതചര്യയിലെ ഏറ്റവും സവിശേഷമായ കൃത്യം എന്തായിരുന്നു ?

**ഉ. ദിനംപ്രതി 5 മണിക്കൂർ പ്രാർത്ഥന.**



Scanned with CamScanner

204. 5 മണിക്കൂർ പ്രാർത്ഥന ആർക്കുവേണ്ടിയാണെന്നും അതിന്റെ ലക്ഷ്യം എന്താണെന്നുമാണ് കനീസിയൂസച്ചൻ പറയുന്നത് ?

ഉ. **'നമ്മുടെ സഹോദരങ്ങളുടെ പേർക്കും അവർക്കു വേണ്ടിയും ആത്മനാ അവരോടുകൂടിയും ചെലവഴിക്കാൻ'.**

205. ദിനംപ്രതി 5 മണിക്കൂർ പ്രാർത്ഥന എന്ന പ്രസിദ്ധമായ കനീസിയൻ ജീവിതചര്യ അദ്ദേഹം ഔദ്യോഗികമായി ആരംഭിച്ചത് എന്ന്?

ഉ. **1982 ജനുവരി 1 ന്.**

206. ആദ്ധ്യാത്മിക സാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള അനുദിനപരിപാടി എന്ന് കനീസിയൂസച്ചൻ നാമകരണം ചെയ്ത ഭക്തകൃത്യം എന്ത് ?

ഉ. **ദിനം പ്രതി 5 മണിക്കൂർ പ്രാർത്ഥന.**

207. മദ്ധ്യസ്ഥപ്രാർത്ഥനയെക്കുറിച്ചുള്ള കനീസിയൂസച്ചന്റെ കാഴ്ചപ്പാട് എന്താണ്?

ഉ. **സഹായം പ്രതീക്ഷിക്കുന്നവരെ ദിവ്യനാഥന് സമർപ്പിച്ചുകൊണ്ട് സഹായിക്കണമെ എന്ന് നിർബന്ധപൂർവ്വം അവിടത്തോടു പ്രാർത്ഥിക്കുക.**

208. വിശ്രമ കാലത്തെ തന്റെ ദൈവവിളി എന്താണെന്നാണ് കനീസിയൂസച്ചൻ പറയുന്നത് ?

ഉ. **സഹോദരങ്ങൾക്ക് (സഭക്കുള്ളിലുള്ളവർക്കും പുറത്തുള്ളവർക്കും) എന്റെ ഉപദേശം കൊണ്ടോ ശാസന കൊണ്ടോ ശിക്ഷ കൊണ്ടോ എന്നതിനെക്കാൾ ആരും അറിയാതെയുള്ള പ്രാർത്ഥനകൊണ്ടും പ്രായശ്ചിത്തം കൊണ്ടും ആവശ്യമായ ഉൾപ്രകാശവും ആത്മധൈര്യവും നേടികൊടുക്കുകയാണ് എന്റെ ദൈവവിളി.**



Scanned with CamScanner

209. ശിരസ്സിൽ കൈ വച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കണമെന്ന് പറയുന്നവരോട് കനീസിയൂസച്ചൻ പറയുന്ന മറുപടി എന്ത്?

**ഉ. ഞാൻ പ്രാർത്ഥിച്ച് ആശീർവ്വദിക്കാം. പക്ഷേ കൈ തലയിൽ വയ്ക്കുകയില്ല.**

210. ദൈവവിളിയുടെ കാര്യത്തിൽ കനീസിയൂസച്ചനുണ്ടായ പ്രത്യേകസിദ്ധിയെന്ത്?

**ഉ. ദൈവവിളി വിവേചിച്ചറിഞ്ഞ് മനസ്സിലാക്കിക്കൊടുക്കാനുള്ള സിദ്ധി.**

211. Prayer is my rest എന്ന് കനീസിയൂസച്ചൻ പറയുവാനുണ്ടായ സാഹചര്യം ഏത്?

**ഉ. പ്രാർത്ഥനയ്ക്കിടയിൽ ക്ഷീണിതനാവുന്ന കനീസിയൂസച്ചനെ കണ്ട്, അച്ചൻ പോയി അല്പം വിശ്രമിച്ചോളൂ എന്ന് സിസ്റ്റേഴ്സോ മറ്റോ പറയുമ്പോൾ.**

212. കനീസിയൂസച്ചന്റെ പഞ്ചഘട്ട ജപമാലയുടെ ഘടന എങ്ങനെ?

**ഉ. 15 രഹസ്യങ്ങളുള്ള 153 മണി ജപമാലയെ 5 സുപ്രധാന ഘട്ടങ്ങളായി തിരിച്ച് വിശകലനം ചെയ്യൽ.**

213. ത്രിമുഖ പഞ്ചഘട്ട ജപമാലകൾ അവതരിപ്പിച്ച പ്രത്യേക സാഹചര്യം ?

**ഉ. 1986-88 ൽ മരിയൻ ജൂബിലിയോടനുബന്ധിച്ച് നടത്തിയ ധ്യാനങ്ങൾ.**

214. കനീസിയൂസച്ചനെ വിശേഷിപ്പിച്ച് പ്രാർത്ഥനയുമായി ബന്ധപ്പെടുത്തി വിളിക്കാറുള്ളത് എപ്രകാരം?

**ഉ. പ്രാർത്ഥനയുടെ മനുഷ്യൻ.**

215. **കനീസിയൂസച്ചന്റെ ആപ്തവാക്യവും കർത്തൃപ്രാർത്ഥനയുമായുള്ള ബന്ധം ?**



Scanned with CamScanner

**ഉ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെന്ന പ്രാർത്ഥന സാഫല്യമടയുന്നത് അങ്ങേ ഹിതം ഭൂമിയിൽ ഏവരും ചെയ്തു തീർക്കുമ്പോഴാണ്. അതിനാൽ, ആപ്തവാക്യവും പ്രാർത്ഥനാഭാഗവും ഒന്നുതന്നെ.**

216. കനീസിയൂസച്ചന്റെ ആപ്തവാക്യത്തെ പരി. കന്യകാമറിയത്തിന്റെ ഏതു വാക്യത്തോട് ബന്ധപ്പെടുത്താം ?
**ഉ. അങ്ങയുടെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ എന്ന സമ്മതം മൂളലിനോട്.**

217. കനീസിയൂസച്ചൻ ഒരു ശുഭാപ്തി വിശ്വാസിയായിരുന്നു എന്ന് പറയുന്നതിന്റെ അടിസ്ഥാനം?
**ഉ. അദ്ദേഹത്തിന് ദൈവപിതാവിൽ അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നു.**

218. കരിസ്മാറ്റിക് പ്രാർത്ഥനയെക്കുറിച്ച് ഓഫീസ് സെക്രട്ടറിയായിരുന്ന സി.സി. ജോസിന്റെ സംശയത്തിന് കനീസിയൂസച്ചൻ നൽകിയ മറുപടി എന്ത്?
**ഉ. നിശബ്ദമായ പ്രാർത്ഥനയാണ് നമുക്ക് നല്ലത്.**

219. 'കെടാവിളക്ക്' എന്ന് കനീസിയൂസച്ചനെ അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ വിളിക്കുന്നതിന്റെ സാംഗത്യം പരിശോധിക്കുക.
**ഉ. ദിവ്യനാഥന്റെ സമീപത്ത് കെടാവിളക്ക് ചാരിതാർത്ഥ്യത്തോടെ സദാ ജ്വലിക്കുന്നു. കെടാവിളക്ക് തിരുസാന്നിധ്യത്തിന്റെ അടയാളമാണ്. തീനാളം കാറ്റേറ്റ് ആടിയുലയുമ്പോൾ സക്രാരിയോട് കൂടുതൽ അടുക്കുന്നു. അണയാൻ നേരം ആളിക്കത്തും.**

220. തന്റെ ആനന്ദം എന്താണെന്നാണ് കനീസിയൂസച്ചൻ പറയുന്നത് ?
**ഉ. തിരുസന്നിധിയിൽ ആയിരിക്കുക.**



Scanned with CamScanner

221. കനീസിയൂസച്ചന്റെ ആത്മീയജീവിതത്തിന്റെ രഹസ്യം എന്തെന്ന് ചോദിച്ച ഏലിയാസച്ചന് അദ്ദേഹം നൽകിയ മറുപടി എന്ത്?

**ഉ. ഏലിയാസച്ചാ, എനിക്കങ്ങനെ പ്രത്യേകിച്ച് ഒന്നുമില്ല.... ഞാൻ പ്രാർത്ഥിക്കുന്നു അത്രമാത്രം. എനിക്ക് അതു മതി.**

222. അങ്ങേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള അരുളപ്പാടുകളോ പ്രത്യക്ഷങ്ങളോ ദർശനങ്ങളോ ഉണ്ടായിട്ടുണ്ടോ എന്ന് ജോസഫ് ഏലിയാസച്ചൻ ചോദിച്ചതിന് കനീസിയൂസച്ചൻ നൽകിയ ഉത്തരം എന്തായിരുന്നു?

**ഉ. എനിക്ക് ദിവ്യദർശനങ്ങളോ വെളിപാടുകളോ അനുഭവപ്പെട്ടിട്ടില്ല. ഞാൻ വിശ്വസിക്കുന്നു... ഞാൻ വചനത്തിൽ വിശ്വസിക്കുന്നു. വചനത്തിൽ ജീവിക്കുന്നു. വിശ്വസിച്ച് പ്രാർത്ഥിക്കുന്നു.**

223. ജീവന്റെ വചസ്സായ വിശുദ്ധഗ്രന്ഥപാരായണത്തിന് കനീസിയൂസച്ചൻ പ്രധാനമായും തിരഞ്ഞെടുത്ത വചനഭാഗങ്ങൾ ഏവ?

**ഉ. ശ്ലീഹന്മാരുടെ നടപടിയും ലേഖനങ്ങളും.**

224. ദൗത്യനിർവ്വഹണത്തിനിടയിൽ സംജാതമാകുന്ന പ്രശ്നങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പ്രിയോരച്ചൻ ആവശ്യപ്പെടുമ്പോൾ കനീസിയൂസച്ചൻ നൽകിയിരുന്ന മറുപടി എന്താണ് ?

**ഉ. ദൈവേഷ്ടമാണെങ്കിൽ അത് നടക്കുകതന്നെ ചെയ്യും. ഞാൻ പ്രാർത്ഥിക്കാം.**

225. ദൈവേഷ്ടം കണ്ടെത്തുവാൻ കനീസിയൂസച്ചൻ നൽകുന്ന മുഖ്യമായ മാർഗ്ഗം?

**ഉ. പ്രാർത്ഥന.**



Scanned with CamScanner

226. ഭാരതീയസംസ്കാരത്തിൽ ഒരു കർമ്മയോഗിയുടെ പഞ്ച കർമ്മങ്ങൾ ഏവ?

**ഉ. ദേവയജ്ഞം, ബ്രഹ്മയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, നരയജ്ഞം.**

227. സി.എം.ഐ. സഭാപിതാക്കന്മാർ നിധിപോലെ പരിരക്ഷിക്കുകയും വിദ്യയെ എന്നപോലെ പരിപോഷിപ്പിക്കുകയും ചെയ്തത് എന്ത്?

**ഉ. പരി. ദൈവമാതാവിനോടുള്ള ഭക്തി.**

228. വ്യക്തിയുടെ ഹൃദയവും യേശുവിന്റെ ഹൃദയവും അടുക്കാനായി കനീസിയൂസച്ചൻ ഉപദേശിക്കുന്ന കാര്യം ഏത്?

**ഉ. ഹൃദയങ്ങൾ തമ്മിൽ അടുക്കണമെങ്കിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും അനുദിന ജീവിതാനുഭവങ്ങൾ ജീവിത പങ്കാളിയോടെന്ന പോലെ അടുത്തിരുന്ന് കർത്താവിനോട് പങ്കുവയ്ക്കണം. അപ്പോൾ അവിടുന്ന് ജീവിതമാർഗ്ഗവും ജീവന്റെ മാർഗ്ഗവും നമുക്ക് പറഞ്ഞു തരും.**

229. അപ്രതീക്ഷിതമായി സംഭവിക്കുന്നവയ്ക്കിടയിൽ കർത്താവ് നയിക്കുന്നവർ സ്വീകരിക്കുന്ന സമീപനത്തെ കുറിച്ച് കനീസിയൂസച്ചൻ പറയുന്നതെന്താണ്?

**ഉ. കർത്താവ് നയിക്കുന്നവരുടെ കാര്യത്തിൽ അപ്രതീക്ഷിതമായി പലതും സംഭവിക്കുമെങ്കിലും അതിലെല്ലാം വിസ്മയകരമായ പരിപാലന അവർ കാണും.**

230. മിഷനറിമാർക്കുവേണ്ടി ദിനം തോറും എന്തുചെയ്യുന്നുവെന്നാണ് കനീസിയൂസച്ചൻ എഴുതിയിരിക്കുന്നത്?

**ഉ. എന്റെ പ്രാർത്ഥനകളിൽ ഏറ്റവും പ്രധാനഭാഗം പ്രേഷിതർക്കുവേണ്ടിയാണ്. ദിവസത്തിൽ, അനേകം പ്രാവശ്യം അവർക്ക് ദിവ്യവിഭവങ്ങൾ എത്തിച്ചുതരുവാനായി തിരുസന്നിധിയിൽ ഞാൻ മാദ്ധ്യസ്ഥ്യം വഹിക്കുന്നുണ്ട്.**



Scanned with CamScanner

# 5

## കനീസിയൂസച്ചൻ അംഗമായ സന്യാസസഭ

231. കനീസിയൂസച്ചൻ സന്യാസവൈദികനാകാൻ തിരഞ്ഞെടുത്ത സഭ ഏത് ?

**ഉ. കർമ്മലീത്ത സഭ.**

232. കർമ്മലീത്താസഭ തിരഞ്ഞെടുക്കാനുണ്ടായ കാരണത്തെ കുറിച്ച് കനീസിയൂസച്ചൻ പിൽക്കാലത്ത് പറഞ്ഞത് അദ്ദേഹത്തിന്റെ വാക്കുകളിൽ എഴുതുക?

**ഉ. 'ഞാൻ എത്രയും ദയയുള്ള മാതാവേ....എന്ന പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചപ്പോൾ ഉത്തരീയം കൈയിൽ പിടിച്ചുകൊണ്ട് കർമ്മലമാതാവ് എന്റെ മുമ്പിൽ വന്ന് നിൽക്കുകയും കർമ്മലീത്താ സഭ മതി എന്ന് ഉള്ളിൽ ശക്തമായി തോന്നിപ്പിക്കുകയും ചെയ്തു.**

233. ആറ് വർഷത്തെ പരമാധ്യക്ഷ പദവികാലത്ത് കനീസിയൂസച്ചൻ താമസിച്ച ജനറാൾസ് ഹൗസിന്റെ പേര് ?

**ഉ. സെന്റ് ജോസഫ്സ് പ്രിയോർ ജനറാൾസ് ഹൗസ്, എറണാകുളം.**

234. കനീസിയൂസച്ചന്റെ മരണാനന്തരം ജനറാൾ ഹൗസിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയുടെ പേരെന്ത്?

**ഉ. സി – മിഷൻ.**

235. പാവറട്ടി ആശ്രമ സംസ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നു?

**ഉ. ശീശ്മകൾ ഉണ്ടായാൽ പ്രതിരോധിക്കുക.**



Scanned with CamScanner

236. പാവറട്ടി ആശ്രമം ഒരു വികാരിയാത്ത് കൊവേന്തയായി സ്ഥാപിച്ചത് ഏത് വർഷം ?

ഉ. 1895 - **പൊതുശ്രേഷ്ഠസംഘ നിശ്ചയപ്രകാരം.**

237. സി.എം.ഐ. സഭയുടെ രണ്ടാമത്തെ പ്രധാന യോഗാർത്ഥി ഭവനം സ്ഥാപിതമായത് എവിടെ?

ഉ. **കൂനമ്മാവിൽ.**

238. ഭാരതമണ്ണിൽ പൊട്ടിമുളച്ച ആദ്യത്തെ കത്തോലിക്ക സന്യാസസഭ ഏത് ?

ഉ. **അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്താസഭ. (TOCD).**

239. മാന്നാനം സമൂഹം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതും അറിയപ്പെട്ടതും ഏത് പേരിൽ ?

ഉ. **കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (Thercio Ordo Carmelitorum Discalcionis - TOCD)**

240. മാന്നാനത്ത് ആരംഭിച്ച സന്യാസ സഭയുടെ ഇന്നത്തെ പ്രസിദ്ധമായ സംജ്ഞ ഏത് ?

ഉ. **അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തർ (Carmelites of Mary Immaculate-CMI).**

241. സി.എം.ഐ. സ്ഥാപകത്രയം ആരെല്ലാം?

ഉ. **പാലയ്ക്കൽ തോമാച്ചൻ, പോരൂക്കര തോമാച്ചൻ, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.**

242. "മലയാളത്തിലെ നമ്മുടെ സഭയുടെ പ്രധാന സ്ഥാപകൻ" എന്ന് ചരിത്രകാരനായ ബർണാർദ് അച്ചൻ വിശേഷിപ്പിച്ചത് ആരെ?

ഉ. **പാലയ്ക്കൽ തോമാ മല്പാനച്ചനെ.**

243. സി.എം.ഐ. സഭ സ്ഥാപനത്തിന് ഏത് മെത്രാനിൽ നിന്ന് അനുവാദം വാങ്ങുവാനാണ് പാലയ്ക്കലച്ചനും പോരൂക്കരയച്ചനും പോയത്?



Scanned with CamScanner

ഉ. വരാപ്പുഴയിലെ താല്ക്കാലിക വികാരി അപ്പസ്തോലിക്കയായ മൗറേലിയൂസ് സ്തബിലീനി മെത്രാനച്ചൻ (1829).

244. "സി.എം.ഐ. സഭയുടെ അടിസ്ഥാന കല്ല് "എന്ന് ചരിത്രകാരനായ ബർണാർദച്ചൻ വിശേഷിപ്പിച്ചത് ആരെ?
**ഉ. പോരൂക്കര തോമാ മല്പാനച്ചനെ.**

245. സ്തബിലീനി മെത്രാന്റെ വിശ്വാസമുള്ള മന്ത്രി, കുമ്പസാരക്കാരൻ എന്നെല്ലാം വിശേഷിപ്പിക്കപ്പെട്ടത് ആരെ?
**ഉ. അഞ്ഞൂറ്റിക്കാരനായ പസ്കാൾ വയിലൊൻ ദെ യേശു മരിയ (Paschal Boylon de Jesu Maria) എന്ന പാദ്രി അച്ചനെ.**

246. സി.എം.ഐ. സഭയുടെ ആദ്യ ഭവനമായ ദർശന വീടു പണിയാൻ തയ്യിൽ പെരുമാലി വക ഓലംകണ്ണാല എന്ന കുന്ന് കണ്ടപ്പോൾ പിതാക്കന്മാർ ആ കുന്നിനെ വിളിച്ച പേര് ?
**ഉ. ബേസ് റൗമ്മാ (ഉയർന്ന സ്ഥലം).**

247. മാന്നാനത്തെ ഓലം കണ്ണാലകുന്നിൽ കെട്ടിടനിർമ്മാണത്തിനുള്ള പ്രാരംഭപണികൾ ആരംഭിച്ചത് എന്ന് ?
**ഉ. 1831 മാർച്ച് 30 (കാടുവെട്ടി തെളിക്കൽ).**

248. സി.എം.ഐ. സഭക്ക് അഥവാ ദർശനവീടിന് കല്ലിട്ടത് എന്ന് ?
**ഉ. 1831 മെയ് 11.**

249. സി.എം.ഐ. സഭാ സംസ്ഥാപനത്തെക്കുറിച്ച് ആധികാരികമായി എഴുതിയിട്ടുള്ള കർദ്ദിനാൾ ആര് ?
**ഉ. കർദ്ദിനാൾ യൂജിൻ ടിസറാങ്ങ് (ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ).**

250. കൂനമ്മാവ് എന്നു മുതലാണ് കൊവേന്തയായി തീർന്നത്?
**ഉ. 1857 ആഗസ്റ്റ് മുതൽ.**



Scanned with CamScanner

251. കൂനമ്മാവ് കൊവേന്തയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ ആര് ?

ഉ. വി.ഫിലോമിന.

252. കൂനമ്മാവ് കൊവേന്ത ലത്തീൻകാർക്ക് വിട്ടുകൊടുക്കാനും, സി.എം.ഐ.ക്കാർ അവിടം വിട്ടുപോകാനും റോം കല്പന പുറപ്പെടുവിച്ച വർഷം ?

ഉ. 1889.

253. കൂനമ്മാവിലെ രണ്ടാമത്തെ സി.എം.ഐ. കൊവേന്ത എന്ന സ്ഥാപനത്തിന്റെ ആദ്യത്തെ പേര് ?

ഉ. തൊണ്ടിപ്പറമ്പ് ബംഗ്ലാവ്.

254. സി.എം.ഐ.ക്കാർ വെള്ള നിറമുള്ള ഉടുപ്പ് ധരിച്ചു തുടങ്ങിയത് എന്നു മുതൽ?

ഉ. 1959 (പുതിയ നിയമാവലി നിലവിൽ വന്നപ്പോൾ).

255. രണ്ടാം വത്തിക്കാൻ സൂനഹദോസിന് 10 വർഷം മുമ്പ്, അധുനാതനീകരണം സി.എം.ഐ. സഭയിൽ ആരംഭിച്ച മേൽ ശ്രേഷ്ഠൻ ആര്?

ഉ. ബ. മാവുരൂസ് അച്ചൻ.

256. സി.എം.ഐ. സഭ പൊന്തിഫിക്കൽ സഭയായത് (Juris Pontifici) എന്ന് ?

ഉ. 1887. (വികാരിയാത്തുകളുടെ സംസ്ഥാപന പശ്ചാത്തലത്തിൽ).

257. സി.എം.ഐ. സഭയുടെ നാമധേയത്തിൽ 1959ൽ വന്ന മാറ്റം എന്ത്?

ഉ. അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തർ (സി.എം.ഐ.) എന്ന പേർ ലഭിച്ചു.

258. കൊച്ചി രാജ്യത്ത് ആദ്യമായി വൈദ്യുതീകരിക്കപ്പെട്ട കോവിലകം ഏത് ?

ഉ. പരിയാരം കോവിലകം.



Scanned with CamScanner

259. പരിയാരം സി.എസ്.ആർ-ലെ ദേവാലയത്തിനകത്തെ കലാനിർമ്മിതികൾക്ക് നേതൃത്വം നൽകിയത് ആര്?

**ഉ. ഫാ. ജോയ് എളംകുന്നപ്പുഴ സി.എം.ഐ.**

260. സി.എസ്.ആർ എന്ന ചുരുക്കപ്പേരിന്റെ പൂർണ്ണ രൂപം ?

**ഉ. Centre for Spiritual Realization (സാക്ഷാത്ക്കാര).**

261. സി.എം.ഐ. സഭക്ക് ശിലാസ്ഥാപനം നടത്തിയത് ഒരു സൂനഹദോസിന്റെ 14-ാം ശതാബ്ദത്തിലായിരുന്നു. ഏത് സൂനഹദോസിന്റെ ?

**ഉ. എഫേസൂസ് (A.D. 431).**

262. സി.എം.ഐ. സഭയുടെ ആദ്യവ്രതാർപ്പണ വേളയിൽ ആദ്യ പിതാക്കന്മാർക്ക് നൽകിയ വേഷം ?

**ഉ. ഡൊമിനിക്കൻ രീതിയിലുള്ള വെള്ള ളോവ, നീണ്ട തുകൽവാർ, ഉത്തരീയം.**

263. സി.എം.ഐ. ക്കാർ എന്നുമുതലാണ് ശിരോവസ്ത്രം ധരിച്ചുതുടങ്ങിയത്?

**ഉ. 1868 മുതൽ (വെള്ളനിറം).**

264. സി.എം.ഐക്കാർ ധരിച്ചിരുന്ന നീലനിറത്തിലുള്ള കാപ്പ സൂചിപ്പിച്ചിരുന്നതെന്ത്?

**ഉ. അവർ അമലോത്ഭവമാതാവിന്റെ മക്കളൊണെന്ന്.**

265. തവിട്ടുനിറത്തിലുള്ള ഉടുപ്പ്, അരപ്പട്ട, നെടിയ ഉത്തരീയം തുടങ്ങിയവ സി.എം.ഐക്കാർ ധരിക്കാൻ തുടങ്ങിയത് എന്നുമുതൽ?

**ഉ. 1893 മുതൽ.**

266. സി.എം.ഐ.ക്കാർ കാപ്പ ധരിക്കൽ നിർത്തലാക്കിയത് എന്ന് മുതൽ?

**ഉ. 1969 മുതൽ.**



Scanned with CamScanner

267. സി.എം.ഐ. സഭയുടെ ഔദ്യോഗിക മുദ്രയിൽ സു
യാനി ഭാഷയിൽ ആലേഖനം ചെയ്തിരിക്കുന്നത് എഴ
തുക?
**ഉ. മെത്തൻ തെന്നെസ് ല് മറിയ ആലാഹാ ഹൈ
സാനാ. (സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രത
ഞാൻ അതീവ തീക്ഷ്ണതയാൽ ജ്വലിക്കുകയാണ്.
(1 രാജാ. 19:14).**

268. കൊവേന്ത എന്ന മലയാളപദത്തിന്റെ മൂലപദം ഏത്?
**ഉ. 'കൊൺവേന്തും' എന്ന ലത്തീൻപദം.**

269. സാമ്പാളൂരിൽ എന്തു ചെയ്യുവാനാണ് സി.എം.ഐ. സ
യുടെ ആദ്യകാലപിതാക്കന്മാർ ആഗ്രഹിച്ചത്.?
**ഉ. ഒരു കൊവേന്ത വയ്ക്കാൻ.**

270. വി. ചാവറയച്ചനെ പ്രിയോർ എന്ന് വിളിച്ചത് എന്ന്?
**ഉ. 1855ൽ ആദ്യവ്രതം ചെയ്തപ്പോൾ**

271. സി.എം.ഐ. സഭക്ക് 1831 മുതൽ 1857 വരെ എത്ര ഭവ
ങ്ങളുണ്ടായിരുന്നു?
**ഉ. ഒന്നുമാത്രം, മാന്നാനം.**

272. മാന്നാനം സമൂഹത്തിന്റെ എത്രാമത്തെ സുപ്പീരിയറാ
രുന്നു ചാവറയച്ചൻ?
**ഉ. മൂന്നാമത്തെ.**

273. സി.എം.ഐ. സഭയുടെ പ്രഥമ പ്രിയോർ ജനറാൾ ആ
യിരുന്നു?
**ഉ. ചാവറ കുര്യക്കോസ് ഏലിയാസച്ചൻ.**

274. 1833-64 വരെ ചാവറയച്ചൻ സ്ഥിരതാമസമാക്കിയത് എ
ടെയായിരുന്നു?
**ഉ. മാന്നാനത്ത്.**

275. 1864നുശേഷം ചാവറയച്ചന്റെ സ്ഥിരതാമസം എവിടെ
യിരുന്നു?
**ഉ. കൂനമ്മാവ് വി. ഫിലോമിനയുടെ ആശ്രമത്തിൽ.**



Scanned with CamScanner

276. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുത്ത സി. എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ആരായിരുന്നു?

ഉ. **മാവുരൂസ് അച്ചൻ**.

277. ഇന്നത്തെ തിരുഹൃദയപ്രവിശ്യ, കൊച്ചിയുടെ, മാതൃപ്രവിശ്യയായ കളമശ്ശേരി പ്രവിശ്യയെ പടുത്തുയർത്തിയ ക്രാന്തദർശി ആര്?

ഉ. **ബഹു. ഫ്രാൻസീസ് സാലസ് അച്ചൻ**.

278. സി.എം.ഐ. സഭയുടെ ഒരു സാമൂഹ്യപ്രവർത്തനപ്രസ്ഥാനം CEVA (സേവ) എന്ന പേരിൽ അറിയപ്പെടുന്നു. ആ ചുരുക്കപ്പേരിന്റെ പൂർണ്ണരൂപം എന്ത് ?

ഉ. **സിറിയക് ഏലിയാസ് വൊളണ്ടറി അസോസിയേഷൻ. (1986)**

279. എറണാകുളത്തെ ചാവറ കൾച്ചറൽ സെന്റർ ആരംഭിച്ചത് ഏത് വർഷം ?

ഉ. **1971**.

280. വി. ചാവറയുടെ ചരമശതാബ്ദി ആഘോഷിക്കുന്ന കാലത്ത് സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ആരായിരുന്നു?

ഉ. **കനീസിയൂസച്ചൻ**.

281. വി.ചാവറയച്ചൻ മരണമടഞ്ഞ ഉടനെ അദ്ദേഹത്തിന്റെ വസ്ത്രങ്ങളും മറ്റും തിരുശേഷിപ്പുകളായി ആശ്രമങ്ങൾക്ക് നൽകിയത് ആര് ?

ഉ. **ബഹു. ലെയോപ്പോൾദ് മിഷനറി**.

282. ലെയോപ്പോൾദ് മിഷനറി ഇറ്റലിയിലേക്ക് തിരിച്ചുപോയ വർഷം?

ഉ. **1876.**

283. വി. ചാവറ മരണമടഞ്ഞ് എത്ര വർഷം കഴിഞ്ഞപ്പോഴാണ് അവശേഷിപ്പുകൾ മാന്നാനത്തേക്ക് കൊണ്ടുപോയത്?

ഉ. **18 വർഷം കഴിഞ്ഞ്**.



Scanned with CamScanner

284. കൂനമ്മാവിൽ നിന്ന് മാന്നാനത്തിന് കൊണ്ടുപോകാനായി കുഴിമാടം തുറന്നപ്പോൾ വി.ചാവറയച്ചന്റെ ഏതെല്ലാം ശരീരാവശിഷ്ടങ്ങളാണ് ലഭിച്ചത് ?

**ഉ. തലയോട്ടിയും ഏതാനും അസ്ഥികളും.**

285. വി. ചാവറയച്ചന്റെ നാമകരണനടപടികൾ എളിയ തോതിൽ ആരംഭിച്ച വർഷം ?

**ഉ. മരണശേഷം 65 വർഷം കഴിഞ്ഞ്, 1936 ൽ.**

286. വി.ചാവറയച്ചന്റെ നാമകരണനടപടികൾ ആരംഭിക്കണമെന്ന് ആദ്യമായി റോമിലേക്ക് അപേക്ഷ സമർപ്പിച്ച പ്രിയോർ ജനറാൾ ആര് ?

**ഉ. ബഹു. മാവുരൂസച്ചൻ (1953).**

287. വി. ചാവറയച്ചന്റെ നാമകരണനടപടികൾ ആരംഭിക്കുന്നതിന് സി.എം.ഐ. പ്രിയോർ ജനറാളിന് ഒത്താശ നൽകിയത് ആര്?

**ഉ. കർദ്ദിനാൾ ടിസറാങ്.**

288. വി. ചാവറയുടെ നാമകരണനടപടികളുടെ ആദ്യത്തെ പോസ്റ്റുലേറ്റർ ആര് ?

**ഉ. ബഹു. പ്ലാസിഡ് പൊടിപ്പാറ സി.എം.ഐ. അച്ചൻ.**

289. വി. ചാവറയുടെ ലളിതമായ പ്രാർത്ഥനയ്ക്കുള്ള നാല് ഭാഗങ്ങൾ ഏവ?

**ഉ. വായന, ഏകാന്തം, ധ്യാനത്തോടുകൂടിയ നമസ്കാരം, ധ്യാനം.**

290. വി.ചാവറയുടെ ആപ്തവാക്യം ഏത്?

**ഉ. ദൈവതിരുമനസ്സ് നടക്കും, നടത്തും.**

291. 'സി.എം.ഐ. സഭയുടെ സ്ഥാപകസഹായി' എന്ന് വിളിക്കപ്പെടുന്നത് ആരെ?

**ഉ. ബഹു. ബ്രദർ കണിയാന്തറ യാക്കോബിനെ.**



Scanned with CamScanner

292. മാന്നാനം സമൂഹം കർമ്മലീത്താനിഷ്പാദുകസഭയോട് അനുബന്ധിക്കപ്പെട്ടത് ഏത് വർഷം?

ഉ. 1860.

293. വി. ചാവറയുടെ, ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന മുഖം വരച്ച കലാകാരന്റെ പേര് ?

ഉ. ബഹു. ബ്ര. ബ്രൊക്കാർഡ് (1950).

294. 1950ൽ സി.എം.ഐ. സഭക്ക് എത്ര ഭവനങ്ങളും അംഗങ്ങളും ഉണ്ടായിരുന്നു?

ഉ. 37 ഭവനങ്ങളും 400 അംഗങ്ങളും.

295. തൃശൂർ ടൗണിൽ ഒരു കൊവേന്ത സ്ഥാപിക്കുവാൻ ആദ്യം പരിശ്രമിച്ച വ്യക്തി ആര്?

ഉ. മാർ യോഹന്നാൻ മേനാച്ചേരി മെത്രാൻ (1904). രൂപത വകയായുള്ള തോപ്പ് എന്ന സ്ഥലം നീക്കിവെക്കുകയും റോമിൽ നിന്ന് അനുവാദം വാങ്ങുകയും ചെയ്തു.

296. തൃശൂർ ദേവമാതാപ്രവിശ്യയുടെ പ്രഥമ പ്രൊവിൻഷ്യാൾ ആര് ?

ഉ. മാർ ക്ലമന്റസ് തോട്ടുങ്കൽ (1953).

297. തൃശൂർ ദേവമാതാപ്രവിശ്യ ഉദ്ഘാടനം ചെയ്തത് എന്ന് ?

ഉ. 1953 മാർച്ച് 25 (എൽത്തുരുത്ത്).

298. തൃശൂർ പ്രവിശ്യയുടെ ഈടു വയ്പിലുള്ള ഏറ്റവും വലിയ പൈതൃക നിക്ഷേപമായി കണക്കാക്കുന്നത് എന്തിനെ?

ഉ. കൊടുങ്ങല്ലൂർ അഴിക്കോട് തീർത്ഥകേന്ദ്രത്തിൽ പ്രതിഷ്ഠിതമായ വി. തോമാശ്ലീഹായുടെ തിരുശേഷിപ്പിനെ.

299. എൽത്തുരുത്ത് ആശ്രമ ശിലാസ്ഥാപനം നടത്തിയത് ആര്?

ഉ. വി.ചാവറയച്ചൻ. 1858 ഫെബ്രുവരി 2.



Scanned with CamScanner

300. ബർണർദീനോസ് മെത്രാന്റെ പ്ലാനനുസരിച്ച് നടന്ന എൽത്തുരുത്ത് ആശ്രമപണികൾക്ക് നേരെയുണ്ടായ റെഡ്സിഗ്നൽ എന്തായിരുന്നു?
**ഉ. റോക്കോസ് ശീശ്മ.**

301. റോക്കോസ് ശീശ്മയെ ചാവറപ്പട്ടാളം നേരിട്ടത് എങ്ങനെ
**ഉ. കരുത്തുറ്റ ദൈവവചനപ്രഘോഷണങ്ങളിലൂടെയും സിവിൽ നിയമനടപടികളിലൂടെയും.**

302. എൽത്തുരുത്ത് എന്ന വാക്കിന്റെ അർത്ഥം?
**ഉ. ദൈവത്തിന്റെ തുരുത്ത്.**

303. പാവറട്ടിയിലെ കർമ്മലീത്താ കൊവേന്തയും പള്ളിയു ആരുടെ നാമത്തിലാണ് സ്ഥാപിച്ചത്?
**ഉ. വി.തോമാസ് ശ്ലീഹായുടെ.**

304. കേരളകത്തോലിക്കാസഭാന്തരീക്ഷത്തെ പിടിച്ചുകുല ക്കിയ ശീശ്മകൾക്കെതിരെയുള്ള പോരാട്ടത്തിന നേതൃത്വം നൽകിയത് ഏത് സഭക്കാർ ?
**ഉ. കർമ്മലസഭാ സന്താനങ്ങൾ.**

305. പാവറട്ടി ആശ്രമത്തിലെ പുതിയ പള്ളിക്കും പുതിയ സ്കൂൾ കെട്ടിടത്തിനും ശിലാസ്ഥാപനം നടത്തിയത ആർ?
**ഉ. തൃശൂർ വികാരി അപ്പസ്തോലിക്ക മാർ മേനാച്ചേരി യോഹന്നാൻ മെത്രാനച്ചൻ.**

306. 1831ൽ മാന്നാനത്ത് ആരംഭിച്ച കത്തോലിക്കാ സന്യാസ സഭ ആരംഭ കാലത്ത് അറിയപ്പെട്ടിരുന്നത് ഏത് പേരിൽ
**ഉ. അമലോത്ഭവമറിയത്തിന്റെ ദാസസംഘം.**

307. ക.നി.മൂ.സ. എന്നതിന്റെ പൂർണ്ണരൂപം എന്ത്?
**ഉ. കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ.**

308. ക.നി.മൂ.സ. എന്ന നാമം മാറി അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തർ എന്നറിയപ്പെടാൻ തുടങ്ങിയത് എന്ന



Scanned with CamScanner

മുതൽ?

ഉ. **1958 മുതൽ.**

309. സി.എം.ഐ സഭയുടെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

ഉ. **വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ.**

310. മലയാളത്തിലെ നമ്മുടെ സന്യാസസഭയുടെ പ്രധാന സ്ഥാപകൻ എന്ന് ചാവറയച്ചനെ വിശേഷിപ്പിച്ചത് ആര്?

ഉ. **ബഹു. ബർണാർദച്ചൻ.**

311. സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ട വർഷം ?

ഉ. **1953.**

312. കേരളസഭയിൽ അനുസ്മരിക്കപ്പെടേണ്ട ഒരു മഹാവ്യക്തിത്വമായ ബഹു. മാവുരൂസച്ചൻ ഭാഗ്യമരണം പ്രാപിച്ചത് എന്ന്?

ഉ. **1978ൽ.**

313. സി.എം.ഐ. സഭയുടെ ആദ്യത്തെ പ്രിയോർ ജനറാൾസ് ഹൗസ് എവിടെ ആയിരുന്നു?

ഉ. **മാന്നാനം.**

314. ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ് സ്ഥാപിതമായത് എന്ന്? അക്കാലത്തെ പ്രിയോർ ജനറാൾ ആര് ?

ഉ. **1969. ബഹു. കനീസിയൂസച്ചൻ.**

315. റോമിൽ സി.എം.ഐ. സഭയുടെ ആദ്യത്തെ പ്രൊക്കുറേറ്റർ ജനറാളായി നിയമിച്ചത് ആരെ?

ഉ. **ബഹു. ജസ്റ്റിൻ കോയിപ്പുറം അച്ചനെ.**

316. ചാവറയച്ചൻ അടക്കംചെയ്യപ്പെട്ട ആശ്രമദേവാലയം ഏത് ?

ഉ. **കൂനമ്മാവിലെ വി. ഫിലോമിനയുടെ ആശ്രമദേവാലയം.**



Scanned with CamScanner

317. സി.എം.ഐ. സഭയിലെ സഹായ സഹോദരങ്ങളുടെ സമുദ്ധാരകനായി അറിയപ്പെടുന്നത് ആര് ?

ഉ. **കനീസിയൂസച്ചൻ.**

318. കൂനമ്മാവിൽ ഒരു ബ്രദേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത് എന്ന് ?

ഉ. **1969 ൽ.**

319. ധർമ്മാരാം ദേവാലയത്തിലെയും ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് ദേവാലയത്തിലെയും പരിയാരം സാക്ഷാത്ക്കാരയിലെയും ചിത്രങ്ങൾ ചില്ല് കഷണങ്ങൾ കൊണ്ട് മെനഞ്ഞെടുത്ത ശില്പി ആര് ? അദ്ദേഹം ഏത് സംസ്ഥാനക്കാരനാണ്?

ഉ. **ആർട്ടിസ്റ്റ് ബാലൻ; കേരളം**

320. സി.എം.ഐ. സഭയുടെ പ്രധാന ശ്രേഷ്ഠനായിരുന്ന ബർണർദിനോസ് മെത്രാപ്പോലീത്തായ്ക്കുവേണ്ടി മാന്നാനം ആശ്രമത്തിൽ കാനോനികസന്ദർശനം നടത്തിയ വ്യക്തി ആര് ? എന്ന്?

ഉ. **മർസിലിനോസ് മിഷനറി; 1860 മാർച്ചിൽ.**

321. സി.എം.ഐ. സഭയെ മൂന്ന് പ്രവിശ്യകളായി വിഭജനം നടത്തുന്നതിന് നേതൃത്വം നൽകിയത് ആര് ?

ഉ. **മാർ ബൊനവഞ്ചർ അരാന ; 1953.**

322. കേരളത്തിലെ പ്രഥമ ദിനപത്രം ഏത് ?

ഉ. **ദീപിക.**

323. ഏതെല്ലാം പ്രദേശങ്ങൾ ഉൾക്കൊണ്ടതായിരുന്നു തൃശൂർ ദേവമാതാ പ്രോവിൻസ്?

ഉ. **തൃശൂർ, പാവറട്ടി, ഇരിഞ്ഞാലക്കുട, ചാലക്കുടി.**

324. ദേവമാതാ പ്രോവിൻസിന്റെ ആദ്യ ആസ്ഥാനം എവിടെയായിരുന്നു?

ഉ. **എൽത്തുരുത്ത്.**



Scanned with CamScanner

325. ദേവമാതാ പ്രോവിൻസിന്റെ ഇപ്പോഴത്തെ ആസ്ഥാനം എവിടെ?

**ഉ. തൃശൂർ പാട്ടുരായ്ക്കൽ എന്ന സ്ഥലത്ത്.**

326. സാക്ഷാത്ക്കാരയിലെ പ്രഥമ സുപ്പീരിയറായി നിയമിതനായ വ്യക്തി ആര് ?

**ഉ. ബഹു. നോർബർട്ട് എടാട്ടുകാരൻ അച്ചൻ.**

327. സാക്ഷാത്ക്കാരയുടെ ഹൃദയം എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

**ഉ. നിശബ്ദമായ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ധ്യാനത്തിനുമായി മാറ്റിവച്ചിട്ടുള്ള സന്നിധിയെ.**

328. ഡിസംബർ 8 വ്രതം ചെയ്യുന്നതിനുള്ള ദിവസമായി സി.എം.ഐ. സഭ തിരഞ്ഞെടുക്കാൻ കാരണമെന്ത്?

**ഉ. മാതാവിന്റെ അമലോത്ഭവ തിരുന്നാൾ ദിനം.**

329. വി. ചാവറയച്ചൻ "നല്ല അപ്പന്റെ ചാവരുൾ" എഴുതിക്കൊടുത്തത് ആർക്ക് ?

**ഉ. സ്വന്തം ജനമായ കൈനകരിക്കാർക്ക്.**

330. സി.എം.ഐ. സഭയുടെ ഇപ്പോഴത്തെ പ്രിയോർജനറാളച്ചന്റെ പേര് ?

**ഉ. ഫാ.ഡോ. പോൾ ആച്ചാണ്ടി സി.എം.ഐ.**

331. സി.എം.ഐ. ദേവമാത പ്രോവിൻസിന്റെ ഇപ്പോഴത്തെ പ്രൊവിൻഷ്യാളച്ചൻ ആര് ?

**ഉ. ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ**

332. തിരിച്ചൂർ, തൃശിവപ്പേരൂർ എന്നീ രണ്ട് സ്ഥലനാമങ്ങളിൽ ഏതിൽ നിന്നാണ് തൃശൂർ എന്ന സംജ്ഞ ഉണ്ടായത്?

**ഉ. തിരിച്ചൂർ, തൃശിവപ്പേരൂർ (രണ്ടിൽ നിന്നും ആകാം)**



Scanned with CamScanner

# 6

## കർമ്മലീത്തരുടെ പൊതുചരിത്രം.

333. കർമ്മലീത്താസഭയുടെ ഉത്ഭവകേന്ദ്രമായി പറയുന്ന സ്ഥലം ?

**ഉ. മെഡിറ്ററേനിയൻ തീരത്തുള്ള പലസ്തീനായിലെ കർമ്മലമല. (Mount of Carmel)**

334. കർമ്മല എന്ന വാക്കിനുള്ള ഹീബ്രുപദം ഏത്? അതിന്റെ അർത്ഥം എന്ത് ?

**ഉ. കാരം ഏൽ (Kerem el). ദൈവത്തിന്റെ തോട്ടം.**

335. കർമ്മലമലയിൽ താമസിച്ചിരുന്ന പ്രസിദ്ധനായ പ്രവാചകന്റെ പേര് ?

**ഉ. ഏലിയാപ്രവാചകൻ. (യഹോവ എന്റെ ദൈവം)**

336. ഏലിയാ ദൈവത്തിന് നൽകിയ പ്രത്യുത്തരം എന്താണ്?

**ഉ. മെത്തൻ തെന്നെസ് ല് മറിയാ ആലാഹാ ഹൈൽസാനാ (സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതി ഞാൻ അതീവ തീക്ഷ്ണതയാൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു. 1 രാജാ.19:14).**

337. ഏലിയാപ്രവാചകനു ശേഷം കർമ്മലമല നിവാസികളുടെ നേതൃത്വം വഹിച്ചത് ആര് ?

**ഉ. ഏലീശാപ്രവാചകൻ.**

338. ഏലിയായുടെ സമൂഹത്തെ കാലാന്തരത്തിൽ വിശേഷിപ്പിച്ചിരുന്നത് ആരുടെ ആൾക്കാർ എന്നാണ് ?

**ഉ. ഏലിയായുടെ മക്കളും പരി. മാതാവിന്റെ സഹോദരന്മാരും.**



Scanned with CamScanner

339. കർമ്മലമലയിലെ സമൂഹം വ്യവസ്ഥാപിത സമൂഹമായത് ഏത് നൂറ്റാണ്ടിൽ ?

ഉ. 12–ാം നൂറ്റാണ്ടിൽ.

340. കർമ്മലമലയിൽ ഒരുമിച്ചുവസിച്ച സമൂഹത്തിന്റെ പ്രധാന നേതാവ് ആര് ?

ഉ. **ഫ്രഞ്ചുകാരനായ ബർത്തോൾഡ്.**

341. കർമ്മലീത്താസഭക്കാരുടെ ആദ്യത്തേതും അടിസ്ഥാനപരവുമായതുമായ ന്യായപ്രമാണം (റേഗുള) എഴുതിയുണ്ടാക്കിയതാര്?

ഉ. **വി. ബ്രൊക്കാർഡിന്റെ മുൻഗാമിയും കർമ്മലീത്താ സഭയുടെ സഹസ്ഥാപകനും അന്നത്തെ ജെറുസലേം പാത്രിയർക്കീസുമായിരുന്ന വി. ആൽബർട്ട്. (1149 – 1214)**

342. ന്യായപ്രമാണം ലഭിച്ചതുമുതൽ കർമ്മലീത്താസമൂഹം അറിയപ്പെട്ടിരുന്നത് ഏത് പേരിൽ ?

ഉ. **Ordo - Carmelitorum- ( O'Carm).**

343. കർമ്മലീത്താസഭക്കാരുടെ ആദ്യകാല ജീവിതശൈലി എന്തായിരുന്നു?

ഉ. **പ്രണിധാന പ്രധാനമായ സന്യാസജീവിതം (Contemplative life)**.

344. 13–ാം നൂറ്റാണ്ടിൽ കർമ്മലീത്താസഭയുടെ ജനറാൾ ആരായിരുന്നു?

ഉ. **വി. സൈമൺ സ്റ്റോക്ക്.**

345. തനിക്കു നേരിട്ട രൂക്ഷമായ പ്രതിസന്ധി നേരിടാൻ ജനറാളായ സൈമൺസ്റ്റോക്ക് കർമ്മലനാഥയോട് പ്രാർത്ഥിച്ചപ്പോൾ ഉത്തരീയം നൽകികൊണ്ട് ആ നാഥ പറഞ്ഞതെന്ത്?

ഉ. **ഇത് എന്റെ സാഹോദര്യത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവുമാണ്; ഇത് ധരിക്കുന്നവർ നശിക്കുകയില്ല. (1251 ജൂലായ് 16)**



Scanned with CamScanner

346. കർമ്മലോത്തരീയത്തെക്കുറിച്ച് കർമ്മലമാതാവ് ഏത് മാർപാപ്പയോടാണ് സംഭാഷിച്ചത് ?
**ഉ. 22-ാം യോഹന്നാൻ (1322)**

347. കർമ്മലീത്താസഭയെ നവീകരിച്ച പ്രസിദ്ധയായ കർമ്മ ലീത്താസന്യാസിനി ആര്?
**ഉ. വേദപാരംഗതയായ ആവിലായിലെ വി. ത്രേസ്യ.**

348. കർമ്മലീത്താസഭ നിഷ്പാദുകസഭ എന്നു വിശേഷിപ്പി ക്കാൻ തുടങ്ങിയത് എന്നുമുതൽ?
**ഉ. 1562 ലെ നവീകരണത്തിനുശേഷം.**

349. കർമ്മലീത്താസഭ 1562ലെ നവീകരണത്തിനുശേഷം അറി യപ്പെടാൻ തുടങ്ങിയത് ഏത് പേരിൽ?
**ഉ. Ordo Carmelitorum Discalcionis (OCD)**

350. കർമ്മലീത്താ മൂന്നാം സഭയിലെ ആദ്യകാല അംഗങ്ങൾ ഏതു വിഭാഗത്തിൽപ്പെട്ടവരായിരുന്നു?
**ഉ. സാധാരണക്കാരായ അത്മായർ.**

351. കത്തോലിക്കാസഭയിൽ മൂന്നാം സഭകൾ ഉടലെടുക്കുവാ നുള്ള സാഹചര്യം ഏത് ?
**ഉ. 15-ാം നൂറ്റാണ്ടിൽ പ്രബലമായി നിലനിന്ന, സന്യാസ സഭകളുമായി ബന്ധപ്പെട്ടു ജീവിച്ചാൽ ആത്മരക്ഷ ഏറ്റവും എളുപ്പമാകും എന്ന ചിന്ത.**

352. കർമ്മലീത്താ സന്യാസസഭാചരിത്രത്തിൽ ആദ്യമായി പ്രിയോർ എന്ന് വിളിക്കപ്പെട്ടത് ആരെ?
**ഉ. വി.ബ്രൊക്കാർദിനെ. (13-ാം നൂറ്റാണ്ട്)**

353. കർമ്മലീത്താ സഭയുടെ സഹസ്ഥാപകൻ ആര്?
**ഉ. വി. ആൽബർട്ട്.**

354. കർമ്മലീത്താക്കാരുടെ ആദ്യത്തേതും അടിസ്ഥാനപരവു മായ ന്യായപ്രമാണം ഏത് ?
**ഉ. വി.ആൽബർട്ട് കർമ്മലയിലെ ഫ്രാങ്കിഷ് സന്യാസി മാർക്ക് എഴുതികൊടുത്ത നിയമസംഹിത.**



Scanned with CamScanner

# 7

# കനീസിയൂസച്ചൻ സേവനപാതയിൽ

355. ഡോക്ടറേറ്റ് നേടിയശഷം കനീസിയൂസച്ചൻ ആദ്യം സേവനം ചെയ്തത് എവിടെ?

**ഉ. ചെത്തിപ്പുഴ സെമിനാരിയിൽ. പ്രൊഫസറായി സേവനം ചെയ്തു.**

356. 1959 ൽ അമ്പഴക്കാട് നവസന്യാസികളുടെ ഗുരുവച്ചനായി തിരഞ്ഞെടുത്തത് ആരെ?

**ഉ. കനീസിയൂസച്ചനെ.**

357. ബാംഗ്ലൂർ ധർമ്മാരാമിൽ റെക്ടറച്ചനായിരിക്കെ കനീസി യൂസച്ചനെ സന്ദർശിക്കാൻ പൂനയിൽ നിന്നുവന്ന സെമി നാരി വിദ്യാർത്ഥി ആര് ?

**ഉ. പിൽക്കാലത്ത് ഇരിങ്ങാലക്കുട രൂപതയുടെ മെത്രാ നായി തീർന്ന ബ്രദർ ജെയിംസ് പഴയാറ്റിൽ.**

358. ധർമ്മാരാമിന്റെ റെക്ടറായി കനീസിയൂസച്ചൻ ചുമതല യേറ്റത് എത്രാം വയസ്സിലാണ്?

**ഉ. 45-ാം വയസ്സിൽ. 1960ൽ.**

359. 1977-ലെ നിയമാവലി പരിഷ്കരിക്കാൻ രൂപപ്പെടുത്തിയ കമ്മറ്റിയുടെ കൺവീനർ ആരായിരുന്നു?

**ഉ. കനീസിയൂസച്ചൻ.**

360. സഹകൗൺസിലറായിരുന്ന ഫാ. ഡൊമീഷ്യൻ മാണിക്യ ത്താന്റെ വിലയിരുത്തലിൽ കനീസിയൂസച്ചൻ എങ്ങനെ യുള്ള സന്യാസിയാണ് ?

**ഉ. അദ്ദേഹം നിയമം പാലിക്കുന്ന, ലളിതമനസ്കനായ ഒരു നല്ല സന്യാസിയാണ്.**



Scanned with CamScanner

361. ശെമ്മാശന്മാരുടെ പരിശീലനവേദിയിൽ നിന്ന് സഭ മുഴു വന്റെയും പരിശീലനക്കളരിയിലേക്ക് ഇറങ്ങിത്തിരിച്ച ദ്രോണാചാര്യൻ ആര് ?

**ഉ. ഫാ. കനീസിയൂസ്.**

362. കനീസിയൂസച്ചൻ ജനറാൾ സ്ഥാനത്തേക്ക് അവരോധി തനാകുന്നത് എന്ന്?

**ഉ. 1966 ജനുവരി 10ന്; 51-ാം വയസ്സിൽ.**

363. സി.എം.ഐ. സഭയുടെ കർമ്മഭൂമി വിസ്തൃതവും വൈവി ധ്യവുമായിത്തീർന്നത് ആരുടെ കാലത്താണ്?

**ഉ. കനീസിയൂസച്ചന്റെ.**

364. കനീസിയൂസച്ചനെ എത്രാമത്തെ പ്രിയോർ ജനറാളായി ട്ടാണ് തിരഞ്ഞെടുത്തത്?

**ഉ. തിരഞ്ഞെടുപ്പ് ക്രമപ്രകാരം 21-ാമത്തെ.**

365. കനീസിയൂസച്ചന്റെ സാമൂഹ്യപ്രവർത്തനങ്ങളുടെ ദൂര ക്കാഴ്ച വെളിവാക്കുന്ന സംരംഭം എന്ത് ?

**ഉ. കെസിന്റെ സ്ഥാപനം.**

366. ഏത് സന്യാസസമൂഹത്തിന്റെ അപ്പസ്തോലിക് വിസി റ്റർ ആയിട്ടാണ് കനീസിയൂസച്ചൻ നിയമിതനായത് ?

**ഉ. സൊസൈറ്റീസ് ഓഫ് മെഡിക്കൽ മിഷനറീസ് (SCMM).**

367. 'ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നാണ് ഇതുപോലെ ഒരു പുസ്തകം എഴുതണമെന്ന്. കനീസി യൂസച്ചൻ ഏത് പുസ്തകത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്? അതിന്റെ കർത്താവ് ആരാണ്?

**ഉ. തിരുവചനം തെറ്റിദ്ധരിച്ചവർ; ഫാ. ഐസക് ആല പ്പാട്ട് സി.എം.ഐ.**

368. കനീസിയൂസച്ചൻ തൃശ്ശൂർ ദേവമാതയുടെ പ്രൊവിൻ ഷ്യാൾ ആയിരിക്കെ പൂരപ്പറമ്പിൽ ക്രിസ്മസ് പ്രദർശനം



Scanned with CamScanner

നടത്തിയതിന്റെ പ്രമേയം എന്തായിരുന്നു ?

ഉ. **ജനതകളുടെ വിമോചനം.**

369. സാമൂഹ്യപ്രവർത്തനരംഗത്ത് സ്ഥായിയായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കനീസിയൂസച്ചന് പ്രചോദനമായിരുന്ന വ്യക്തി?

ഉ. **വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.**

370. 1972 മുതൽ 1975 വരെ തൃശ്ശൂർ പ്രവിശ്യയുടെ ഭരണസാരഥ്യം ഏറ്റെടുത്ത വ്യക്തി ?

ഉ. **ഫാ. കനീസിയൂസ് തെക്കേക്കര.**

371. കനീസിയൂസച്ചൻ ഏറ്റവും അവസാനം ഏറ്റെടുത്ത അധികാരശുശ്രൂഷ എന്തായിരുന്നു ?

ഉ. **സി.എം.ഐ. സഭയുടെ വികാർ ജനറാൾ സ്ഥാനവും, ജനറൽ കൗൺസിലർ സ്ഥാനവും.**

372. മിഷൻ കൗൺസിലർ എന്ന നിലയിൽ നവീനസാങ്കേതികവിദ്യ ഉപയോഗിച്ച് കനീസിയൂസച്ചൻ ചെയ്യുവാൻ ഉദ്ദേശിച്ചത് എന്ത്?

ഉ. **ഒരു മിഷൻസിനിമ നിർമ്മിക്കുക.**

373. കനീസിയൂസച്ചൻ മിഷൻ വകുപ്പിന്റെ ചുമതലയുള്ള കൗൺസിലറായിരിക്കെ പ്രസിദ്ധീകരിക്കുവാൻ ശ്രമിച്ച പ്രത്യേക മാസിക?

ഉ. **സി.എം.ഐ. മിഷൻ.**

374. കനീസിയൂസച്ചൻ വികർ ജനറാൾ പദവിയിൽ നിന്ന് വിരമിച്ച ഉടനെ ചെയ്തത് എന്ത്?

ഉ. **ലളിത ജീവിതത്തിന് ഇറങ്ങിത്തിരിച്ച അച്ചന്മാരുടെ കൂടെ ചേർന്നു.**

375. പരിയാരം സി.എസ്.ആർ-ൽ ദൈവജനത്തിനായി കനീസിയൂസച്ചൻ ചെയ്തിരുന്നത് എന്തെല്ലാം?

ഉ. **പ്രാർത്ഥിക്കുക, ധ്യാനിക്കുക, ധ്യാനിപ്പിക്കുക,**



Scanned with CamScanner

ബൈബിൾ പഠിപ്പിക്കുക, സാന്ത്വനത്തിന്റെ മധുരമൊഴി കളിലൂടെ ആശ്വസിപ്പിക്കുക, കുമ്പസാരിപ്പിക്കുക.

376. പ്രായാധിക്യത്തിലെത്തിയ കനീസിയൂസച്ചൻ എന്തൊക്കെ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നാണ് മേല ധികാരിക്ക് എഴുതിയത്?

ഉ. ബൈബിൾ ക്ലാസ്സ് നടത്തുക, പാസ്റ്ററൽ മിനിസ്ട്രി ചെയ്യുക, അറിയപ്പെടാത്ത ഒരു അന്തരീക്ഷത്തിൽ പ്രാർത്ഥനയുടെയും പ്രായശ്ചിത്തതിന്റെതുമായ ലളിത ജീവിതം നയിക്കുക, പാവപ്പെട്ടവർക്കുവേണ്ടിയുള്ള ആദ്ധ്യാത്മികവും ഭൗതികവുമായ സേവനം അഭംഗുരം തുടരുക.

377. കനീസിയൂസച്ചന്റെ പ്രധാന കൃതികൾ ഏവ?

ഉ. സാൽവേഷൻ ഹിസ്റ്ററി സീരിസ്, കേരളസഭ സമു ദ്ധാരകൻ വാ. ചാവറ, വിശുദ്ധ വത്സരചിന്തകൾ, ദൈവാ നുഭവം സുകരമാക്കുന്ന ചാവറയുടെ കുറുക്കുവഴി, ഭര ണസേവനവും പ്രാർത്ഥനാജീവിതവും.

378. കനീസിയൂസച്ചൻ 'വിശുദ്ധ വത്സരചിന്തകൾ' എന്ന കൃതി രചിച്ചതിന്റെ ചരിത്ര പശ്ചാത്തലം എന്ത് ?

ഉ. പോൾ ആറാമൻ മാർപാപ്പ 1974 ഒരു വിശുദ്ധ വത്സര മായി പ്രഖ്യാപിച്ചത്.

379. സി.എസ്.ആർ-ൽ ധ്യാനം കഴിക്കുന്ന സന്യാസിനികൾക്ക് പലപ്പോഴും ഭക്ഷണമുറിയിൽ ജ്ഞാനവായന നടത്തിയി രുന്നത് ആരാണ്?

ഉ. കനീസിയൂസച്ചൻ.

380. കനീസിയൂസച്ചൻ എഴുതിയ മരണപത്രത്തിന്റെ ശീർഷകം?

ഉ. അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തർക്ക് അവരുടെ എളിയ സഹോദരനായ കനീസിയൂസച്ചന്റെ മരണപത്രം.



Scanned with CamScanner

381. അമ്പഴക്കാട് ആശ്രമത്തിലെത്തിയ കനീസിയുസച്ചന്റെ പ്രധാന ജോലി എന്തായിരുന്നു?

**ഉ. ആത്മീയജീവിതം, സന്യാസജീവിതം, ബൈബിൾ, രക്ഷാ ചരിത്രം, സി.എം.ഐ. സഭാ പിതാക്കന്മാർ, ചാവറചരിതം എന്നീ വിഷയങ്ങൾ നവസന്യാസികളെ പഠിപ്പിക്കുക.**

382. എഴുത്തുകൾ വല്ലതും തയ്യാറാക്കാനോ മറ്റോ ഉണ്ടോ എന്ന് ദിനംതോറും കൃത്യസമയത്ത് ചോദിച്ചുചെല്ലുമായിരുന്ന ജനറൽ കൗൺസിൽ സെക്രട്ടറി കൂടിയായിരുന്ന കനീസിയൂസച്ചനോട്, താൻ അങ്ങോട്ട് നേരിട്ട് കൊണ്ടുവന്ന് തരാമല്ലോ എന്ന് പ്രിയോർ ജനറാൾ ഫാ.ഡോ. തോമസ് ഐക്കര ഒരിക്കൽ മറുപടി പറഞ്ഞു. അതിന് കനീസിയൂസച്ചന്റെ പ്രത്യുത്തരം എന്തായിരുന്നു?

**ഉ. പിതാവേ, സെക്രട്ടറി എന്ന നിലയിൽ ഇതൊക്കെ എന്റെ ചുമതലയല്ലേ? ഒന്നും വിട്ടുപോകാതെ അവയൊക്കെ ഞാൻ തന്നെ ചെയ്യണ്ടേ?**

383. 'ദേവയാഗം' എന്ന നോവലിന്റെ കർത്താവ് ആര് ? അതിന് അവതാരിക എഴുതിയത് ആര് ?

**ഉ. ഡോ. ടി. ആർ. ശങ്കുണ്ണി (1984); ഫാ. കനീസിയൂസ്.**

384. കനീസിയൂസച്ചൻ നേതൃത്വം കൊടുത്ത മിഷൻ സിനിമയുടെ സ്ക്രിപ്റ്റ് തയ്യാറാക്കിയത് ആര്?

**ഉ. ഡോ. ടി. ആർ. ശങ്കുണ്ണി.**

385. സാഹിത്യകാരനായ ബഹു. ലേത്തൂസ് സി.എം.ഐ. അച്ചൻ കനീസിയൂസച്ചനെ ചാവറയച്ചന്റെ 15-ാമത്തെ പിൻഗാമി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട്?

**ഉ. അദ്ദേഹം മർസിലീനോസച്ചനെയും സലേസ്കിയെയും എന്തുകൊണ്ടോ വിട്ടുകളഞ്ഞു.**

386. തൃശ്ശൂരിൽ ചിയ്യാരത്ത് ചേതന സ്റ്റുഡിയോ സ്ഥാപിക്കുവാൻ ഫാ. ഐസക്ക് ആലപ്പാട്ടിന് പ്രോത്സാഹനം നൽകിയത് ആര്?

**ഉ. കനീസിയൂസച്ചൻ.**



Scanned with CamScanner

387. കനീസിയൂസച്ചൻ വികാർ ജനറാളും മിഷൻ കൗൺസിലറുമായിരിക്കെ ഒരു മിഷൻ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിച്ചു. അതിന് അദ്ദേഹം നൽകിയ പേര് സി.എം.ഐ. മിഷൻ. എന്നാൽ ഇന്ന് ഏത് പേരിലാണ് അത് പ്രസിദ്ധീകരിക്കപ്പെടുന്നത്?

ഉ. **C - Mission.**

388. തൃശൂർ ദേവമാതാ പ്രവിശ്യയുടെ എത്രാമത്തെ പ്രൊവിൻഷ്യാളാണ് കനീസിയൂസച്ചൻ?

ഉ. **ഏഴാമത്തെ (1972–75).**

389. സി.എം.ഐ. ദേവമാതാപ്രവിശ്യയുടെ ഒരു സാമൂഹ്യപ്രവർത്തന പ്രസ്ഥാനമാണ് കെസ് (KESS). ആ ചുരുക്കപ്പേരിന്റെ പൂർണ്ണരൂപം എന്ത്? കെസിന്റെ ആസ്ഥാനം എവിടെ?

ഉ. **കുര്യാക്കോസ് ഏലിയാസ് സർവ്വീസ് സൊസൈറ്റി; തൃശ്ശൂർ (നായ്ക്കനാൽ)**

390. കെസ് എന്ന പ്രസ്ഥാനത്തിന്റെ ജനയിതാവായി പരിഗണിക്കപ്പെടുന്നത് ആരെ?

ഉ. **ബഹു.വെർണ്ണർ ചക്കാലയ്ക്കൽ സി.എം.ഐ. അച്ചനെ.**

391. കെസ് എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ആര് ?

ഉ. **കനീസിയൂസച്ചൻ. (എറണാകുളം)**

392. ഇപ്പോൾ കേരളകത്തോലിക്കാ സഭയിൽ നിലവിലുള്ള കുടുംബകൂട്ടായ്മ (Family Gathering) പ്രസ്ഥാനം 1972ൽ തൃശൂരിൽ ആരംഭിച്ച വ്യക്തി ആര് ?

ഉ. **കനീസിയൂസച്ചൻ.**

393. തൃശൂർ രൂപതയിൽ കലാസദൻ എന്ന പ്രസ്ഥാനം ആരംഭിച്ചത് എന്ന് ?

ഉ. **1972 ഡിസംബറിൽ.**

394. തൃശൂരിലെ കലാസദന്റെ പ്രഥമ പ്രസിഡന്റ് ആര്?

ഉ. **കനീസിയൂസച്ചൻ.**



Scanned with CamScanner

395. തൃശൂരിലെ കലാസാഹിത്യപ്രവർത്തകർക്കുവേണ്ടി സി. എം.ഐ. ദേവമാതാപ്രവിശ്യ പാട്ടുരായ്ക്കലിൽ ആരംഭിച്ച പ്രസ്ഥാനം ഏത്? അതിന്റെ സ്ഥാപകൻ ആര്?

**ഉ. കലാവിഹാർ; ഫാ. കനീസിയൂസ്.**

396. ചാവറധ്യാനം എന്ന പ്രത്യേക ധ്യാനപദ്ധതി ഏത് ഗ്രന്ഥത്തിലാണ് പ്രസിദ്ധീകരിച്ചത്? അതിന്റെ കർത്താവ് ആര്?

**ഉ. ദൈവാനുഭവം സുകരമാക്കുന്ന ലളിതമായ പ്രാർത്ഥനാരീതി; ബഹു. കനീസിയൂസച്ചൻ.**

397. സൊസൈറ്റി ഓഫ് കാത്തലിക് മെഡിക്കൽ മിഷനറി സന്യാസിനീ സമൂഹത്തിന്റെ അപ്പസ്തോലിക സന്ദർശകൻ ആരായിരുന്നു?

**ഉ. കനീസിയൂസച്ചൻ.**

398. കേരളത്തിലെ തിരുഹൃദയ സന്യാസിനീസഭയുടെ ഏകീകരണത്തിനായി റോം നിയമിച്ചത് ആരെ ?

**ഉ. കനീസിയൂസച്ചനെ.**

399. സാമ്പാളൂർ കപ്പേളയുടെ പുനർനിർമ്മാണത്തിനുശേഷം കപ്പേളയും, മാളയിലെ കുരിശുപള്ളിയും നോക്കി നടത്തുവാൻ ചാവറയച്ചൻ ഏല്പിച്ചത് ആരെ ?

**ഉ. അമ്പഴക്കാട് പള്ളിയുടെ വികാരിയച്ചനെ.**

400. കനീസിയൂസച്ചൻ ധർമ്മാരാം റെക്ടറായിരിക്കെ ബാംഗ്ലൂർ മെത്രാപ്പോലീത്ത ആയിരുന്നത് ആര്?

**ഉ. ഡോ. തോമസ് പോത്തയ്ക്കാമുറി.**



Scanned with CamScanner

# 8

## രോഗവും സഹനവും കനീസിയൂസച്ചനും

401. തന്റെ മരണത്തെക്കുറിച്ച് കനീസിയൂസച്ചൻ ഒരിക്കൽ തമാശയായി പറഞ്ഞതെന്ത് ?

**ഉ. അവിടത്തെ പാറാവുകാരൻ പലപ്പോഴായി വാതിൽക്കൽ വന്ന് നോക്കുന്നു. എന്നെ കൂട്ടിക്കൊണ്ടു പോകാൻ. പക്ഷേ, അപ്പോൾ ഇവിടെ ആരെങ്കിലും കാണും കുമ്പസാരത്തിനോ ഉപദേശത്തിനോ മറ്റോ. അപ്പോൾ അയാൾ വെറും കയ്യോടെ തിരിച്ചുപോകും.**

402. ഔദ്യോഗികജീവിതത്തിലെ സഹനത്തെക്കുറിച്ച് കനീസിയൂസച്ചന്റെ കാഴ്ചപ്പാടെന്ത്?

**ഉ. ഔദ്യോഗിക ജീവിതത്തിൽ സഹനം സാധാരണമാണ്.**

403. പരിയാരം സാക്ഷാത്കാരയിൽ നിന്ന് രോഗബാധിതനായ കനീസിയൂസച്ചൻ താമസം മാറ്റിയത് എങ്ങോട്ട്?

**ഉ. അമ്പഴക്കാട് ആശ്രമത്തിലേക്ക്.**

404. രോഗാതുരനായി കിടക്കുമ്പോൾ സന്ദർശനത്തിനെത്തിയ സിസ്റ്റേഴ്സിനോട് കാലാവസ്ഥയുമായി ബന്ധപ്പെടുത്തി തന്റെ മരണത്തെ കുറിച്ച് കനീസിയൂസച്ചൻ പറഞ്ഞത് എന്തായിരുന്നു?

**ഉ. 'എനിക്ക് ഈ ഭൂമിയിലെ കാലാവസ്ഥ പിടിക്കാതായി തുടങ്ങിയിരിക്കുന്നു. പിതാവിന്റെ സന്നിധിയിലേക്ക് പോകാറായി എന്ന് തോന്നുന്നു'.**



Scanned with CamScanner

405. രോഗശയ്യയിൽ വേദനിക്കുന്നത് കണ്ട് ആശ്വസിപ്പിക്കാൻ ചെന്നവരോട് കനീസിയൂസച്ചൻ പറഞ്ഞതെന്ത്?

ഉ. ഈ ലോകത്തിൽ എത്ര വേണമെങ്കിലും സഹിക്കാം. പക്ഷേ അങ്ങേ ലോകത്തിൽ സഹിക്കാൻ ഇടയാകാതിരുന്നാൽ മതിയായിരുന്നു.

406. 1990-96 കാലഘട്ടത്തിൽ സി.എസ്. ആർ-ലെ സുപ്പീരിയർ ആയിരുന്ന ബ. ഫിലിപ്പ് തുരുത്തിമറ്റം അച്ചൻ കനീസിയൂസച്ചന്റെ രോഗത്തെക്കുറിച്ച് പറഞ്ഞതെന്ത്?

ഉ. സാക്ഷാത്ക്കാരയിലെ അദ്ദേഹത്തിന്റെ അവസാന വർഷങ്ങൾ സഹനത്തിന്റെ നാളുകളായിരുന്നു.

407. കനീസിയൂസച്ചനെ ബാധിച്ചിരുന്ന പ്രധാന രോഗമെന്ത്?

ഉ. ആമവാതം - റുമറ്റോയിഡ് ആർത്രൈറ്റിസ്.

408. തന്റെ അന്ത്യനാളുകളെക്കുറിച്ച് 'എന്റെ ജീവിതാനുഭവങ്ങൾ' എന്ന ലേഖനത്തിൽ അസ്തമയദിനങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ കനീസിയൂസച്ചൻ എഴുതിയത് എന്താണ്?

ഉ. മുന്നോട്ടുള്ള പാത, പിന്നിട്ടതിൽ നിന്നും തുലോം ഹ്രസ്വമാണ്. എന്റെ അസ്തമയദിനങ്ങൾ സമാഗതമായി. അവയ്ക്ക് സ്വാഗതം. സമ്പൂർണ്ണ സ്വാഗതം. തേഞ്ഞുതീരാറായ ഈ ബ്രഷിന്റെ ബാക്കിയും ഉപയോഗിച്ച് തീർക്കാൻ ദയവു തോന്നിയ ദിവ്യകലാകാരന് നിത്യസ്തുതി.

409. രോഗാവസ്ഥയിൽ തന്നെ സന്ദർശിച്ച സിസ്റ്റേഴ്സ്, ഞങ്ങൾ പ്രാർത്ഥിക്കാം എന്നു പറഞ്ഞപ്പോൾ കനീസിയൂസച്ചന്റെ പ്രതികരണം എന്തായിരുന്നു?

ഉ. പ്രാർത്ഥിക്കണം. രോഗം മാറാനല്ല, സഹിക്കാനുള്ള ശക്തി ലഭിക്കാനായിട്ടാണ് പ്രാർത്ഥിക്കേണ്ടത്.



Scanned with CamScanner

410. സാക്ഷാത്കാരയിൽ കനീസിയൂസച്ചനെ സന്ദർശിക്കാൻ വന്നവരുടെ ലക്ഷ്യങ്ങൾ എന്തായിരുന്നു?

ഉ. പ്രാർത്ഥനയിലൂടെ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് കൃതജ്ഞത പറയുക; ചില പ്രത്യേക കാര്യങ്ങൾക്ക് മധ്യസ്ഥപ്രാർത്ഥന യാചിക്കുക; ആത്മീയ ഉപദേശങ്ങൾ തേടുക, കുമ്പസാരിക്കുക; പ്രതിസന്ധികളിൽ തീരുമാനം എടുക്കാൻ സഹായം അപേക്ഷിക്കുക.

411. കനീസിയൂസച്ചൻ രോഗിയായി സി.എസ്.ആർ. ൽ കിടന്നപ്പോൾ ധരിച്ചിരുന്ന വേഷം?

ഉ. ആദ്യനാളുകളിൽ കാവിമുണ്ടും ഷർട്ടും; പിന്നീട് ഷർട്ടിനു പകരം ഷാൾ മാത്രം.

412. സന്ദർശകർ കനീസിയൂസച്ചനോട് സുഖമല്ലേ എന്ന് ചോദിക്കുമ്പോൾ നൽകുന്ന മറുപടി എന്തായിരുന്നു ?

ഉ. സുഖമില്ല. പക്ഷേ, സന്തോഷമാണ്.

413. ഒരു ധ്യാനഗുരുവും സംഘവും കനീസിയൂസച്ചന്റെ അസുഖം മാറാനായി പ്രാർത്ഥിക്കാനെത്തിയപ്പോൾ കനീസിയൂസച്ചൻ പറഞ്ഞ വാക്കുകൾ എന്താണ്?

ഉ. കർത്താവിന് പ്രിയപ്പെട്ടവർ ചോദിച്ചാൽ കർത്താവിന്റെ ഇഷ്ടം അല്ലെങ്കിൽ പോലും അവരുടെ ഇഷ്ടം അവിടുന്ന് സാധിച്ചുകൊടുക്കും. അതുകൊണ്ട് അവരെ എനിക്ക് പേടിയാണ്. എനിക്കറിയാം ഞാൻ സഹിക്കണമെന്നതാണ് ദൈവേഷ്ടം. അസുഖം മാറാനായി പ്രാർത്ഥിക്കേണ്ട.

414. 'അച്ചന് ബൈബിളിലെ ഇഷ്ടപ്പെട്ട കഥാപാത്രം ജോബാണ്' എന്ന് കനിസീയൂസച്ചനെ പരിചരിച്ചിരുന്ന വിശ്വംഭരൻ പറഞ്ഞതിന്റെ അടിസ്ഥാനമെന്ത്?



Scanned with CamScanner

ഉ. പഴയ നിയമത്തിലെ ജോബിനെക്കുറിച്ചും അദ്ദേഹം സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ചും അച്ചൻ പലപ്പോഴും സംസാരിക്കുമായിരുന്നു. അച്ചൻ അദ്ദേഹത്തെപ്പോലെ ശരിക്കും ഒരു ജോബ് തന്നെയായിരുന്നുവെന്നും വിശ്വം ഭരൻ അഭിപ്രായപ്പെടുന്നു.

415. സി.എസ്.ആർ. ൽ സ്വന്തം മുറിയിൽ കുർബ്ബാന ചൊല്ലുവാൻ കനീസിയൂസച്ചൻ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ പരിചാരകരുടെ വാക്കുകളിൽ എഴുതുക ?

ഉ. രണ്ടു മെഴുകുതിരി കത്തിച്ചുവയ്ക്കണം. അവയ്ക്ക് ചില്ല് വയ്ക്കാൻ പാടില്ല. അതുകൊണ്ട് എത്ര ഉഷ്ണമായാലും ഫാൻ ഓണാക്കാൻ പാടില്ല. സ്റ്റൂളിന്മേലാണ് ഇരിപ്പ്. വീഴാതിരിക്കാൻ മറ്റൊരു സ്റ്റൂളിൽ പരിചാരകർ ഇരിക്കും.

416. അമ്പഴക്കാട് ആശ്രമത്തിൽ തന്നെ പരിചരിച്ചിരുന്നവരോട് മേലധികാരികൾ സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ച് കനീസിയൂസച്ചൻ ഓർമ്മിപ്പിച്ചത് എന്താണ് ?

ഉ. ശുശ്രൂഷികളുടെ നേരെ കരുണ കാണിക്കണം.

417. കനീസിയൂച്ചൻ അന്ത്യകാലം ചിലവഴിച്ച അമ്പഴക്കാട് ആശ്രമത്തെ എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്?

ഉ. മൂന്നാം നൊവിഷ്യേറ്റ്.

418. രോഗിയായി കിടന്ന കനീസിയൂസച്ചന് ഏറ്റവും ഇഷ്ടപ്പെട്ട ഗാനമേതാണ്?

ഉ. വാവാ യേശുനാഥാ......എന്ന ഗാനം.

419. അമ്പഴക്കാട് ആശ്രമവാസിയായി രോഗിയായ കനീസിയൂസച്ചൻ എത്തിച്ചേർന്നപ്പോൾ അദ്ദേഹത്തിന്റെ രോഗീശുശ്രൂഷി ആരായിരുന്നു?

ഉ. അന്തോണിചേട്ടൻ (കഷായക്കാരൻ)



Scanned with CamScanner

420. രോഗിയായി അമ്പഴക്കാട് കൊവേന്തയിൽ വിശ്രമിക്കു മ്പോൾ ദിനചര്യയിലെ ഒരു മണിക്കൂർ മുടക്കം കൂടാതെ എന്തിനുവേണ്ടി ചിലവഴിച്ചിരുന്നു?

**ഉ. ജീവന്റെ വചസ്സായ വിശുദ്ധഗ്രന്ഥ പാരായണത്തിന്.**

421. കനീസിയൂസച്ചന്റെ ചരമപ്രസംഗം നടത്തിയത് ആര്?

**ഉ. മുൻ പ്രിയോർ ജനറാളും കനീസിയൂസച്ചന്റെ സഹ പ്രവർത്തകനും കുമ്പസാരക്കാരനുമായിരുന്ന ബഹു. ഡോ. തോമസ് ഐക്കര സി.എം.ഐ.**

422. കനീസിയൂസച്ചന്റെ കല്ലറയ്ക്കുമുകളിൽ എഴുതിവെച്ചി രിക്കുന്നത് എന്താണ്?

**ഉ. പിതാവേ അങ്ങയുടെ ചിത്തം അതുമാത്രം അതുമുഴു വൻ അതാണെന്റെ സന്തോഷം, സംതൃപ്തി, സമാശ്വാസം.**

423. കനീസിയൂസച്ചന്റെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെ ടുത്ത പ്രധാന കാർമ്മികർ ആരെല്ലാമായിരുന്നു?

**ഉ. ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ, തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ജെയ്ക്കബ്ബ് തൂങ്കുഴി, സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ബഹു. അലക്സ് ഊക്കനച്ചൻ, ദേവമാതാ പ്രവിശ്യാധിപൻ നോർബർട്ട് എടാട്ടുകാരൻ, അമ്പഴക്കാട് ആശ്രമശ്രേ ഷ്ഠൻ ബ. എവുസേബിയൂസ് കിഴക്കൂടൻ അച്ചൻ തുട ങ്ങിയവർ.**

424. കനീസിയൂസച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആശ്രമ ദേവാലയത്തിന്റെ പേരെന്ത്?

**ഉ. അമ്പഴക്കാട് (കോട്ടക്കൽ) വി.അമ്മത്രേസ്യായുടെ ആശ്രമദേവാലയം.**



Scanned with CamScanner

425. കനീസിയൂസച്ചൻ ഒരു ആർത്രൈറ്റീസ് രോഗിയായിരുന്നു. ലോക ആർത്രൈറ്റീസ് ദിനം എന്ന്?

**ഉ. ഒക്ടോബർ 12.**

426. അമ്പഴക്കാട് ആശ്രമത്തിൽ 40 മണിക്കൂർ ആരാധന ആരംഭിച്ചത് എന്ന് ?

**ഉ. 1904 ൽ.**

427. എന്തിനെയാണ് കോട്ട എന്നു വിളിക്കുന്നത് ?

**ഉ. മണ്ണുകൊണ്ടും കല്ലുകൊണ്ടും പണിത് ഉറപ്പുള്ളതായ മൺഭിത്തിയെ.**

428. അമ്പഴക്കാടിനടുത്തുള്ള കൊടകുത്തുകുന്ന് എന്താണ്?

**ഉ. കോട്ടയ്ക്കടുത്തുള്ള ടിപ്പുവിന്റെ പടത്താവളം.**

429. കോടാർ മലയൻ എന്ന് കൂടി അറിയപ്പെടുന്ന വ്യക്തി ആര്?

**ഉ. കോടശ്ശേരി കൈമൾ അഥവാ മലയാൻകുന്നിലെ ഒരു വലിയ പ്രഭു.**

430. കോട്ടയ്ക്കലിൽ കൊവേന്ത സ്ഥാപിക്കുന്നതിനായി ഭൂസ്വത്ത് ദാനം ചെയ്യാൻ കണിച്ചായി ഇട്ടൂപ്പിനോട് നിർദ്ദേശിച്ച ഇടവക വികാരി ആര്?

**ഉ. അങ്കമാലി പള്ളി വികാരി കല്ലറയ്ക്കൽ പൗലോസച്ചൻ.**

431. അമ്പഴക്കാട് കോട്ടയ്ക്കൽ കൊവേന്തയുടെ ശിലാസ്ഥാപനം എന്ന്?

**ഉ. 1868 ഒക്ടോബർ 20. (ലെയോണാർദ് മെത്രാപ്പോലീത്ത)**

432. അമ്പഴക്കാട് കോട്ടയ്ക്കൽ ദേവാലയത്തിൽ പ്രതിഷ്ഠിച്ച വി. അമ്മത്രേസ്യായുടെ മനോഹരവും പ്രസിദ്ധവുമായ ചിത്രം വരച്ചത് ആര് ?



Scanned with CamScanner

ഉ. തിരുനൽവേലിക്കാരൻ മിഖേൽ പിള്ള. (1880ൽ മാന്നാനത്തുവച്ച്)

433. കനീസിയൂസച്ചനെ വിസർപ്പം എന്ന രോഗം ബാധിച്ചത് ഏത് വർഷം? അതിന് ചികിത്സിച്ചത് എവിടെ ?

**ഉ. 1995ൽ; ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രി.**

434. പ്രിയോർ എന്ന വാക്കിന്റെ അർത്ഥം എന്ത്?

**ഉ. ഒന്നാമൻ, ശ്രേഷ്ഠൻ.**

435. അമ്പഴക്കാട് ആശ്രമത്തിന്റെ പ്രഥമ പ്രിയോരച്ചൻ ആര്?

**ഉ. ബഹു. കളത്തിൽ സ്കറിയ അപ്രേം അച്ചൻ.**

436. അമ്പഴക്കാട് കോട്ടയ്ക്കൽ ആശ്രമദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തിയത് എന്ന് ?

**ഉ. 1878 ഒക്ടോബർ 22.**

437. അമ്പഴക്കാട് കോട്ടയ്ക്കൽ സെന്റ് തെരേസാസ് ദേവാലയം ക്വാസി ഇടവകയായി പ്രഖ്യാപിക്കപ്പെട്ടത് എന്ന് ?

**ഉ. 1998 ഒക്ടോബർ 10.**

438. അമ്പഴക്കാട് ആശ്രമദേവാലയ മദ്ധ്യസ്ഥയായ വി.അമ്മത്രേസ്യായുടെ ചിത്രത്തിലുള്ള ബാനറിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യം ഏത്?

**ഉ. ആവുത്ത് പാത്തി, ആവുത്ത് മോരി (ഒന്നുകിൽ സഹിക്കുക, അല്ലെങ്കിൽ മരിക്കുക).**

439. രോഗാവസ്ഥ എന്തിനെല്ലാം ഉപകാരപ്പെടുത്താം എന്നാണ് കനീസിയൂസച്ചന്റെ ആശയം?

**ഉ. രോഗാവ്സ്ഥ, വിശ്രമത്തിനും അതുപോലെ തന്നെ പ്രേഷിത പ്രവർത്തനത്തിനും - സഹനം, മൗനം, പ്രാർത്ഥന എന്നീ പ്രേഷിത പ്രവൃത്തികൾക്കുവേണ്ടി.**



Scanned with CamScanner

440. രോഗാവസ്ഥകളിലും ഓപ്പറേഷൻ വേളകളിലും ഏതു വചനം ധ്യാനിക്കണമെന്നാണ് കനീസിയുസച്ചൻ രോഗിയായ സിസ്റ്ററിന് എഴുതിയത്?

ഉ. **ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്** .

441. അമ്പഴക്കാട് ആശ്രമത്തിൽ വെച്ച് വലതുഭാഗം തളർന്നപ്പോൾ ബ. ഗുരുവച്ചനോട് കനീസിയുസച്ചൻ പറഞ്ഞത് എന്താണ്?

ഉ. **ഞാൻ വളരെ സന്തോഷവാനാണ്. (I am so happy)**

442. സഹന സമയത്തുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയെ കുറിച്ച് കനീസിയൂസച്ചന്റെ വിലയിരുത്തൽ എന്താണ്?

ഉ. **സഹന സമയത്തുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വളരെ വിലയുണ്ട്.**

443. സഹനം എന്തിന്റെ മുന്നോടിയാണെന്നാണ് കനീസിയൂസച്ചൻ പറയുന്നത് ?

ഉ. **സഹനം പേടിസ്വപ്നമല്ല, ആശ്വാസത്തിന്റെ മുന്നോടിയാണ്.**

444. പരിയാരം സി.എസ്.ആറിൽ കനീസിയൂസച്ചനെ കൂടുതൽ കാലം പരിചരിച്ചിരുന്ന വ്യക്തി ?

ഉ. **വിശ്വംഭരൻ.**



Scanned with CamScanner

# 9

## കനീസിയൂസച്ചന്റെ സന്ദേശങ്ങൾ

445. കനീസിയൂസച്ചന്റെ ആദർശമായി പ്രചാരം നേടിയ വാക്യം ഏത് ?

**ഉ. ദൈവേഷ്ടം – അതുമാത്രം – അതുമുഴുവൻ.**

446. കനീസിയൂസച്ചന്റെ ദർശനത്തിൽ എന്താണ് സന്യാസം?

**ഉ. സഭക്കുവേണ്ടി തന്നെത്തന്നെ പൂർണ്ണമായും ഉപേക്ഷിക്കുക.**

447. കനീസിയൂസച്ചന്റെ പഠനത്തിൽ എന്താണ് ബ്രഹ്മചര്യത്തിന്റെ അന്ത:സത്ത?

**ഉ. നിത്യസഖിത്വം.**

448. കനീസിയൂസച്ചന്റെ വീക്ഷണത്തിൽ ദാരിദ്ര്യവ്രതത്തിന്റെ അന്ത:സത്ത എന്താണ് ?

**ഉ. സഭാസേവനത്തിനുള്ള സ്വാതന്ത്ര്യവും യേശുവിലുള്ള സുരക്ഷിതത്വവും.**

449. ഉപരിവിദ്യാഭ്യാസത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് കനീസിയൂസച്ചൻ എവിടെയാണ് വിവരിച്ചിരിക്കുന്നത് ?

**ഉ. "എന്റെ ജീവിതാനുഭവങ്ങൾ" എന്ന ലേഖനത്തിൽ.**

450. ഉപരിപഠനത്തെക്കുറിച്ച് കനീസിയൂസച്ചൻ പറയുന്നതെന്ത്?

**ഉ. ഉപരിപഠനങ്ങൾ, ഉദ്യോഗനിയമനങ്ങൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങളെല്ലാം തന്നെ പൂർണ്ണമായും കർത്താവിന്റേതായിരുന്നതുകൊണ്ട് നിസ്സാരനും ബലഹീനനുമായ ഞാൻ ഗതിവിഗതികളിൽ ചഞ്ചലചിത്തനാ**



Scanned with CamScanner

കാതെ പൂർണ്ണമനോവിശ്വാസത്തോടെ ആശ്വാസത്തിനും ആത്മധൈര്യത്തിനുമായി കർത്താവിനെ നേരിട്ട് സമീപിച്ചു. അവിടുന്ന് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്ന് അനുഭവിച്ച് അറിയുംതോറും അവിടത്തോടുള്ള വ്യക്തിബന്ധത്തിൽ വളരാനും ഭാഗ്യം ലഭിച്ചു.

451. ധർമ്മാരാമിലെ പ്രൊഫസറായിരുന്ന കനീസിയൂസച്ചൻ ഏത് വിഷയമാണ് പ്രധാനമായും പഠിപ്പിച്ചിരുന്നത് ?

ഉ. ബൈബിൾ; സെന്റ് പോൾ.

452. ജീവിത തത്ത്വത്തെയും ജീവിതസാക്ഷാത്ക്കാരത്തെയും കുറിച്ചുള്ള കനീസിയൂസച്ചന്റെ വാക്കുകൾ ഏവ?

ഉ. 'ദൈവചിത്തം അതാണെങ്കിൽ അതുമാത്രം, അതുമുഴുവൻ' എന്നതാണ് അന്നും ഇന്നും എന്റെ തത്ത്വം.

453. തെറ്റുപറ്റിയെന്നു ബോധ്യമായാൽ ആരെയും അത്ഭുതപ്പെടുത്തുമാറ് കനീസിയൂസച്ചൻ ചെയ്തിരുന്നത് എന്തെല്ലാം?

ഉ. തെറ്റുപറ്റിയെന്നു തോന്നിയാൽ ഒരു മടിയും കൂടാതെ സോറി പറയും ; മാത്രമല്ല ചില സന്ദർഭങ്ങളിൽ ക്ഷമിച്ചു എന്ന് കേൾക്കും വരെ ആ വ്യക്തിയുടെ മുമ്പിൽ മുട്ടുകുത്തി നിന്ന് മാപ്പപേക്ഷിക്കും.

454. കനീസിയൂസച്ചന്റെ ദർശനത്തിൽ മേലധികാരി നിറവേറ്റേണ്ട മൂന്ന് ദൗത്യങ്ങൾ ഏവ?

ഉ. നേതൃത്വദൗത്യം, ഉത്തേജകദൗത്യം, ശുശ്രൂഷാദൗത്യം.

455. ഭരണസേവനത്തിന്റെ മാനദണ്ഡമായി കനീസിയൂസച്ചൻ സ്വീകരിച്ചിരുന്നത് എന്ത് ?

ഉ. ഈശോ നൽകിയ പുതിയ കല്പന; ഈശോ നമ്മെ സ്നേഹിച്ചതുപോലെ ഏവരേയും സ്നേഹിക്കുക എന്ന ആദർശം.



Scanned with CamScanner

456. കനീസിയൂസച്ചന്റെ അതിഥി സൽക്കാരം എങ്ങനെയാണ്?

**ഉ. കൈ രണ്ടും കൂപ്പി തൊഴുത് പുഞ്ചിരിക്കുന്ന മുഖവുമായിട്ടായിരിക്കും എപ്പോഴും അതിഥികളെ സ്വീകരിക്കുക.**

457. കനീസിയൂസച്ചൻ ജീവിക്കാൻ പരിശ്രമിച്ചതും മറ്റുള്ളവരെ ഉപദേശിച്ചിരുന്നതുമായ മുദ്രാവാക്യസമാനമായ ആശയം ഏത് ?

**ഉ. "ഈശോയോടുകൂടെ, ഈശോയ്ക്കുവേണ്ടി, ഈശോയെപ്പോലെ ജീവിക്കുക."**

458. കനീസിയൂസച്ചന്റെ ശാരീരിക സാന്നിദ്ധ്യം ഉണ്ടായാലേ അവർക്കുവേണ്ടിയുള്ള പ്രാർത്ഥന സഫലമാകൂ എന്ന് അഭിപ്രായപ്പെട്ടിരുന്നവർക്ക് കനീസിയൂസച്ചൻ നൽകിയ മറുപടി ?

**ഉ. എന്റെ സാന്നിദ്ധ്യമല്ല സാക്ഷാൽ ആവശ്യം. ദിവ്യനാഥന്റെ സാന്നിദ്ധ്യവും സാന്ത്വനവുമാണ്. അതിനായി ഞാൻ അവിടത്തെ നിർബന്ധിക്കും.**

459. കനീസിയൂസച്ചന്റെ അഭിപ്രായത്തിൽ ഒരു സന്യാസിക്ക് മൂന്ന് അവകാശങ്ങളുടെ നിഷേധത്തിൽ മാത്രമേ പരാതി പറയാൻ പാടുള്ളൂ. ആ അവകാശങ്ങൾ ഏവ?

**ഉ. തിരസ്കരിക്കപ്പെടുന്നതിനുള്ള അവകാശം, ഒറ്റികൊടുക്കപ്പെടുന്നതിനുള്ള അവകാശം, പരിത്യക്തപ്പെടുന്നതിനുള്ള അവകാശം.**

460. ബാംഗ്ലൂർ ധർമ്മാരാം കോളേജിലും പരിയാരം സാക്ഷാത്ക്കാരയിലും വിദ്യാർത്ഥിനിയായിരുന്ന സി. റോസ്ബാസ്റ്റിൻ സി.എച്ച്.എഫ്.ന്റെ അഭിപ്രായത്തിൽ കനീസിയൂസച്ചന്റെ ബൈബിൾ ക്ലാസ്സുകൾ എങ്ങനെയുള്ളവയായിരുന്നു?

**ഉ. കനീസിയൂസച്ചന്റെ ക്ലാസ്സുകൾ വെറും ലക്ചറുകളല്ല; യേശുവിനോടൊപ്പമുള്ള യാത്രകളായിരുന്നു.**



Scanned with CamScanner

461. ദൈവസ്നേഹത്തെക്കുറിച്ച് പറയുമ്പോൾ വാചാലനാകുന്നതോടൊപ്പം കനീസിയൂസച്ചൻ കൈകൊണ്ട് കാണിച്ചിരുന്ന ഒരു ആംഗ്യം ഏത്?

**ഉ. ഉള്ളം കൈപ്പത്തികൾ ചേർത്തുവച്ച് തിരുമ്മും.**

462. ദൈവേഷ്ടം കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങളായി കനീസിയൂസച്ചൻ നിർദ്ദേശിക്കുന്നവ ഏവ?

**ഉ. ദൈവവചനപാരായണം, ധ്യാനം, അധികാരികൾ, സഭാനിയമം.**

463. കനീസിയൂസച്ചന് വ്യക്തികളിലുണ്ടായിരുന്ന വിശ്വാസത്തിന്റെ അടിസ്ഥാനമെന്ത്?

**ഉ. ഓരോ വ്യക്തിയും ദൈവപുത്രൻ/ദൈവപുത്രി ആണ് എന്ന വിശ്വാസം.**

464. വ്യക്തികളെ അനുമോദിച്ച് കനീസിയൂസച്ചൻ സാമാന്യമായി പറഞ്ഞിരുന്ന വാക്കുകൾ ?

**ഉ. 'കൊള്ളാം.....നന്നായിരിക്കുന്നു'.**

465. സി.എസ്.ആർ-ൽ കരിസ്മാറ്റിക് പ്രാർത്ഥനക്ക് നേതൃത്വം കൊടുത്ത ഒരു അച്ചൻ കനീസിയൂസച്ചനെ ധ്യാനടീമിലേക്ക് ക്ഷണിച്ചപ്പോൾ നൽകിയ മറുപടി എന്ത്?

**ഉ. അത് എന്റെ ദൈവവിളി അല്ല.**

466. 1997 ഡിസംബറിൽ സന്ദർശനത്തിനെത്തിയ ബ.സിൽവസ്റ്ററച്ചനോട് അവസാനമായി കനീസിയൂസച്ചൻ പറഞ്ഞതെന്ത്?

**ഉ. പഴയ കാലങ്ങളും കാര്യങ്ങളും ഞാൻ ഓർക്കാറുണ്ട്..... ഇന്നത്തെ അവസ്ഥയും.... ഓരോ കാലത്തും ഓരോ വിധം.....പുറകോട്ടു നോക്കുമ്പോൾ.....ദൈവേഷ്ടം. അതനുസരിച്ച് മാത്രമേ ഞാൻ പ്രവർത്തിച്ചിട്ടുള്ളൂ എന്നാണെന്റെ വിശ്വാസം.**



Scanned with CamScanner

467. നിരന്തരമായി ഇങ്ങനെ പഠിപ്പിച്ചാൽ ശരീരത്തിന് ക്ഷീണ മില്ലേ എന്ന് നവസന്യാസഗുരുവായ പോളി താഴത്തച്ചൻ ചോദിച്ചപ്പോൾ കനീസിയൂസച്ചൻ പറഞ്ഞ മറുപടി എന്താ യിരുന്നു?

**ഉ. ക്ഷീണമല്ല, ജീവനാണ് എനിക്ക് ലഭിക്കുന്നത്. അദ്ധ്യാ പനം എനിക്ക് ജീവനാണ്.**

468. കനീസിയൂസച്ചന്റെ യാത്രാമൊഴിയിലെ ആഹ്വാനമെന്താ യിരുന്നു?

**ഉ. നിത്യത്വത്തിൽ എത്തിച്ചേരാൻ ധീരധീരം പോരാ ടിയും പ്രാർത്ഥനകൊണ്ട് സഹായിച്ചും പരസ്പരം മുന്നേറാം.**

469. ദൈവേഷ്ടം മുഴുവൻ - ചെയ്തുതീർക്കണമെന്ന് പറയു ന്നതിന്റെ ന്യായമെന്ത്?

**ഉ. ദൈവേഷ്ടം ദൈവികപദ്ധതിയാണ്. അത് പാതിവഴി യിൽ ഉപേക്ഷിക്കാൻ പാടില്ല.**

470. കനീസിയൂസച്ചന്റെ മരണപത്രത്തിൽ ഒരു അമൂല്യ സമ്പത്ത് തനിക്ക് സ്വന്തമായിട്ടുണ്ടെന്ന് പറയുന്നു. അത് എന്താണ്?

**ഉ. '.... ഇന്നത്തെ ലോകത്തിൽ തന്നെ ... മനസ്സുവെച്ചാൽ ദൈവസഹായത്തോടെ സന്യാസമൂല്യങ്ങൾ പാലി ച്ചുകൊണ്ട് ദൈവസമക്ഷം നിർമ്മലഹൃദയരും പ്രസന്ന വദനരും നിഷ്കളങ്കരുമായി വ്യാപരിക്കുക സുസാധ്യ മാണ്'.**

471. പരി. കുർബ്ബാനയിലെ കൂദാശാവചനങ്ങളിൽ 'അനേ കർക്കുവേണ്ടി' എന്ന വാക്കിനുള്ള സുറിയാനി പദം ഏത്?

**ഉ. സങ്കീയേ.**



Scanned with CamScanner

472. സങ്കീയേ എന്ന സുറിയാനി വാക്കിന്റെ ശരിയായ അർത്ഥം ഏതാണെന്നാണ് കനീസിയൂസച്ചൻ പറയുന്നത്?

ഉ. **എല്ലാവർക്കും വേണ്ടി.**

473. വി. ചാവറയുടെ ചൈതന്യം സ്വീകരിച്ച് വളരാൻ കനീസിയൂസച്ചൻ നിർദ്ദേശിച്ചതും ജനറൽ സെക്രട്ടറിയേറ്റ് പ്രസിദ്ധപ്പെടുത്തിയതുമായ ഗ്രന്ഥം ഏത് ?

ഉ. **കേരളസഭാ സമുദ്ധാരകൻ - വാഴ്ത്ത. ചാവറ.**

474. കർമ്മലീത്താ സഭയെ എന്തിനോടാണ് കനീസിയൂസച്ചൻ ഉപമിക്കുന്നത്?

ഉ. **ഒരു തോട്ടത്തോട്.**

475. സന്യാസികൾ നിർവ്വഹിക്കേണ്ട സുപ്രധാന കർത്തവ്യം ഏതെന്നാണ് കനീസിയൂസച്ചൻ പറയുന്നത് ?

ഉ. **ക്രിസ്ത്വനുകരണം.**

476. ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനവും കേന്ദ്രവും ഏതെന്നാണ് കനീസിയൂസച്ചന്റെ അഭിപ്രായം ?

ഉ. **വി.കൂർബ്ബാന.**

477. ചാവറയച്ചന്റെ ലളിതമായ പ്രാർത്ഥനാരീതിയെക്കുറിച്ച് ആത്മീയമക്കളായിരുന്ന സന്യാസിനികൾക്കയച്ച ഒരു കത്തിൽ ചാവറയച്ചൻ വിവരിക്കുന്നത് എന്ത്?

ഉ. **പുണ്യത്തിന്റെ മുകളിൽ കേറുവാനും കേറിയിടത്തിൽ നിന്ന് വീഴായ്‌വാനും സൂക്ഷിച്ച നേർവഴി.**

478. വി. ചാവറയുടെ ആദർശ വാക്യം എന്താണ്?

ഉ. **ദൈവതിരുമനസ് നടക്കും, നടത്തും.**

479. ഒരു ഭരണകർത്താവിൽ അവശ്യം ഉണ്ടാകണമെന്ന് കനീസിയൂസച്ചൻ നിർദ്ദേശിക്കുന്ന ഗുണം ഏത് ?

ഉ. **അധീനാധീശനിയമപാലനം.**



Scanned with CamScanner

480. ആശ്രമങ്ങളിലെ കാനോനികസന്ദർശനത്തെയും ദൈവ വരപ്രസാദത്തെയും ബന്ധിപ്പിച്ച് കനിസീയുസച്ചൻ പറ യുന്നത് എന്ത്?

**ഉ. ആശ്രമങ്ങളിൽ ദൈവവരപ്രസാദം ഒഴുകിവരുന്ന സന്ദർഭമാണ് കാനോനികസന്ദർശനം.**

481. സാക്ഷാത്കാരയിലെ 12 ക്വാർട്ടേഴ്സുകൾക്കും ദേവാല യത്തിനും തൂണുകൾക്കും ശില്പങ്ങൾക്കും കനീസിയൂ സച്ചൻ വ്യാഖ്യാനം നൽകിയത് എന്തിനെ അടിസ്ഥാന മാക്കിയാണ്?

**ഉ. വി. ഗ്രന്ഥത്തെ.**

482. ഒരു സന്യാസി ശൂന്യവൽക്കരിക്കപ്പെടുന്നതെപ്പോഴെ ന്നാണ് കനിസീയൂസച്ചൻ പഠിപ്പിക്കുന്നത് ?

**ഉ. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവ പ്രായോഗികമാക്കുമ്പോൾ.**

483. കനീസിയൂസച്ചന്റെ ഡോക്ടറേറ്റ് പ്രബന്ധത്തിന്റെ പേര് എന്ത്?

**ഉ. കർദ്ദിനാൾ സെരിപാൻഡോ : ആൻ എക്സജറ്റ് ആൻഡ് ബിബ്ലിക്കൽ തിയളോജിയൻ.**

484. കനീസിയൂസച്ചന്റെ ഡോകട്റേറ്റ് പ്രബന്ധം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചപ്പോൾ അതിനു നൽകിയ ശീർഷകം ?

**ഉ. ഇൻ ദി സർവ്വീസ് ഓഫ് ദ വേർഡ് ഓഫ് ഗോഡ്.**

485. പള്ളിയുടെ ഭൗതിക നടത്തിപ്പിനെ കുറിച്ച് കനീസിയൂസ ച്ചൻ പറയുന്നതെന്താണ് ?

**ഉ. പള്ളിയുടെ ഭൗതിക നടത്തിപ്പ് - കുറിനടത്തൽ, പള്ളി വലുതാക്കി പണിയൽ, പള്ളി പരിഷ്കരിക്കൽ തുടങ്ങിയ കാര്യങ്ങൾ-കഴിയുന്നതും അത്മായരെ ഏല്പിച്ചാൽ ആത്മാക്കളുടെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വൈദികർക്ക് സാധിക്കുന്നതാണ്.**



Scanned with CamScanner

486. ആത്മാർത്ഥതയെ കുറിച്ച് സി.എം.സി. പ്രൊവിൻഷ്യാളായിരുന്ന സിസ്റ്റർ ക്ലിയോപാട്രയ്ക്ക് കനീസിയുസച്ചൻ എഴുതിയത് എന്താണ്?

**ഉ. ദൈവം നമ്മുടെ ആത്മാർത്ഥതയെയാണ് വിലമതിക്കുന്നത്.**

487. സന്യാസികളുടെ ജൂബിലി, ബാഹ്യാഘോഷങ്ങളിൽ മുഴുകിപ്പോയാൽ, ഒരു ഭാവി വിപത്തിനെ കനീസിയൂസച്ചൻ ഭയപ്പെടുന്നു. എന്താണത്?

**ഉ. സന്യാസികളുടെ ജൂബിലി ആചരിക്കണമെന്നു തന്നെയാണ് എന്റെ ആശയം. പക്ഷേ അവയുടെ ബാഹ്യാഘോഷങ്ങൾ തികച്ചും ലളിതവും സമൂഹത്തിൽ ഒതുങ്ങി നിൽക്കുന്നതുമാവണം. മറിച്ചായാൽ അത് കാലാന്തരത്തിൽ സന്യാസകൂട്ടായ്മയെ ദൂഷ്യമായി ബാധിക്കും.**

488. കൃതഘ്നതയെ എങ്ങനെ സമീപിക്കാനാണ് കനീസിയൂസച്ചൻ പ്രൊവിൻഷ്യാളായിരുന്ന സി.ക്ലിയോപാട്രയെ ഉപദേശിച്ചത് ?

**ഉ. നമ്മൾ ചെയ്യുന്നവയെല്ലാം ഈശോയ്ക്ക് വേണ്ടിയാണ് എന്നതിന്റെ സത്യസന്ധത തെളിയിക്കുന്നവ മാത്രമാണ് കൃതഘ്നതകൾ.**

489. പാപം കുടുംബത്തെയും സമൂഹത്തെയും തിരുസഭയെയും എങ്ങനെ സ്വാധീനിക്കുന്നു എന്നാണ് കനീസിയൂസച്ചന്റെ അഭിപ്രായം?

**ഉ. കുടുംബത്തിൽ, സമൂഹത്തിൽ, ഒരാളുടെ പാപം മതി ആ കുടുംബത്തിന്റെ മുഴുവൻ ആഭിജാത്യവും നഷ്ടപ്പെടുത്തുവാൻ; അതുപോലെ തന്നെ മൗതിക ശരീരമായ തിരുസഭയെ മലിനമാക്കുവാനും.**



Scanned with CamScanner

490. നല്ല പ്രസംഗം നടത്താൻ എന്തു ചെയ്യണമെന്ന ചോദ്യത്തിന് കനീസിയൂസച്ചൻ നൽകിയ മറുപടി എന്ത്?

**ഉ. നല്ല പ്രസംഗം നടത്തണമെങ്കിൽ രണ്ട് കാര്യങ്ങളാണ് ചെയ്യേണ്ടത്. ഒന്ന്, നന്നായി ഒരുങ്ങി നല്ല നോട്ട് (കുറിപ്പ്) ഉണ്ടാക്കണം. രണ്ട്, ഒരു നല്ല കുമ്പസാരം കഴിക്കണം.**

491. സന്യാസികൾ യേശുവിന്റെ ഏങ്ങനെയുള്ള ജീവിതത്തിന് സാക്ഷ്യം വഹിക്കേണ്ടവരാണെന്നാണ് കനീസിയൂസച്ചൻ, ലാളിത്യത്തോട് ബന്ധപ്പെടുത്തി, പ്രിയോർ ജനറാളച്ചന് എഴുതിയത്?

**ഉ. നമ്മൾ, സന്യാസികൾ ക്രിസ്തുവിന്റെ ആത്മപരിത്യാഗപൂർണ്ണമായ സേവനത്തിന്റേയും ലാളിത്യത്തിന്റെയും നൈർമല്യത്തിന്റേതുമായ ജീവിതത്തിന് സാക്ഷ്യം വഹിക്കേണ്ടവരാണെന്ന് എനിക്കറിയാം.**

492. വിരമിക്കൽ (റിട്ടയർമെന്റ്) കനീസിയൂസച്ചന്റെ വീക്ഷണത്തിൽ എന്തിന്റെ സമാപനമാണ്?

**ഉ. വിരമിക്കൽ, നിങ്ങൾ ദൈവത്തിനു നൽകിയ സമ്മതത്തിലെ ഒരു അദ്ധ്യായത്തിന്റെ മഹത്തായ സമാപനം മാത്രമാണ്.**

493. വിവാഹം എന്തിന്റെ മകുടമാണെന്നാണ് കനീസിയൂസച്ചന്റെ അഭിപ്രായം?

**ഉ. ദൈവത്തിന് മനുഷ്യനോടുള്ള പിരിയാസ്നേഹത്തിന്റെ മകുടമാണ് വിവാഹം.**

494. സഹോദരനോട് രമ്യപ്പെടുക മനുഷ്യന് എളുപ്പമാകുമോ എന്ന് കനീസിയൂസച്ചൻ ആകുലപ്പെടുന്ന ലോകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

**ഉ. പകവീട്ടലും, കൊമ്പുകുത്തിക്കലും മറ്റും ധീരകൃത്യങ്ങളായി എണ്ണുകയും, ക്ഷമിക്കലും പൊറുക്കലും ബലഹീനതയുടെ ലക്ഷണങ്ങളായി പരിഗണിക്കുകയും ചെയ്യുന്ന ഒരു ലോകം.**



Scanned with CamScanner

495. കൃത്യനിർവ്വഹണത്തിൽ എന്ത് നിഷ്ഠ വേണം എന്നാണ് കനീസിയൂസച്ചൻ സാധാരണ പറയുക ?

**ഉ. എല്ലാ കാര്യങ്ങളും വീരോചിതമായ രീതിയിൽ ചെയ്യണമെന്ന നിഷ്ഠ.**

496. ഉപദ്രവിക്കുന്നവരെ എങ്ങനെയെല്ലാം സ്നേഹിക്കണമെന്നാണ് കനീസിയൂസച്ചന്റെ പക്ഷം ?

**ഉ. നമ്മെ ഉപദ്രവിക്കുന്നവരെയും, 'അഗാപ്പെ'യോടും 'ഫീലിയ' യോടും കൂടെ തന്നെ നാം സ്നേഹിക്കണം.**

497. സന്യാസികൾക്ക് ലഭിച്ചിട്ടുള്ള പ്രത്യേകമായ ആഹ്വാനം എന്താണെന്നാണ് കനീസിയൂസച്ചന്റെ അഭിപ്രായം?

**ഉ. ക്രിസ്തുവിനെ അനുകരിച്ച് സഭയ്ക്കുവേണ്ടി സ്വയം സമർപ്പിക്കുവാൻ.**

498. സന്യാസ സമൂഹത്തെ കുറിച്ച്, പിതാവിന്റെ ഇഷ്ടം, എന്ന ആശയവുമായി ബന്ധപ്പെടുത്തി കനീസിയൂസച്ചൻ പറയുന്നത് എന്താണ്?

**ഉ. പിതാവിന്റെ ഇഷ്ടം അസന്ദിഗ്ദമായി നമുക്ക് മനസ്സിലാക്കിത്തരുന്ന സംവിധാനമാണ് സ്നേഹസമൂഹം.**

499. നേരിട്ട് അനുഭവിക്കേണ്ടിവന്ന ഷോക്കുകളെ (നടുക്കങ്ങളെ) ക്കുറിച്ച് കനീസിയൂസച്ചൻ എഴുതിയിട്ടുള്ളത് എന്താണ്?

**ഉ. ഷോക്കു കഷായങ്ങൾ എനിക്കു കോരിത്തരുവാൻ കർത്താവ് മടിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം. എന്റെ ഷോക്ക് പോയിന്റ് തൊട്ടാവാടിയുടേതിനേക്കാൾ ഉയർന്നതായിരുന്നില്ലതാനും. പക്ഷേ, ദിവ്യനാഥന്റെ സാമീപ്യബോധവും എന്റെ സഹോദരങ്ങളുടെയും സഹപ്രവർത്തകരുടെയും സഹിഷ്ണുതയും അനുകമ്പയും ആത്മാർത്ഥമായ സഹായസഹകരണങ്ങളും, അവിടുന്ന് നീട്ടിത്തരുന്ന കാസ അക്ഷോഭ്യമായി പാനം ചെയ്യുവാൻ എനിക്കു ശക്തി നല്കി.**



Scanned with CamScanner

500. ഉറക്കമിളച്ചും പ്രാർത്ഥിക്കുക ശീലമാക്കുന്നവർക്ക് കനീസിയൂസച്ചൻ നല്കുന്ന മുന്നറിയിപ്പ് എന്ത്?

**ഉ. പ്രാർത്ഥനാജ്വരം മൂലം ആവശ്യത്തിന് ഉറങ്ങിയില്ലെങ്കിൽ, സ്വയം പരിപാലിക്കാൻ കടപ്പെട്ടിരിക്കുന്ന ശരാശരി ആരോഗ്യത്തെ അത് ബാധിക്കും.**

501. ചിത്രങ്ങളിലും ഫോട്ടോകളിലും മറ്റും ദൃശ്യമാകുന്ന വിശുദ്ധരുടെ മുഖം ജീവിതകാലത്തുണ്ടായിരുന്നതിൽ നിന്ന് പലപ്പോഴും വ്യത്യസ്തമാണ്. കനീസിയൂസച്ചൻ അതിനു നൽകുന്ന വിശദീകരണം എന്താണ്?

**ഉ. പടങ്ങളിലും മറ്റും കാണുന്ന വിശുദ്ധരുടെ മുഖം, സ്വർഗ്ഗത്തിൽ അവരുടെ മുഖം എങ്ങനെ ആയിരിക്കുമെന്ന പ്രതീക്ഷയുടെ പ്രതിച്ഛായ മാത്രമാണ്.**



Scanned with CamScanner

# അനുബന്ധം

## സീറോ-മലബാർ സഭയിലെ വിശുദ്ധ വ്യക്തിത്വങ്ങൾ

### *വിശുദ്ധർ*



വി. തോമ്മാ ശ്ലീഹ
(മരണം: എ.ഡി. 72)



വി.അൽഫോൻസ മുട്ടത്തുപാടത്ത്
(1910 - 1946)



വി.കുര്യാക്കോസ് ഏലിയാസ് ചാവറ
(1805 - 1871)



വി.എവുപ്രാസ്യ എലുവത്തിങ്കൽ
(1877 - 1952)



Scanned with CamScanner

## വാഴ്ത്തപ്പെട്ടവർ



വാ. മറിയം ത്രേസ്യ ചിറമ്മൽ
(1876 - 1926)



വാ. അഗസ്റ്റിൻ തേവർപറമ്പിൽ കുഞ്ഞച്ചൻ
(1891 - 1973 )

## ധന്യർ



ധ. തോമസ് കുര്യാളശ്ശേരി
(1873 - 1925)



ധ. മാത്യു കദളിക്കാട്ടിൽ
(1872 - 1935)

## ദൈവദാസർ



ദൈ. ദാ. മാത്യു മാക്കിൽ
(1851 - 1914)



Scanned with CamScanner



ദൈ. ദാ. ജോസഫ് വിതയത്തിൽ
(1865 - 1964)



ദൈ. ദാ. തൊമ്മിയച്ചൻ പൂതത്തിൽ
(1871 - 1943)



ദൈ. ദാ. വർഗ്ഗീസ് പയ്യപ്പിള്ളി
(1876 - 1929)



ദൈ. ദാ. അഗസ്റ്റിൻ ജോൺ ഊക്കൻ
(1880 - 1956)



ദൈ. ദാ. ജോസഫ് സി. പഞ്ഞിക്കാരൻ
(1888 - 1949)



ദൈ. ദാ. ആന്റണി തച്ചുപറമ്പിൽ
(1894 - 1963)



Scanned with CamScanner



ദൈ. ദാ. മാത്യു കാവുക്കാട്ട്
(1904 - 1969)




ദൈ. ദാ. മരിയ സെലിൻ കണ്ണനായ്ക്കൽ
(1931 - 1957)



ദൈ. ദാ. റാണി മരിയ
(1954 - 1995)



ദൈ. ദാ. തൊമ്മച്ചൻ പുത്തൻപറമ്പിൽ
(1836 - 1968)



ദൈ. ദാ. കനീസിയൂസ് തെക്കേക്കര
(1914 - 1998)



ദൈ. ദാ. ഫോർത്തുനാത്തൂസ്
(1918 - 2005)



Scanned with CamScanner



ദൈവദാസ പദവി പ്രഖ്യാപനം
(അമ്പഴക്കാട്, കോട്ടയ്ക്കൽ)

# കനീസിയൻ ക്വിസ് പഠന സഹായി

(സീരീസ് -1)

**ഫാ. ജോസ് ചുങ്കൻ സി. എം. ഐ.**

- കനീസിയൻ സംസ്കൃതിയേയും അനുബന്ധ ചരിത്രസംഭവങ്ങളെയും ആധാരമാക്കിയുള്ള ചോദ്യോത്തരങ്ങൾ...
- ദൈവദാസൻ കനീസിയൂസച്ചന്റെ ജീവിത സാഹചര്യങ്ങളിലേയ്ക്കും ദിവ്യമായ വ്യക്തിത്വത്തിലേയ്ക്കും തിരുവചനാധിഷ്ഠിത ദർശനങ്ങളിലേയ്ക്കും ലാളിത്യമാർന്ന സേവന ശുശ്രൂഷകളിലേയ്ക്കും സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യത്തിലേയ്ക്കും സൂചനകൾ നൽകുന്ന നിലാവിന്റെ നുറുങ്ങുകൾ...
- ദൈവദാസനിലെ വ്യക്തിയെയും വ്യക്തിത്വപ്രകാശമാനങ്ങളെയും ഗൗരവബുദ്ധ്യാ പഠിക്കുന്ന ജിജ്ഞാസുക്കൾ കണ്ടെത്തുന്ന മധുകണങ്ങൾ...

**കനീസിയൻ ക്വിസ് പഠന സഹായി !!**

**ഫാക്സ്**

പാസ്റ്ററൽ & മിഷൻ ഡിപ്പാർട്ട്മെന്റ്
ദേവമാത പ്രോവിൻസ്, തൃശൂർ

Scanned with CamScanner